9.57
32K11

MUL

# മുഖപ്രായകം

# MUKHACHAYAKAI

[Essays]

By

M. R. B.

Publishers:
The Mangalodayam (Private) Ltd.,
Trichur—1

Second Impression—April 1961
One Thousand. Copies

Price: 1—50

Printed at THE MANGALODAYAM PRESS, TRICHUR

# മുഖച്ഛായകൾ

ഗ്രന്ഥകർത്താ:

എം. ആർ. ബി.

UNIVERSITY LIBRARY
29 OCT 1974
MADRAS

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

1961/1136

University Grants Commission

ഒന്നാംപതിപ്പ്: 1954 നവമ്പർ, കോപ്പി 1000
രണ്ടാംപതിപ്പ്: 1961 ഏപ്രിൽ, കോപ്പി 1000

288018
937
32K11

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

വില: 1—50

# ഉള്ളടക്കം


1. ഗ്രാമങ്ങളും കവികളും 1

2. തൂലികയും തൂമ്പയും 19

3. ചക്രവാളത്തിലേയ്ക്കു് 39

4. മുഖച്ഛായകൾ 54

5. ചീന്തിപ്പോയ ഒരേടു് 81

6. തിളങ്ങുന്ന ഒരാത്മാവു് 96

UNIVERSITY LIBRARY
29 OCT 1974
MADRAS

# മുഖച്ഛായകൾ

## ഗ്രാമങ്ങളും കവികളും

കഴിഞ്ഞ ഒരു നിശാഗമത്തിൽ, 'മുല്ലപ്പൂമണം വേണോ?' എന്നു ചോദിച്ചുകൊണ്ടു കുളിർമാരുതൻ മണ്ടിനടക്കാൻ തുടങ്ങിയ ഒരു നിശാഗമത്തിൽ, മഹാകവി ജി. വന്നു് എന്നോടു പറഞ്ഞു: "നാളെയാണു് നായത്തോട്ടിലെ മീററിങ്ങ്. വരാതിരിക്കരുതു്. പതിനൊന്നര മണിക്കു പോകത്തക്കവണ്ണം വീട്ടിലേക്കു വരൂ."

അദ്ദേഹം അപ്പോൾത്തന്നെ മടങ്ങിപ്പോയി. ഇത്ര വേണ്ടിയിരുന്നില്ലെന്നു തോന്നി. എനിക്കു ക്ഷണക്കത്തു കിട്ടിയിരുന്നു; ജി.യുടെ നാട്ടിൽ—ആ ചെങ്കതിരിന്റെ വിളഭൂമിയിൽ—പോകാൻ മനസ്സു കുതികൊള്ളുകയുമായിരുന്നു. ഒന്നോർപ്പിക്കാനാണെങ്കിൽ ആരുടെ കയ്യിലെങ്കിലും ഒരു കുറിപ്പു് അയച്ചാൽ പോരേ? അദ്ദേഹം താൻത-

ന്നെ വന്നു് ഇതു ചെയ്യേണ്ടിയിരുന്നില്ലെന്നു തോന്നി. എന്നാൽ ഞാനിതൊന്നും പറഞ്ഞില്ല. അദ്ദേഹത്തിന്നു രസക്ഷയം വന്നാലോ?

ഞാൻ പതിനൊന്നു മണിക്കുതന്നെ ജി.യുടെ വീട്ടിൽ എത്തി. അദ്ദേഹം യാത്ര പുറപ്പെടാനുള്ള തിരക്കിലാണു്.

“ശ്രീധരമേനോൻ വന്നാൽ നമുക്കു പുറപ്പെടാം.” ജി. പറഞ്ഞു.

അതിനുമുമ്പു മററൊരാൾ അവിടെ വന്നുചേന്നു— സി. ഐ. ഗോപാലപ്പിള്ള. അദ്ദേഹം ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ ഒരു മതപ്രസംഗത്തിന്നു പോകുന്ന പോക്കാണു്. തലയിൽ പഴമയുടെ ഒരു റിസർവ്വഫോറസ്ററു മായി നടക്കുന്ന അദ്ദേഹം 1953_ൽ ഒരത്ഭുതക്കാഴ്ചതന്നെ യായിരുന്നു. അദ്ദേഹവുമായി ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കവേ വൈലോപ്പിള്ളി ശ്രീധരമേനോൻ വന്നു. ജി. വൈലോപ്പിള്ളിയെ ഗോപാലപ്പിള്ളയ്ക്കു പരിചയപ്പെടുത്തി.

“അല്ലാ, ഇത്ര ചെറുപ്പമാണോ?”—(ഈ വാക്കു കേട്ടപ്പോൾ, ആ നാല്പതുകാരനായ അവിവാഹിതൻെറ മുഖത്തു ചെവി എച്ചിലാകുമാറു് ഒരു പുഞ്ചിരി പരന്നുകാണായി.) വൈലോപ്പിള്ളിയുടെ പ്രായംചെന്ന, ഇരുത്തം വന്ന, കവിത വായിച്ചപോന്ന അദ്ദേഹം അത്ഭുതപ്പെട്ടു.

ഗോപാലപ്പിള്ള യാത്രപറഞ്ഞു പോയി.

ജി. ധൃതിപിടിച്ചു. "നമുക്കു സ്റ്റേഷനിലേയ്ക്കു പതുക്കെ പുറപ്പെടുകയല്ലേ, ശ്രീധരമേനോൻ?" ക്ലിപ്പു കേട്ട വന്നു്, അകത്തുള്ളതെല്ലാം ഒരു ശുദ്ധാത്മാവിനെപ്പോലെ പുറത്തേയ്ക്കിടാൻ വെമ്പുന്ന തൻെറ ബാഗ്ഗ് ശരിപ്പെടുത്തുന്നതിനിടയിൽ ജി. ചോദിച്ചു. ബാഗ്ഗ് മേശപ്പുറത്തുവെച്ചു് അദ്ദേഹം ഒന്നുരണ്ടു പ്രാവശ്യം അകത്തു പോയി വന്നു.

"നേരം പതിനൊന്നാകുന്നേയുള്ളൂ." വൈലോപ്പിള്ളി ഉദാസീനമട്ടിൽ പറഞ്ഞു. ജി. ഇതു കേട്ടിട്ടില്ലെന്ന മട്ടിൽ പുറപ്പാടുകൂട്ടുകതന്നെയാണു്.

"എന്താ, ശ്രീധരമേനോൻ എഴുന്നേല്ക്കാത്തു്?" ജി. പുതിയ ഉടുപ്പിൽ പുറത്തേയ്ക്കു വന്നു.

"സുഭദ്രേ!" ജി. തൻെറ തേർതെളിക്കാരിയെ വിളിച്ചു: "ഞാൻ പേഴ്സെടുക്കാൻ മറന്നു. പേഴ്സിൽ ചില്ലറ ഉണ്ടാവണം, അല്ലെങ്കിൽ രക്ഷക്കൂലി കൊടുക്കാൻ വിഷമാ."

നിശ്ശബ്ദയും പാത തെററാതെയുള്ള തേർതെളിയിൽ നിപുണയുമായ 'സുഭദ്ര'—സുഭദ്രാമ്മ—പേഴ്സുമായി ഉമ്മറത്തു വന്നു.

ജി. പേഴ്സു വാങ്ങി പോക്കററിലിട്ടു. പഴയ മട്ടിൽ തുന്നിയ കുപ്പായത്തിലെ പോക്കററിൽ പുതിയ പേഴ്സിനു കിടക്കപ്പൊറുതിയില്ലായിരുന്നു.

ഞങ്ങൾ സ്റ്റേഷനിലെത്തി. കെ. ദാമോദരനെക്കൂടി കിട്ടേണ്ടതുണ്ടു് മീററിങ്ങിന്നു്. അദ്ദേഹത്തെ പ്രസംഗ

ത്തിന്നു ക്ഷണിച്ചിരുന്നു. വരാമെന്നു് ഏല്ക്കുകയും ചെയ്തി രുന്നു. പക്ഷേ, സ്റ്റേഷനിൽ അദ്ദേഹത്തെ കണ്ടില്ല. ജി. ക്കു പരിഭ്രമമായി: "അദ്ദേഹം വരാതിരിക്കുമോ?"

കാററിനെപ്പോലെ സദാഗതിയായ ദാമോദരനെ പിടികിട്ടിയാലേ പിടികിട്ടി എന്നു് ഉറപ്പിക്കാൻ പററൂ. ഞങ്ങൾ സ്റ്റേഷനിൽ അദ്ദേഹത്തെ തിരയുകയാണു്. അ പ്പോൾ, തൻെറ മേൽച്ചുണ്ടിൽനിന്നു കീഴ്ച്ചുണ്ടിലേയ്ക്കിറ ങ്ങിക്കൂടാൻ തുടങ്ങിയ 'ചായ്ച്ചെടി'മീശ തടവിക്കൊണ്ടു നമ്മുടെ ഫലിതസമ്രാട്ടായ മീശാൻ ജി.യെ സമാധാനി പ്പിച്ചു: "ഇതാ ദാമോദരനെ ഇപ്പോ ഇവിടെ കണ്ടു."

ഞങ്ങൾ കണ്ടില്ല. ജി.യ്ക്കു പരിഭ്രമം കൂടുതലായി.,

വണ്ടി സൌത്ത്സ്റ്റേഷനിൽ വന്നതിൻെറ കൂവൽ കേട്ടു.

അപ്പോഴുണ്ടു് ദാമോദരൻ വരുന്നു! ഒരു പരന്ന ചി രി ചുണ്ടിൽ; 'ഇപ്പൊ പൊട്ടിപ്പൊളിയും എൻെറ വയർ' എന്നു വിലപിക്കുന്ന ഒരു ബാഗ് കയ്യിൽ; ഒന്നുരണ്ടു പ്ര സംഗം കഴിഞ്ഞു വരികയാണെന്നു തോന്നുന്ന ഒരു തളർച്ച മുഖത്തു്; കുടക്കിടാത്തതും വിയർപ്പിൽ മുങ്ങിയതുമായ കു പ്പായം—ഇങ്ങിനെയായിരുന്നു അപ്പോഴത്തെ ദാമോദരൻ.

മീററിങ്ങിന്നു വേണ്ടവരെല്ലാമായി എന്നു ജി. സംതൃ പ്തികൊണ്ടു. അദ്ദേഹം കിതച്ചുവരുന്ന വണ്ടിയെ നോക്കി ഇങ്ങിനെ മൂളി: "വണ്ടി വരുന്നിതാ, വണ്ടി വരുന്നിതാ." ഇതു മുഴമിക്കുന്നതിന്നുമുമ്പായി ഞങ്ങൾ വണ്ടിയിൽ ക യറി. അതോടുകൂടി ഞങ്ങൾ തോന്നിയതു പറയലിൽനി ന്നുവിരമിച്ചു തൻേറടമുള്ളവരെപ്പോലെ ഗൌരവത്തിൽ

ങ്ങരിപ്പായി. ഇരതേടാൻ പുറത്തേയ്ക്കു പോകണമെന്നു ണ്ടായിരുന്നു എൻെറ കണ്ണുകറംക്ക്. പക്ഷേ, കാക്കക്കൂടി പറക്കാത്ത എന്തൊരു കട്ടംചൂട്!

എന്തിന്നു പുറത്തേയ്ക്കു പോകണം? വണ്ടിയിലെ കമ്പാർട്ടുമെൻറിൽത്തന്നെ കണ്ണിന്നു വാരിത്തിന്നാൻ ഒരു കാഴ്ചയുണ്ടായിരുന്നു: ജി.യുടെ സിഗരററുവലി. അരമണിക്കൂറിന്നുള്ളിൽ അനവധി സിഗരററുകറം അദ്ദേഹം വലിച്ചുതീർത്തു. നോക്കു, ആ തീപ്പെട്ടിക്കോലിൻെറ അററത്ത് ഒരു മുക്കററിപ്പൂ വിരിയുന്നു; അത് ആ സിഗരററിൻെറ വെണ്മയോലുന്ന മുഖത്തെ കടന്നു ചുംബിച്ചു തുടപ്പിക്കുന്നു; ആ കൊച്ചു പൂവു നിർവ്വതിയോടെ കൊഴിഞ്ഞു വീഴുന്നു; തനിക്കു ജീവിതം തന്ന ആ കൊച്ചുജീവിയുടെ കൊഴിഞ്ഞുവീഴൽ കണ്ടു സിഗരററ് എരിഞ്ഞെരിഞ്ഞില്ലാതാവുന്നു!

ആ 'നിമിഷ'നിർമ്മാതാവിൻെറ കൈക്കുടന്നയ്ക്കുള്ളിലാവുമ്പോറം ഇതൊരു മനോഹരക്കാഴ്ചതന്നെ.

ഞങ്ങറം കാലടിസ്റ്റേഷനിൽ വണ്ടിയിറങ്ങി. രണ്ടു നാഴിക കിഴക്കോട്ടു ചെന്നു, വിശാലമായ ഒരു പാടത്തിൻെറ അററത്തായി കാറിൽനിന്നിറങ്ങി.

"ഇവിടെ ഒരു വീട്ടിൽ ഒന്നു കയറി, മീററിങ്ങിന്നു നമുക്കു പോകാം." ഇതു പറഞ്ഞു ജി. മുന്നിൽ നടന്നു; ഞങ്ങറം പിന്നാലെയും.

നായത്തോട്ടമ്പലത്തിൻെറ ആനവയറൻമതിലിനോടുരുമ്മിനില്ക്കുന്ന ഒരു കൊച്ചുവീടിൻെറ പൂമുഖത്തേയ്ക്കാണ് ഞങ്ങറം കയറിച്ചെന്നത്.

മുററത്തു നിന്നു വൈക്കോൽ തല്ലിയിരുന്ന കൃഷക മാതാവിൻെറ കരുവാളിച്ച മുഖം, ജി.യെ കണ്ടതുകൊണ്ടാവാം, വാത്സല്യം പൊഴിച്ചു.

ആ വൃദ്ധമുഖത്തു കയറിയപ്പോഴെയ്ക്കും ജി. ആളു മാറി. അദ്ദേഹം ആതിഥേയനും ഞങ്ങൾ അതിഥികളും! ഞങ്ങൾ അവിടെ പിടിച്ചിരുത്തപ്പെട്ടു.

അകത്തുനിന്നൊരു പ്രായംചെന്ന അമ്മ പുറത്തേയ്ക്കു വന്നു. "എന്തേ, ത്ര താമസിച്ചതു്? എല്ലാവക്കും ഊണുകഴിക്കാം." ആ മാതൃവാത്സല്യം ഞങ്ങളുടെ മുമ്പിൽ കുറന്തൂനാക്കിലകൾ വെച്ചു.

"വണ്ടി കുറച്ചു വൈകി. ഞങ്ങളുടെ ഊണു കഴിഞ്ഞിരിക്കുന്നു. ഇവക്കു കാപ്പിയും പലഹാരവും കൊടുക്കൂ, അമ്മേ!"—ജി. പറഞ്ഞു.

കാപ്പിയും പലഹാരവും വന്നെത്തി.

ഇത്ര വേഗമോ? പറയുന്നതിന്നുമുമ്പു കാപ്പിയും പലഹാരവും! ഞാനത്ഭുതപ്പെട്ടു. ഈ 'ദ്രുതകവിതാ'പരിചയം ആ അടുക്കള എവിടെനിന്നു സമ്പാദിച്ചു? പണ്ടു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ അവിടെ വന്നു താമസിക്കാറുള്ളപ്പോൾ അദ്ദേഹത്തിൽനിന്നായിരിക്കാം.

പലഹാരങ്ങളുടെ കൂട്ടത്തിൽ പായസവും മാമ്പഴവുമുണ്ടായിരുന്നു. 'മാമ്പഴ'ക്കാരനെന്നു പ്രസിദ്ധനായ വൈലോപ്പിള്ളി അതു തിന്നുന്ന കാര്യത്തിൽ അത്ര പ്രശസ്തി കാണിച്ചില്ല. അല്ലെങ്കിൽ മാവു മാമ്പഴം തിന്നാറില്ലല്ലോ!

"അമ്മ ഇവരെ അറിയോ?"

"ഇല്ല."

ജി. ഞങ്ങളെ പരിചയപ്പെടുത്തി. വൈലോപ്പിള്ളിയെ അവക്കു കൂടുതൽ പരിചയമുള്ളതുപോലെ തോന്നി. ഞങ്ങളോ പട്ടണത്തിൽനിന്നു കുപ്പായമിട്ടു വരുന്ന ചില ദിവ്യന്മാർ മാത്രം.

"ശങ്കരാ, ഊണു കഴിച്ചു പോയാ മതി."

വാത്സല്യത്തിൽ കുളിച്ചുനില്ക്കുന്ന ഈ വിളിക്കു മുമ്പിൽ ആ പിതാവും ഒരു കുട്ടിയായി. നമ്മുടെ മഹാകവി ഒരു കുട്ടിയായി നില്ക്കുന്ന കാഴ്ച ഒരു കാവ്യമായിരുന്നു. അദ്ദേഹത്തിൻെറ ചുണ്ടത്തും ഒരു കൌമാരപ്പുഞ്ചിരി പറന്നു വന്നിരിക്കുന്നതു കാണായി.

"ഇപ്പോ ഊണു കഴിക്കണ്ട; മീററിങ്ങു കഴിഞ്ഞു വരട്ടെ."

"കുളിച്ചു തൊഴാതെ പോവരുതേ!"

നെയ്യിൽ നനച്ച ഒരു തിരിമാത്രം മങ്ങിക്കത്തുന്ന ആ ഇരുട്ടാണ്ട മച്ചു തുറക്കപ്പെട്ടു.

മീററിങ്ങു കഴിഞ്ഞു. ആളുകൾക്കാഹ്ലാദമായി—ഒരു തായമ്പക കേട്ടാലത്തെപ്പോലെയോ അതു കഴിഞ്ഞാലത്തെപ്പോലെയോ!

അവിടത്തെ കൃഷിക്കാരുടെ സാംസ്കാരികനിലവാരം ഉയൎന്നുവരികയാണത്രേ. അവിടത്തുകാരായ പല കൃഷിക്കാരും കൃഷിപ്പണി കഴിഞ്ഞു വീട്ടിലേയ്ക്കു മടങ്ങുന്നതു് ഒരു

കയ്യിൽ 'കരി'യും മറേറക്കയ്യിൽ കവിതാപുസ്തകങ്ങളുമായിട്ടാണ്. ആഹ്ലാദവും ആവേശവും തരുന്ന കാഴ്ച!

എന്നിട്ടും ഋദ്ധിമത്തായ ആ വയലിൻെറ നടുക്കുള്ള 'തുരുത്തി'ലെ ജീവിതം ഇരുണ്ടതും വരണ്ടതുംതന്നെ. വെളിച്ചവും അനക്കവുമില്ലാത്ത വീടുകളാണ് അവിടെ കാണപ്പെട്ടതു്.

ഞങ്ങൾ മീററിങ്ങു കഴിഞ്ഞു ജി.യുടെ വീട്ടിലേയ്ക്കു തിരിച്ചുചെന്നു ജി.യുടെ ജ്യേഷ്ഠസ്യനായ അമ്മാമനുമായി പരിചയപ്പെട്ടു.

"നമുക്ക വേണമെങ്കിൽ അമ്പലത്തിലൊന്നു പോവാം"—ജി. അഭിപ്രായപ്പെട്ടു. ഞങ്ങൾ അമ്പലം കാണാൻ പുറപ്പെട്ടു. അപ്പോൾ ഒരാൾ ഓടിവന്നു ജി.യുടെ ചെവിയിൽ മന്ത്രിക്കുന്നതു കേട്ടു: "ഇതിൽ അയിത്തക്കാരൊന്നുല്യല്ലോ?"

ജി. അസുഖഭാവത്തിൽ മുഖം തിരിച്ചു.

വൈലോപ്പിള്ളി അപ്പോഴും ജി.യുടെ അമ്മാമനുമായി സംസാരിക്കുകയാണ്—ആ പഴയ മണ്ണിൽ എന്തോ കിളച്ചുനോക്കുകയാണ്. വല്ല 'നിധി'യും കിട്ടിയാലോ!

വെളിച്ചത്തെക്കാളേറെ ഇരുട്ടും ശാന്തതയെക്കാളേറെ ഭയവും ചുററുപാടിനു 'പ്രസാദം' കൊടുത്തുനില്ക്കുന്ന, ഒരു പുൽക്കൊടിപോലുമില്ലാത്ത, ആ വിശാലമായ അമ്പലത്തിൻെറ മുററത്തു ഞങ്ങൾ നടന്നു. ജി. കുട്ടിക്കാലത്തു് ഇരുന്നു പഠിച്ചിരുന്ന ആ ഗോപുരമാളികയുടെ നേക്ക ഞങ്ങൾ നോക്കി.

നായത്തോട്ടമ്പലത്തിലെ ഒരേ പീഠത്തിൽ ഭിന്നാദർശങ്ങളോടുകൂടിയ രണ്ടു ദേവന്മാർ—സാക്ഷാൽ ശിവനും വിഷ്ണുവും—ഇരുന്നരുളുന്നു. ശരിക്കു് ഒരു ഐ. മു. പ്രതിഷ്ഠ!

ഒരിലയിൽ രണ്ടു കൂവളത്തില, തുളസിപ്പൂവു്, ഒരു ചന്ദനഉരുള ഇതെല്ലാം ഞങ്ങളുടെ മുമ്പിൽ ഒരാൾ കൊണ്ടുവന്നു വെച്ചു: "അമ്പലത്തിലെ പ്രസാദം."

ദാമോദരൻമാത്രം അതിൽനിന്നൊന്നും എടുത്തില്ല.

"അന്ധവിശ്വാസത്തിൻെറ ചവിട്ടേററുകൊണ്ടെത്ര കാലം ഇനിയും കിടക്കണം?"

"എന്നാണു് ഒരു വായനശാലയേയോ മറെറന്തെങ്കിലും സംസ്കാരകേന്ദ്രങ്ങളേയോ മാറത്തേററി ഓമനിക്കാൻ കഴിയുക?"

ആ വരണ്ട അമ്പലമുററത്തിൽനിന്നു് ഒരു ചുടുനിശ്വാസം പുറപ്പെട്ടിരുന്നു.

ഞങ്ങൾ പത്തുമണിയോടുകൂടി ആ ഗ്രാമം കൈവിട്ടുപോന്നു. അപ്പോഴും ഹൃദയം ഈ വരികൾ മൂളുകയാണു്:

"കരുതാം പക്ഷേ നിങ്ങൾ,
 സൌമ്യമാം സൌന്ദര്യത്തിൻ
കളിവീടാണിക്കൊച്ചു-
 കവി മേവീടും ഗ്രാമം!
ശരിയാ,ണിവിടത്തിൽ
 തെങ്ങു, നെല്ലുകൾ, കൂട്ടു-
പിരിയാതൈശ്വര്യത്തിൽ
 മത്സരിക്കുന്നുണ്ടിന്നും.

കുറച്ചു വെൺമാടത്തിൽ
വിരിവു സൌഭാഗ്യങ്ങൾ;
കുളത്തിൽച്ചെന്താമര,
കളത്തിൽ മാടപ്രാവും.”

## II

വേണ്ടത്ര കൂലിയും ഭക്ഷണവും കിട്ടാത്ത ഒരു പ്രായം ചെന്ന കുറുള്ള കൂലിവേലക്കാരനെപ്പോലെ, ആ എഞ്ചിൻ കിതച്ചും ക്ഷീണിച്ചും ഇടയ്ക്കിടെ നിന്നും വ്യസനകരങ്ങളായ ശബ്ദങ്ങൾ പുറപ്പെടുവിച്ചും വണ്ടിയെ വലിച്ചുകൊണ്ടിരുന്നു— തനിക്കാകാവുന്നിടത്തോളം ശക്തിയിലും വേഗത്തിലും!

മൂന്നുമണിക്കുമുമ്പായി ഞങ്ങൾക്കു കുററിപ്പുറത്തെത്തണം. മൂന്നുമണിക്കാണു് മീററിങ്ങു്. ഞങ്ങൾ— ജി, വൈലോപ്പിള്ളി, ഇതെഴുതുന്നാൾ—കാലത്തെ വണ്ടിക്കു പുറപ്പെട്ടതാണു്. തൃശ്ശിവപേരൂരിൽ എത്തിയപ്പോഴയ്ക്കും ചൂടു കൂടിക്കൂടിവരികയാണു്. വളരെ കുറച്ചുപേർ മാത്രം ഇറങ്ങുകയും കയറുകയും ചെയ്യാറുള്ള മുളകുന്നത്തുകാവു സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ ഒരു ചെറിയ കാഴ്ച!

ഉണങ്ങിയ പൂച്ചെടിക്കൊമ്പിൻെറ അററത്തു ചോപ്പൻകടലാസ്സുകൊണ്ടുണ്ടാക്കിപ്പാറിച്ച കൊടികളുമായി എട്ടുപത്താളുകൾ അവിടെ നില്ക്കുന്നു. “മന്മഥൻ സിന്ദാബാദ്”, “ഭൂദാനയജ്ഞം സിന്ദാബാദ്” എന്നീ ശബ്ദങ്ങൾ ആ വായകളിൽനിന്നു് ഉതിൎന്നുവീണിരുന്നു.

ഷൊറണ്ണൂരിൽ വണ്ടിയിറങ്ങി. അവിടെ കുറച്ചാളുകൾ വട്ടമിട്ടു നില്ക്കുന്നതിന്റെ നടുവിൽ എം. പി. മന്മഥൻ നില്ക്കുന്നു. അദ്ദേഹം ചുവപ്പുവണ്ണത്തിലുള്ള ഖദറുടുപ്പിലാണു്. അദ്ദേഹവുമായി പരിചയപ്പെട്ടു. ഒരു നല്ല കഥാപ്രാസംഗികനും നായർസർവ്വീസ് സൊസൈററിയിലെ പ്രാപ്തനായ പ്രവൎത്തകനുമായിരുന്നു അദ്ദേഹം. ഇപ്പോൾ ഭൂദാനപ്രസ്ഥാനത്തിന്റെ പ്രവൎത്തകരിൽ ഒരാളാണു്. മന്മഥൻ പ്ലാററുഫോമിന്റെ പുറത്തേയ്ക്കും ഞങ്ങൾ വണ്ടിയുടെ ഉള്ളിലേയ്ക്കും കടന്നു.

ഭാരതപ്പുഴയുടെ വററിവരണ്ട തീരത്തിലൂടെ വണ്ടി ഇഴഞ്ഞുകൊണ്ടു നീങ്ങുകയാണു്. വൎഷകാലത്തു് ആരെയും കൂസാതെ കുതികൊണ്ടിരുന്ന, മദംകൊണ്ടു് അഹങ്കരിച്ചിരുന്ന, പുഴയുടെ അപ്പോഴത്തെ നില തുലോം ദയനീയമായിരുന്നു—ഒരു പെൻഷൻ പററിയ പൊല്ലീസ്സുദ്യോഗസ്ഥന്റേതുപോലെ.

ഞങ്ങൾ കുററിപ്പുറം സ്റ്റേഷനിൽ എത്തിയപ്പോൾ സുഹൃത്തും 'കൂട്ടകൃഷി'യുടെ പിതാവുമായ ഇടശ്ശേരിയവിടെ നില്പുണ്ടു്—ജീവിതായാസങ്ങൾ എത്രതന്നെ ഭീഷണിപ്പെടുത്തിയാലും കുടിയിറങ്ങാൻ കൂട്ടാക്കാതെ പൊരുതി നില്ക്കുന്ന ശാന്തമധുരമായ പുഞ്ചിരിയുമായി! ഞങ്ങൾ അദ്ദേഹമൊരുമിച്ചു് അങ്ങാടിയിലുള്ള ഒരു മാളികമുകളിലേയ്ക്കു യാത്രയായി.

ഇടശ്ശേരിയുടെ പേന ആ ഖദറുകുപ്പായത്തിന്റെ പോക്കററിൽക്കിടന്നു ഹൃദയത്തിന്റെ ചൂടേല്ക്കുകയാണു്. 'അന്യായ'പ്പകപ്പെഴുതുന്നതും അന്യായത്തിന്നെതിരായി

കവിതകളെഴുതുന്നതുമായ ആ പേനയെ ഞാൻ ഒന്നുകൂടി നോക്കി. മനുഷ്യനുമായി രക്തബന്ധമുള്ള ആ പേന തുടുത്തുമിന്നുന്നതായി തോന്നി.

ഞങ്ങൾ മാളികമുകളിലേയ്ക്കു കയറി. അപ്പോഴുണ്ടു് മാസ്കുംകൂടിയ പി. സി—ഉറൂബ്—ഒരു തമ്പുരാനെപ്പോലെ വയറും തുളുമ്പിച്ചുകൊണ്ടു നില്ക്കുന്നു! ചിത്രകാരനായ ദേവൻ, കൂട്ടിയിട്ട രണ്ടു ബെഞ്ചുകളിൽ കിടക്കുകയാണു്, പുറത്തേയ്ക്കു നോക്കിക്കൊണ്ടു്. ജി.യുടേയും വൈലോപ്പിള്ളിയുടേയും സാന്നിദ്ധ്യം അന്തരീക്ഷത്തെ കൂടുതൽ ആഹ്ലാദമയമാക്കി.

സമയം പോയി, മീററിങ്ങ് തുടങ്ങാനായി എല്ലാവരേയും പ്ലാററുഫോറത്തിലേയ്ക്കു് എഴുന്നള്ളിക്കുകയായി. ഒരു രസം: വൈലോപ്പിള്ളിയെ സദസ്യർക്കു് ഒന്നു കണ്ടു പരിചയപ്പെടണം. നാട്ടുകാരുടെ ഹൃദയം കവിയെ കാണാൻ കൊതികൊള്ളുകയോ?

പി. സി. ആ നാണമാണ്ട നാല്പതുകാരനെ, വിവാഹവേദിയിലേയ്ക്കെന്നപോലെ, മൈക്കിന്റെ മുമ്പിലേയ്ക്കു് ആനയിച്ചു. വൈലോപ്പിള്ളിയും കുറച്ചുനേരം സംസാരിച്ചു.

പ്രസംഗം ഒരു കലയാണെന്നുള്ളതു ജി.യുടെ പ്രസംഗം കേൾക്കുമ്പോഴാണു് നമുക്കു ബോധപ്പെടുക. തിരിമുറിയാതെയുള്ള ഒരു തേന്മഴ പെയ്യലാണതു്. ജലദോഷത്തെ ഭയപ്പെടാതെ നമുക്കതു നിന്നു കൊള്ളാം.

അദ്ദേഹം സ്നേഹഗായകനാണു്. രക്തച്ചൊരിച്ചിലിനെ അദ്ദേഹം വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്നു.

എന്നാൽ, തക്ലിയുടെ തട്ടകത്തു നില്ക്കുന്ന അദ്ദേഹത്തിൻെറ ഭാവന പലപ്പോഴും ആ കൂരിരുട്ടാന്ന കുടിൽവ്യവസായത്തിൻെറ ചുററുപാടിൽനിന്നു വ്യാവസായികലോകത്തിൻെറ വിശാലാന്തരിക്ഷത്തിൽ പാറിപ്പറക്കുന്നതു കാണാം, ഒരു കൃഷ്ണപ്പരുന്തിനെപ്പോലെ ശാന്തത പാലിച്ചുകൊണ്ടു്. പ്രസംഗങ്ങളിലെല്ലാം ഇതിൻെറ അലയടി കേഠക്കാം.

കുററിപ്പുറം മീററിങ്ങിന്നു നാനൂറിലധികം ആളുകളുണ്ടായിരുന്നില്ല. അതു കഴിഞ്ഞു് ഇടശ്ശേരിയുടെ നാടകം തുടങ്ങിയപ്പോഴെയ്ക്കും ആളുകഠ മുററം നിറഞ്ഞു. നാടകത്തിൽ ഇതെഴുതുന്നാഠക്കു ചില തിരുത്തലുകളെല്ലാമുണ്ടെങ്കിലും, നാടകം ആളുകളെ രസം പിടിപ്പിച്ചു. നാടൻ ജീവിതത്തെ അങ്ങനെതന്നെ ജീവനോടുകൂടി രംഗത്തു കൊണ്ടുവരികയാണു് ഇടശ്ശേരി ചെയ്തിരിക്കുന്നതു്. അഭിനയം അതിനെ കേടുവരുത്തിയില്ല. പ്രത്യേകിച്ചും ടി. ഗോപാലക്കുറുപ്പിൻെറ അഭിനയം നന്നായിരുന്നു.

## III

ഞങ്ങഠ മാളികമുകളിൽത്തന്നെ 'ഒഴവും പാക്കമായി' കിടന്നു് ഒന്നു മയങ്ങി.

"വണ്ടിക്കു പോകണമെന്നുള്ളവർ എഴുന്നേല്ക്കണം." ചുണ്ടിൽ ഉണൎത്തുഗാനവും കയ്യിൽ വെളിച്ചവുമായി നില്ക്കുന്ന ഇടശ്ശേരി ഞങ്ങളെ എഴുന്നേല്പിച്ചു. പിടഞ്ഞെഴുന്നേററു ഞങ്ങഠ തീവണ്ടിസ്റ്റേഷനിൽ ഹാജർ കൊടുത്തു.

എന്നാൽ ക്ലപ്തസമയത്തു ഞങ്ങളെ ഉണർത്തിയതുപോലെ, വണ്ടിയെ ഉണർത്താൻ ഒരു കവി ഇല്ലാതിരുന്നതുകൊണ്ടോ എന്തോ, വണ്ടി വളരെ താമസിച്ചേ വന്നുള്ളു.

തിരൂര് വന്നപ്പോൾ ഞങ്ങൾ വണ്ടിയിൽനിന്നിറങ്ങി. പിന്നീട് പൊന്നാനിയിലേയ്ക്കുള്ള ബസ്സിൽ കയറി അഞ്ചാറു നാഴിക ചെന്നു് 'ആലിങ്ങൽ' എന്ന സ്ഥലത്തെത്തി. ഞങ്ങൾക്കു ശ്രീ. കററിപ്പുറത്തു കേശവൻനായരുടെ വീട്ടിലെത്തണം. ഒന്നൊന്നര നാഴിക നടക്കണം.

പ്രഭാതം കുളിർമയും കുങ്കുമാഭയും കൈവിട്ടിരിക്കുന്നു. സൂര്യ്യന്നു ശുണ്ഠി മൂത്തുവരികയാണു്.

കൌപീനമാത്രന്മാരായി ഓടിക്കളിക്കുന്ന ദരിദ്രബാലന്മാർ, തെങ്ങിൻെറ തണലിലിരുന്നു് ഓലമടയുന്ന കൃഷികപ്പെൺകിടാങ്ങൾ, കുമ്പിട്ടുനിന്നു പാരക്കോലിൽ നാളികേരം പൊളിക്കുന്ന കൂലിക്കാർ, വീടിൻെറ ഉമ്മറത്തിരുന്നു ചകിരി തല്ലുകയും കയറു പിരിക്കുകയും ചെയ്യുന്ന അമ്മമാർ—ഇങ്ങനെയുള്ള ആ ഉൾനാടിൻെറ ഉള്ളിലൂടെ ഞങ്ങൾ നടന്നു. ശാന്തതയും നിഷ്കളങ്കതയും നിറഞ്ഞ ആ രംഗം ആരെയും നിർവൃതിക്കൊള്ളിക്കാതിരിക്കയില്ല.

വൈലോപ്പിള്ളിക്കു വഴി നിശ്ചയമുണ്ടെന്നാണു് 'മേനി'. കുറച്ചു ചെന്നപ്പോൾ പടിഞ്ഞാട്ടു പോകേണ്ടതിന്നു പകരം വടക്കോട്ടുവെച്ചു. ജി. പിന്നിൽനിന്നു പറഞ്ഞു: "അതിലേയല്ല, ഇതിലേ."

വൈലോപ്പിള്ളിയുടെ വഴിയും ജി.യുടെ വഴിയും ജനങ്ങളുടെ കാല്പാടുകളുള്ളതായിരുന്നില്ല. എങ്കിലും രണ്ടിനും വളവില്ലായിരുന്നു.

ഞങ്ങൾ കുററിപ്പുറത്തു കേശവൻനായരുടെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം ചതുരംഗം വെയ്ക്കുകയാണ്. ഞങ്ങളെ കണ്ടപ്പോൾ ചതുരംഗക്കരുവിൽനിന്നു കൈ എടുക്കാതെ പകുതിയെഴുന്നേററു കുശലം ചോദിച്ചു. അഞ്ചുമിനുട്ടിന്നുള്ളിൽ അദ്ദേഹം ആ 'വര' അവസാനിപ്പിച്ച് എഴുന്നേററു. 'സമ'മോ, അല്ലെങ്കിൽ കൂട്ടുകാരന് 'അടിയറ'വോ ആയയാണ് അതവസാനിച്ചിരിക്കുന്നതെന്ന് അദ്ദേഹത്തിൻെറ മുഖഭാവം തെളിയിച്ചു.

ഞങ്ങൾക്കു സ്വന്തം വീട്ടിൽ ചെന്നാലത്തെപ്പോലെയുള്ള സുഖവും സ്വാതന്ത്ര്യവും തോന്നി. അദ്ദേഹത്തിൻെറ സ്വന്തം അാ ചെറിയ ഒന്നാണ്. ഒരു ഒററക്കട്ടിലിലാണ് അദ്ദേഹം കോസറിയിട്ടിരിക്കുന്നതു്. ആ ഒററക്കട്ടിലിന്നു് ഒരു ഇണപിരിയലിൻെറ ഹൃദയഭേദകമായ ചില കഥകൾ പറയണമെന്നുണ്ടെന്നു തോന്നി.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ കാലത്തെ സ്വാദുള്ള പല കഥകളും പറഞ്ഞു് അദ്ദേഹം ഞങ്ങളെ രസിപ്പിച്ചു. അദ്ദേഹം പറയുന്നതെന്തിലും ഒരു പഴമത്തവും ഫലിതവും രസികത്തവുമുണ്ടായിരുന്നു. വർത്തമാനത്തിന്നിടയിൽ ഒരാളെക്കുറിച്ചും, നേരംപോക്കായിട്ടുപോലും, ശകാരസ്വരത്തിൽ സംസാരിച്ചുകേട്ടില്ല. ഇതു സുദുർല്ലഭമായ ഒരു തങ്കനാണയംതന്നെയാണ്. അദ്ദേഹത്തിൻെറ സൌഹൃദഭാവവും അഭിജാതോചിതമായ പെരുമാററവും നമുക്കു മറക്കാൻ കഴിയുകയില്ല.

"നിങ്ങൾ മീററിങ്ങ് കഴിഞ്ഞു വരവല്ലേ? ക്ഷീണമുണ്ടാവും, ഇല്ലേ?" അദ്ദേഹം ചോദിച്ചു.

ഉണ്ടെന്നോ ഇല്ലെന്നോ ആരും ഭാവിച്ചില്ല.

അദ്ദേഹം തുടൻ: "ഇപ്പോ എവിടെയും മൈക്കില്ലാത്ത മീററിങ്ങ് വയ്യ; ഡോക്ടരില്ലാതെ പ്രസവിക്കാറും! നിങ്ങളുടെ മീററിങ്ങിനും മൈക്ക്ണ്ടാന്നില്ലേ? അതുണ്ടെങ്കിൽ ഒറക്കെപ്പറയണ്ടാ, അങ്ങനെ ഒരു ഗുണംണ്ട്."

അദ്ദേഹത്തിന്നു കഥകളിയിൽ വലിയ കമ്പമില്ല. പക്ഷേ 'ചുകന്നാടി'യോടു വലിയ പ്രതിപത്തിയാണുപോലും! 'കുററിച്ചാമരം' എടുത്തു തലയിലൊന്നു വെച്ചാലേന്താ എന്നുവരെ ആ പ്രതിപത്തി മൂക്കുകയുണ്ടായത്രേ! ശാന്തനായ അദ്ദേഹത്തെ കുററിച്ചാമരവും ദംഷ്ട്രവുമായി കാണുക എന്നതു് അസുഖകരമാണു് — ഒരു സുന്ദരി ഉശിരിന്നുവേണ്ടി മീശവെച്ചാലെന്നപോലെ!

"തല എനിയ്ക്കൊരു ഭാരമാണു്" എന്നദ്ദേഹം പറഞ്ഞതു ഞങ്ങൾ വ്യസനത്തോടുകൂടിയാണു് കേട്ടതു്. അദ്ദേഹത്തെ 'രക്തസമ്മർദ്ദം' കുടക്കൂടെ കടന്നു ശല്യപ്പെടുത്തുന്നു.

ഉച്ചയ്ക്കൂണു കഴിഞ്ഞു വന്നപ്പോൾ അദ്ദേഹം പറഞ്ഞു: "ശ്രീധരാ,(വൈലോപ്പിള്ളി) നമുക്കു രണ്ടു കയ്യു കളിക്കുകയല്ലേ? എന്താ, കുറുപ്പേ?"

അവർ കളിയ്ക്കാമെന്നു സമ്മതിച്ചു.

എനിക്കു കുറച്ചു കിടക്കണമെന്നുണ്ടായിരുന്നു. അവർ കളിയ്ക്കാനിരുന്നു. ഞാൻ അകലെ നിന്നതേയുള്ളു.

കേശവൻനായർ ചോദിച്ചു: "പട്ടേരിപ്പാട്ടിലേയ്ക്കു് അറിയില്ലേ?"

ഭക്തിയുണ്ടെങ്കിലും വലിയ 'വിഭക്തി'യൊന്നുമി ല്ലെന്നു ഞാൻ ഭാവിച്ചു.

"ജാതി അറിയാണ്ടിരിക്കില്ല, ഇത്ര വല്ല്യേ ജാതി യിൽ ജനിച്ചിട്ട്!"

ഞാനും അവിടെ പിടിച്ചിരുത്തപ്പെട്ടു.

വൈലോപ്പിള്ളി നല്ല കളിക്കാരനാണു്. ജി. കല യിലെന്നപോലെ കളിയിലും മോശക്കാരനായിരുന്നില്ല. ഞങ്ങൾ അഞ്ചുമണിവരെ കളിച്ചു.

ചായ വന്നു, കപ്പും 'ഞങ്ങളിപ്പോഴുമുണ്ട്, മരിച്ചിട്ടി ല്ല' എന്നു മയിററിക്കൊണ്ടു പഴയ പലഹാരങ്ങളിൽ ക നായ 'കാരോലപ്പ'വും! ഇപ്പോഴും 'ഇരുത്തം' വന്നിട്ടില്ലാ ത്ത അതു പിഞ്ഞാണത്തിൽ കിടന്നു് ഉരുണ്ടിരുന്നു.

ഞങ്ങൾ അദ്ദേഹത്തോടു യാത്രപറഞ്ഞു. അദ്ദേഹം അനുയാത്രയായി പാടംവരെ വന്നു. ഞങ്ങളപ്പോൾ പോ കരുതെന്നു് അദ്ദേഹത്തിനുണ്ടായിരുന്നു. ഞങ്ങൾക്കും അ ദ്ദേഹമൊരുമിച്ചു കുറച്ചുനേരംകൂടി കഴിക്കുന്നതു് ആഹ്ലാദ പ്രദമായിരുന്നു. പക്ഷേ എന്തു നിവൃത്തി? പിറേറന്നാൾ കാലത്തു് എട്ടുമണിക്കു ശ്രീകൃഷ്ണപുരം ചർച്ചാസമ്മേളന ത്തിൽ എത്തണം! അദ്ദേഹം വീട്ടിലേയ്ക്കും ഞങ്ങൾ സ്റ്റേ ഷനിലേയ്ക്കും നടന്നു.

ഹൃദയത്തിന്നൊരു സ്വാസ്ഥ്യക്കുറവു്! വാസനാസ മ്പന്നനായ ആ കവിയുടെ ജീവിതത്തിലെ സമയങ്ങൾ ശീട്ടും ചതുരംഗവും തിന്നുതീർക്കുക! ഇപ്പോഴും ആവശ്യത്തി നു വേണ്ടത്ര മഷിയുള്ള ആ കുപ്പി ഇരുന്നു വററുകയാണു്; ആ തൂവൽ തുരുമ്പുപിടിക്കുകയാണു്.

രാത്രി ഒററപ്പാലത്തു ചെന്നു് ഒളപ്പമണ്ണയുടെ ആതിഥ്യത്തിൽ അന്തിയുറങ്ങി.

സാഹിത്യത്തിൽ ആളുകൾക്കു് അഭിരുചി കൂടിക്കൂടി വരികയാണു്. മനുഷ്യൻ സമരങ്ങളിലൂടെ വളൎന്നുവരികയാണു്.

ഞങ്ങൾ ശ്രീകൃഷ്ണപുരത്തു ചെന്നപ്പോൾ പത്തമ്പതു ചെറുപ്പക്കാർ ചൎച്ചയിൽ പങ്കെടുക്കാനും കാൎയ്യങ്ങൾ മനസ്സിലാക്കാനും തയ്യാറായി ഇരിപ്പുണ്ടു്.

തലേന്നാൾ ശ്രീ. മാധവനാരും എൻ. വി.യുമാണു് സംസാരിച്ചതെന്നു പറയുന്നതു കേട്ടു. നായത്തോട്ടമ്പലത്തിലെ പ്രതിഷ്ഠ ഓൎമ്മയിൽ ഓടിയെത്താതിരുന്നില്ല.

ജി. തളൎന്നിരുന്നു. ഒന്നും സംസാരിക്കുന്നില്ലെന്നാണു് പറഞ്ഞതു്. പക്ഷേ, അദ്ദേഹം അവിടെയും ഒരു മണിക്കൂറിലധികം നീണ്ടുനിന്ന ഒരു 'പ്രസംഗക്കച്ചേരി' നടത്തി. വൈലോപ്പിള്ളിയും, നാണത്തോടുകൂടിയാണെങ്കിലും, കുറച്ചുനേരം സംസാരിച്ചു. അദ്ദേഹം ഒരു സമരത്തിൽ കിടന്നു ചാഞ്ചാടുകയാണെന്നു തോന്നി. ജനങ്ങളുടെ ചുണ്ടുകൾക്കു പററിയ ഗാനം എഴുതേണ്ടതെങ്ങനെയാണെന്നാണു് അദ്ദേഹത്തിൻെറ തീവ്രചിന്തയെന്നു ഞാൻ മനസ്സിലാക്കുന്നു.

ഞങ്ങൾ ഒളപ്പമണ്ണയൊന്നിച്ചു് എറണാകുളത്തേക്കു പോന്നു. അന്നായിരുന്നു സാഹിത്യപരിഷത്തിൻെറ പുതിയ പ്രസ്സിൻെറ ഉൽഘാടനം. ഒളപ്പമണ്ണയുടെ 'കളഭം' കലൎന്ന കൈ അതു നിൎവ്വഹിച്ചു. ഞങ്ങൾ പിരിഞ്ഞു.

## തൂലികയും തൂമ്പയും

"കോഴിക്കോട്ടെ നാടകോത്സവത്തിന്റെ അവസാനദിവസം പോകണമെന്നു് ഉദ്ദേശിക്കുന്നു. വൈലോപ്പിള്ളിയും വരാമെന്നു പറഞ്ഞിട്ടുണ്ടു്. എന്താ, വരുന്നില്ലേ?" ജി. ചോദിച്ചു.

"വരാം."

ഞാനവരുടെ കൂട്ടത്തിൽ കൂടി.

രാത്രി എട്ടുമണിക്കുള്ള വണ്ടിക്കു ഞങ്ങൾ എറണാകുളത്തുനിന്നു പുറപ്പെട്ടു. ആദ്യം ഏകാസനത്തിലും പിന്നീടു കുറച്ചുകൂടി തീവ്രത വേണമെന്നായതുകൊണ്ടു് ഒററക്കാലിലും തപസ്സുചെയ്തുകൊണ്ടു ഞങ്ങൾ ഒരു മട്ടിൽ കോഴിക്കോടിനെ പ്രത്യക്ഷമാക്കി—ആ സരസ്വതീയാമത്തിൽ ഞങ്ങൾ കോഴിക്കോട്ടു സ്റ്റേഷനിൽ വണ്ടിയിറങ്ങി. തപസ്സുകൊണ്ടു ഞങ്ങൾ താന്തരായിരുന്നു.

ജി. തന്റെ ചോരത്തുടുപ്പുള്ള ബാഗിനെ ഒക്കത്തുവെച്ചുകൊണ്ടു മുന്നിൽ, അലസമാമട്ടിൽ ഒരു തോൽപ്പെട്ടി തൂക്കിക്കൊണ്ടു വൈലോപ്പിള്ളി പിന്നിൽ—ഇങ്ങനെ ഞങ്ങൾ പ്ലാററുഫോറത്തിൽനിന്നു പുറത്തു കടന്നു. ജി.യും വൈലോപ്പിള്ളിയും ആരെയോ തിരയുന്ന മട്ടിൽ കണ്ണോ

ടിക്കുന്നതു കാണായി. നാടകോത്സവത്തിലെ ആദ്യവസാനക്കാരിലാരെങ്കിലുമായിരിക്കാം. ആരേയും അവിടെ കണ്ടില്ല. എന്നാൽ റിക്ഷവണ്ടിക്കാരും കുതിരവണ്ടിക്കാരും 'ലോഗ്യം' പൊടിപൊടിച്ചു. 'തടി'മേൽ തട്ടിയുള്ള ദാരിദ്ര്യത്തിൻെറ ഈ സുഖകരമല്ലാത്ത ആദരത്തിൽനിന്നു രക്ഷ കിട്ടിയാൽ മതി എന്നായി ഞങ്ങൾക്കു്. ഞങ്ങൾ വലിഞ്ഞു നടന്നു. കുറച്ചു ചെന്നപ്പോൾ ഞാൻ ചോദിച്ചു: "നമ്മൾ എങ്ങോട്ടാണു് പോകുന്നതു്?"

"നമുക്കു ശിവപുരിയിൽ പുരുഷോത്തമൻെറ വീട്ടിൽ പോകാം, അതാ നല്ലതു്." ജി. അഭിപ്രായപ്പെട്ടു.

വൈലോപ്പിള്ളി ഒരു പൂർവ്വപക്ഷം കൊണ്ടുവന്നു: "നമുക്കു്, ഇതാ ഈ ഹോട്ടലിൽ കുളപ്പുമണ്ണ താമസിക്കുന്നുണ്ടു്, അവിടെ ചെന്നു് ഒന്നു മയങ്ങാം. വെളിച്ചായിട്ടു പിന്നെ പരിപാടി തീരുമാനിക്കാം."

നടക്കാനുള്ള മടിയാലും കിടക്കാനുള്ള തിടുക്കത്താലും ഞങ്ങൾ വൈലോപ്പിള്ളിയുമായി ഒരു 'പരസ്പരധാരണ'യിലെത്തി. ഹോട്ടലിൻെറ ചുവട്ടിൽച്ചെന്നു് കുളപ്പുമണ്ണയുടെ റൂംനമ്പർ നോക്കുകയായി. നിർഭാഗ്യം! പല ദിക്കിലും കാണാറുള്ള അദ്ദേഹത്തിൻെറ പേരു് അവിടെ കണ്ടില്ല.

"എന്നാൽ നമുക്കു ശിവപുരിയിലേയ്ക്കുതന്നെ പോകാം." വൈലോപ്പിള്ളി തല ചൊറിഞ്ഞു.

"ഇല്ലേ, ഞാൻ പറഞ്ഞേടത്തുതന്നെ എത്തിയില്ലേ?" എന്ന ഒരു ഭാവവും പുഞ്ചിരിയും ജി.യുടെ മുഖത്തു കാണായി. ഞങ്ങളുടെ ജാഥ ശിവപുരിയിലേയ്ക്കു തിരിച്ചു.

പട്ടണം ഏതാണ്ട നിശ്ശബ്ദവും നിർജ്ജനവുമായിരുന്നു. നീലാകാശത്തു ചില കരിമുകിൽത്തുണ്ടുകൾ കാററത്തു പാറിയിരുന്നു—നിർമ്മാല്യംപോലെ ഒളികെട്ട കിടന്നിരുന്ന ഒന്നുരണ്ടു നക്ഷത്രങ്ങളെ വട്ടമിട്ടുകൊണ്ടു്.

വടക്കോട്ടാണു് പോകേണ്ടതു് എന്നല്ലാതെ, വഴിയെപ്പററി യാതൊന്നും ഞങ്ങൾ മൂവക്കും അറിഞ്ഞുകൂടാ. വഴിയിൽ ഒരു ഹോട്ടൽമാത്രം കണ്ണടയ്ക്കാതെ ഉറക്കമൊഴിച്ചിരിക്കുന്നതായിക്കണ്ടു. അവിടെ തറയ്ക്കുന്ന, വ്യസനകരമായ, ഒരു കാഴ്ച! രണ്ടു പതിനേഴുകാരികളായ പെൺകിടാങ്ങൾ മുടിയിലും ചൊടിയിലും വാടിയ പൂക്കൾ ചൂടിക്കൊണ്ടു്, പറയാവതല്ലാത്ത വിലാസഭാവങ്ങളോടുകൂടി അവിടെ നിന്നു കൊഞ്ചുകയും കുഴയുകയും ചെയ്തിരുന്നു. ആ മെർക്കുറിലൈററിൻെറ നീലനിലാവിൽപ്പോലും അവർ കറുത്ത നിഴലുകളായിത്തോന്നി. ഓമനസ്വപ്നങ്ങൾ കണ്ടുകൊണ്ടു വീട്ടിൽ കിടന്നുറങ്ങേണ്ട ഈ പെൺകിടാങ്ങൾ അനാഥമട്ടിൽ അലഞ്ഞുതിരിയുന്നതിനെ ക്രാന്തദർശികളും ഹൃദയാലുക്കളുമായ ജി. യും വൈലോപ്പിള്ളിയും കണ്ടില്ലേ? എച്ചിലില നക്കുന്ന പിള്ളേരെക്കാണുമ്പോഴേയ്ക്കും കുലുക്കഴിയാൻ വെമ്പുന്ന അവർ ഇതെങ്ങിനെ കാണാതിരിക്കും!

ഞങ്ങൾ ഇരുളും കുളിരും നിറഞ്ഞ ആ രാത്രിയുടെ അന്തിമയാമത്തിൽ പതുക്കെപ്പതുക്കെ വടക്കോട്ടു നീങ്ങുകയാണു്. മാനാഞ്ചിറ മാനം നോക്കിക്കിടക്കുന്നു. തന്നിലുള്ള ചെളി പലരെക്കൊണ്ടു വാരിക്കളയിച്ചിട്ടുകൂടി മാനാഞ്ചിറയ്ക്കു് ഒരു തെളിവില്ലാത്തതെന്താണു്? 'ലാവണ്യ'

രസം കലർന്ന ഒരു കൊച്ചുതെന്നൽ നൃത്തംവെച്ചുകൊണ്ടു കടന്നുപോയി. പറയത്തക്ക പിഴവൊന്നും കൂടാതെ ഞങ്ങൾ പ്രാപ്യസ്ഥാനത്തെത്തിച്ചേർന്നു.

അവിടെ ആ കൊച്ചുപൂമുഖത്തു കണ്ട ചാരുകസേരകളിൽ ജി.യും വൈലോപ്പിള്ളിയും തളർന്നുവീണു; ഞാൻ അവിടെയുള്ള വീതികുറഞ്ഞ തിണ്ണയിന്മേലും! വൈലോപ്പിള്ളി ക്ഷീണിച്ച നനുത്ത സ്വരത്തിൽ ലോഗ്യം പറഞ്ഞു: "എം. ആർ! ഇവിടെ കിടന്നോളൂ, ഞാൻ അവിടെ കിടന്നോളാം." വിനയംകൊണ്ടുമാത്രമല്ല, കാലുകൾ സ്വാതന്ത്ര്യദിനം യഥേഷ്ടം ആഘോഷിച്ചുകൊള്ളട്ടെ എന്നു കരുതിയുംകൂടിയാണു് ഞാനവിടെ കയറിപ്പററിയതു്. എന്നാൽ കാലുകൾ നിവർത്തിയപ്പോഴേയ്ക്കുമുണ്ടു് ഒരു തൂണു് 144_ലുമായി നില്ക്കുന്നു!

ആർക്കും ഒന്നും സംസാരിക്കാനില്ലാത്തതുകൊണ്ടല്ല, വയ്യാത്തതുകൊണ്ടു്, ഞങ്ങൾ നിശ്ശബ്ദരായി.

ഒരു പൊട്ടിച്ചിരിയാണു് എന്നെ ഉണർത്തിയതു്. കൺമിഴിച്ചപ്പോഴുണ്ടു്, എൻ. വി. കൃഷ്ണവാരിയർ തന്റെ പിഞ്ചോമനയുടെ കയ്യുംപിടിച്ചുകൊണ്ടവിടെ നില്ക്കുന്നു.

നേരം കുറേ പുലർന്നിരുന്നു. ചൂടുപിടിക്കാൻ തുടങ്ങിയ പുലർകാലവെളിച്ചം! "എന്തൊരു മടിയാണു് മനുഷ്യർക്കെഴുന്നേല്ക്കാൻ! സമയം എത്ര മുന്നോട്ടു പോയിരിക്കുന്നു, ജീവിതത്തിലെ നിരവദ്യങ്ങളായ നിമിഷങ്ങളെ തള്ളിയിട്ടുംകൊണ്ടു്!" എന്നു പരിഹസിക്കുന്നതുപോലെ തോന്നി. കൃഷ്ണവാരിയർ യാത്ര ചോദിച്ചു് ആപ്പീസിലേയ്ക്കു പോയി.

ജി.യും വൈലോപ്പിള്ളിയും തങ്ങളുടെ കലങ്ങിത്തുടുത്ത കണ്ണുകൾ കണ്ണാടിയിൽ നോക്കി അസ്വാസ്ഥത പ്രകടിപ്പിച്ചു. കവികൾ തങ്ങളുടെ മുഖം ചിലപ്പോഴൊക്കെ നോക്കിക്കാണുന്നതു് ആവശ്യംതന്നെ.

രാത്രിയിൽ വന്നു കേറിയപ്പോൾ തന്നെ വിളിക്കാത്തതിൽ പുരുഷോത്തമൻനായർ പരിഭവം പ്രകടിപ്പിച്ചു. സഹൃദയനായ അദ്ദേഹത്തിൻെറ സ്വാഗതള്ള ആതിഥ്യത്തിൽ കിടന്നു ഞങ്ങൾ ക്ഷീണം തീക്കുകയായി.

അഞ്ചരമണിയായപ്പോൾ ഞങ്ങൾ ഒന്നു പുറത്തേയ്ക്കിറങ്ങി. 'മാതൃഭൂമി' ആപ്പീസ്സിൽ ചെന്നു. എൻ. വി. ഒരു കമ്മയോഗിയെപ്പോലെ മേശയ്ക്കു മുമ്പിലുണ്ടു്. മാധവനാർ—സമ്മരടിച്ച തല, ഖദറുകൊണ്ടുള്ള മുറിയൻകുപ്പായം, ചുരുക്കിച്ചുററിയ ഖദർമുണ്ടു് ഇങ്ങിനെയായ മാധവനാർ—ആ ഉയന്ന കെട്ടിടത്തിൻെറ മുകളിൽ പഴയ മട്ടിൽ നില്പുണ്ടു്. 'മാതൃഭൂമി'യിൽ കിടന്നുകൊണ്ടാണു് അദ്ദേഹം വളന്നുവന്നതു്. ഇന്നും അങ്ങനെതന്നെ........തനി 'മാതൃഭൂമി'മയൻ! കുറച്ചുമുമ്പു പ്രജാപാൎട്ടി എല്ലാ നല്ല കോൺഗ്രസ്സുകാരിലും കടന്നുചെന്നു് ഒരു ചെറിയ 'റിപ്പേർ' നടത്തുകയുണ്ടായല്ലോ. ഒരു കിളിവാതിൽ വെട്ടിവെയ്ക്കൽ. അങ്ങനെ ഒന്നു ശ്രീ. മാധവനാരിലും ഉണ്ടായിട്ടുണ്ടു്. ഒരു പുതിയ കാററും വെളിച്ചവും അദ്ദേഹത്തിൽനിന്നു പ്രസരിക്കുന്നു.

തലേന്നാൾ കണ്ടുപിടിക്കാൻ കഴിയാതിരുന്ന ഒളപ്പമണ്ണ താമസിക്കുന്ന ഹോട്ടൽമുറിയിലേയ്ക്കു ഞങ്ങൾ ചെന്നു. അവിടെ പലരുമുണ്ടായിരുന്നു. ജി.യുടേയും വൈലോ

പ്പിള്ളിയുടേയും സാന്നിദ്ധ്യം അന്തരിക്ഷത്തെ ആഹ്ലാദമുഖരിതമാക്കി.

ഉന്മേഷവാനായി എസ്സ്. കെ. പൊറെറക്കാട്ട് അവിടെ ലാത്തുകയാണ്. എസ്സ്. കെ. ഒന്നു തടിച്ചിട്ടുണ്ട്. വിവാഹം തടിക്കു പററിയ ഒരു ടോണിക്കായിരിക്കാം. മരണത്തിൻെറ ആപൽപ്പരപ്പിൽനിന്നു രക്ഷപ്പെട്ടു പുനർജ്ജന്മംപൂണ്ടു നില്ക്കുന്ന പൊറെറക്കാടിനെക്കണ്ടപ്പോൾ ഞങ്ങൾക്കു ഹൃദയം നിറഞ്ഞു. എസ്സ്. കെ. അടുത്തേയ്ക്കു നീങ്ങിക്കൊണ്ടു മന്ത്രിച്ചു: "എം. ആർ. അറിഞ്ഞില്ലേ, ഞാനൊരച്ഛനായിരിക്കുന്നു!"

പോക്കുവെയിൽ മഞ്ഞൾ തേച്ച ആ കവിളിൽ ഒരാമ്പൽപ്പൂമൊട്ട്—ജീവിതാനന്ദം മുറുകെ പിടിച്ചു തൊട്ടിലാട്ടുന്ന ഒരു കററക്കിടാവ്—കാണായി!

സമയം ആറായി. ടൌൺഹാളിൽ വേഗം ചെല്ലണം. ഞങ്ങൾ ഹോട്ടലിൻെറ മുകളിൽനിന്നു ചുവട്ടിലേയ്ക്കിറങ്ങി. രോമപ്പുല്ലുകൾ പടൎന്ന, കാടുകെട്ടി ഇരുണ്ട, മുഖത്തോടുകൂടിയ ഒരച്ഛൻ ഒരു കുട്ടിയെ നെഞ്ചിൽ പററിച്ചുകൊണ്ടു മുന്നിൽ വന്നു കൈമലത്തി: "കുട്ടിയുടെ അമ്മ മരിച്ചിരിക്കുന്നു. ഒരു മുക്കാല്!"

കുട്ടി എൻെറ നേൎക്കു കുഞ്ഞിക്കണ്ണു മിഴിച്ചു നോക്കി. എൻെറ പോക്കററിൽ രണ്ടോട്ടമുക്കാലുകളുണ്ടായിരുന്നതു് ആ പിതാവിൻെറ കൈകളിലേയ്ക്കു വീണുപോയി. മുക്കാലുകൾ കിടന്നു കലുങ്ങി: "ദാരിദ്ര്യത്തിന്നെതിരായി സമരം ചെയ്യു!"

ഞങ്ങൾ ടൌൺഹാളിൻെറ മുററത്തേയ്ക്കു ചെന്നു. കുട്ടികൃഷ്ണമാരാർ, ഗോവിന്ദൻകുട്ടിനായർ, ഇടശ്ശേരി, പി. സി., ചെറുകാട്ട്, മുഹമ്മദുമാർ, പവനൻ, തിക്കോടിയൻ എന്നിങ്ങിനെ പല മേഖലകളിലുള്ള സാഹിത്യകാരന്മാരേയും അവിടെ കണ്ടു. അഭിപ്രായഭിന്നത മറന്നു്, സാഹിത്യത്തിൻെറ സമുല്ക്കൃഷ്ടത്തിന്നുവേണ്ടി പ്രയത്നിക്കാൻ തയ്യാറായി, കൈകോർത്തുപിടിച്ചുകൊണ്ടുള്ള ആ നിലപാട്ടു് എന്നിൽ കോളംവെട്ടലുണ്ടാക്കി.

അഭിപ്രായഭേദങ്ങൾ പലതിലുമുണ്ടെങ്കിലും ഞാൻ ഇഷ്ടപ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തികളിൽ ഒരാളായ മാരാർ ഗെയ്ററിന്നടുത്തു നില്ക്കുകയാണു്. ഞാനദ്ദേഹത്തോടു കുശലം ചോദിച്ചു: "മാരാർ, ക്ഷീണിച്ചിരിക്കുന്നു, ല്ലേ?"

അദ്ദേഹം ഇല്ലെന്നു ഭാവിച്ചു. കഥയില്ലാത്ത കാലം കടന്നുചെന്നുണ്ടാക്കിയ 'നൃത്ത'യടച്ചു് അദ്ദേഹം സംതൃപ്തികൊള്ളുകയാവാം.

നാടകം തുടങ്ങി. 'കറവററ പശു'വിനെ കാണാനും വിലയിരുത്താനുമായി ആളുകൾ ഉൽക്കണ്ഠാപൂർവ്വം ഹാൾ നിറയെ തിങ്ങിക്കൂടിയിട്ടുണ്ടു്. ആളുകളിൽ കൊള്ളിമീനുകളും ഇടിവെട്ടലുകളുമുണ്ടാക്കിക്കൊണ്ടു നാടകം അവസാനിച്ചു—രണ്ടുമണിക്കൂറിന്നുള്ളിൽ! നാടകത്തിൻെറ സ്ക്രിപ്റെറന്നപോലെ അഭിനയവും സാമാന്യം നന്നായിരുന്നു. സൂക്ഷിച്ചു നോക്കിയാൽ ചില പാകപ്പിഴകൾ പെറുക്കി എടുത്തുകൊണ്ടുവരാനുണ്ടായിരിക്കാം. പക്ഷേ,

അതു സാരമില്ല. ചിലതിന്റെ മങ്ങൽ മററു ചിലതിന്റെ പ്രകാശംകൊണ്ടു പരിഹരിക്കാവുന്നതേയുള്ളു.

ജീവിതത്തിന്റെ പുറമ്പോക്കുസ്ഥലത്തു നിസ്സഹായനായി അലഞ്ഞു മേയുന്ന ആ മുത്തച്ഛനെ (കെ. ടി. മുഹമ്മദ്)—വിറച്ചു വിറച്ച് എപ്പോഴും എങ്ങോട്ടും വീഴാം എന്ന മട്ടിൽ വടി കുത്തിക്കൊണ്ട് ഇഴയുന്ന ആ സ്നേഹമൂർത്തിയെ—എനിക്കിപ്പോഴും മറക്കാൻ കഴിഞ്ഞിട്ടില്ല.

നാടകം കഴിഞ്ഞു മടങ്ങുമ്പോൾ വൈലോപ്പിള്ളി ചോദിച്ചു:

"നാടകം എങ്ങിനെ?"

"നന്നായി" ഞാൻ ഉദാസീനമട്ടിൽ പറഞ്ഞു.

പക്ഷേ....? ആ നാടകത്തിലെ മനുഷ്യരെല്ലാം വേദനയുടെ മുൾപ്പടപ്പിൽ കിടന്നു തുള്ളിപ്പിടയുന്നവരാണ്. മനുഷ്യൻ എങ്ങിനെയാണ് എന്നു ചിത്രപ്പെടുത്തിയതുകൊണ്ടുമാത്രം കലയ്ക്കു തൃപ്തിപ്പെടാമോ? മനുഷ്യൻ എങ്ങിനെയാവണം എന്നുകൂടി ചൂണ്ടേണ്ട ചുമതലയില്ലേ കലയ്ക്കു്? അതു നാടകത്തിൽ വേണ്ടത്ര കണ്ടില്ലെന്നു തോന്നി: രോഗം വന്നു. ചികിത്സിക്കാൻ കാശില്ല. രംഗം ക്ഷോഭിച്ചു കത്തുന്നു. അവൻ കിടന്നു പിടയുന്നു. ഇതു മാററാൻവേണ്ടി കൈവെയ്ക്കുന്നതോ, കൂടുതൽ പിടച്ചിലും ക്ഷോഭവും പടത്തുന്ന, പ്രാണനേക്കാൾ പ്രാണനായി ഓമനിക്കുന്ന, ചില വസ്തുക്കളിന്മേലും! ഒന്നു പോയാൽ മററൊന്നു കടന്നുവരാൻ തയ്യാറായി വേദനകൾ അണിയണിയായി നില്ക്കുന്നു. ഈ വേദനയുടെ ആക്രമണത്തിൽ നിന്ന് ഒരു രക്ഷാസങ്കേതം, ഒരഭയസ്ഥാനം, അവനു കാ

ണിച്ചുകൊടുക്കേണ്ടേ? രോഗങ്ങൾ വരാനും ചികിത്സിക്കാൻ കാശില്ലാതിരിക്കാനും ചില കാരണങ്ങളില്ലേ? അതുംകൂടി കാണേണ്ടതല്ലേ? എന്നാലല്ലേ ഈ കഷ്ടംചൂടാന്ന കനൽജീവിതത്തിൽനിന്നു പുറത്തു കടന്നു് ഒട്ടൊന്നാശ്വസിക്കാൻ പററുകയുള്ളു........മററും മററും........

ഞാൻ എല്ലാവരിലുംമുമ്പു് ഉണൎന്നുവശായി. അയൽപക്കത്തുനിന്നു്—എൻ. വി. യുടെ പാൎപ്പിടത്തിൽനിന്നു്—റേഡിയോ മൂളിയിരുന്നു. ഒരു കപ്പു ചായ കിട്ടണമെന്ന ദുരയോടെ ഞാനവിടേയ്ക്കു ചെന്നു. അപ്പോൾ അച്ഛൻ ലേഖനലാലസനായി കസാലയിലാണു്: മകളോ, ഖേലനലോലയായി കസാലക്കയ്യിന്മേലും! രണ്ടാളും നിൎമ്മാണാത്മകങ്ങളായ പ്രവൎത്തനങ്ങളിലാണെന്നു തോന്നി. ഒരു കടലാസ്സുഗോഡൌൺ പൂൎവ്വപുണ്യത്താൽ ഒരു 'വാരിയ'മായി ജന്മംകൊണ്ടു നില്ക്കുന്ന അതിൻെറ ഉള്ളിലേയ്ക്കു പതുക്കെ ഞാൻ ചെന്നു. എൻ. വി. ഒരു ചിരികൊളുത്തിപ്പിടിച്ചുകൊണ്ടെഴുന്നേററു: "അവരൊന്നും എഴുന്നേററില്ലേ? ചായ കുടിച്ചുവോ?"

"ഇല്ല്യ. സുന്ദരിമാൎക്കു് ഉറക്കം കൂടുമല്ലോ. *അതുപോലെ സുന്ദരചിന്തയുള്ളവൎക്കും ഉറക്കം കൂടുമായിരിക്കാം. എനിക്കു് ഒരു കപ്പു ചായ വേണം."

ചായ കുടിച്ചു ഞങ്ങൾ കവികളെ ഉണൎത്താൻ പോയി. പലപ്പോഴും സാധാരണക്കാരുടെ ശബ്ദമാവാം കവി

---

* ദ്വിജേന്ദ്രലാലിൻെറ നാടകത്തിലെ ഒരു കഥാപാത്രത്തിൻെറ അഭിപ്രായം.

കളെ ഉണർത്താറുള്ളതു്. ഉണർന്നെഴുന്നേററ കവികളോടു് എൻ. വി. പറഞ്ഞു: "കുറുപ്പുമാസ്റ്ററേ, നമുക്കു നാളെ വയനാട്ടിൽ ഒന്നു പോകാം. രാത്രിതന്നെ മടങ്ങുകയും ചെയ്യാം."

ഞങ്ങളെല്ലാവരും ഒന്നുപോലെ ആഹ്ലാദംകൊണ്ടു. മനുഷ്യപ്രയത്നം മരതകം ചാർത്തിനില്ക്കുന്ന ആ പ്രദേശം ഒന്നു ചെന്നു കാണലും മറെറാരു നാടകോത്സവമാണല്ലോ.

ഞങ്ങൾ ക്ലുപ്തസമയത്തു ടൌൺഹാളിൽ എത്തി. ജി.യുടെ പ്രസംഗമുള്ളതുകൊണ്ടാവാം, ഹാൾ ജനങ്ങളാൽ എന്തിയിരുന്നു. അദ്ദേഹം സമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു നാടകവേദിയെപ്പററി മധുരമായി പ്രസംഗിച്ചു. നാടകം ആർക്കുള്ളതാണു്? പ്രേക്ഷകർക്കുള്ളതാണു്. അപ്പോൾ അവർക്കു രസിക്കുന്നവിധത്തിലാവണം അതിന്റെ രചനയും സംവിധാനവും. ചുരുക്കത്തിൽ ജനങ്ങളുടെ ജീവിതത്തെ എടുത്തു കൈകാര്യം ചെയ്യുന്നവയായാവണം.

ജി.യുടെ പ്രസംഗം കുന്നിൻമുകളിൽനിന്നു് ഒരു കുളിർചോല ഒഴുകിവരുന്നതായി തോന്നി. അദ്ദേഹം വിയർപ്പിലും സദസ്യർ ആഹ്ലാദനിർവൃതിയിലും മുങ്ങിക്കുളിച്ചു.

## II

കാലത്തു് എട്ടുമണിക്കുമുമ്പായി ഉത്സാഹിയും സഹൃദയനുമായ വി. അബ്ദുള്ള 'വാനു'മായി വന്നെത്തി, വയനാട്ടിലേയ്ക്കു പോകാൻ. ജി., വൈലോപ്പിള്ളി, പി.സി.,

കളപ്പുമണ്ണ, എൻ. വി—ഞങ്ങളെല്ലാം വാനിൽക്കയറി. ഞാനും എൻ. വി.യും മുൻസീററിലിരുന്നു, കവികളേയും കഥാകാരന്മാരേയും പിന്നിലാക്കിക്കൊണ്ടു്. വാൻ പതുക്കെ നീങ്ങി. ഞാനപ്പോഠം ഒന്നു പിന്തിരിഞ്ഞുനോക്കി. കളപ്പുമണ്ണയുടെ ഉയർച്ചയിലുള്ള ആഹ്ലാദകൌതുകംകൊണ്ടാവാം, വാനിൻെറ ടോപ്പ് അദ്ദേഹത്തിൻെറ ശിരസ്സിൽ കുടക്കുടെ അനുഗ്രഹങ്ങഠം വഷിച്ചിരുന്നു.

എൻ. വി. തന്നിരുന്ന ചോക്കലേററു തിന്നു നാവും ചുററുമുള്ള കാഴ്ചകഠം നുകർന്നുകൊണ്ടു കണ്ണും തുള്ളിച്ചാടി. പി. സി. അപ്പോഴും എന്തോ ഒരാലോചനയിലായിരുന്നു. വല്ല കഥയും എഴുതുവാനുള്ള തിരുപ്പിടിയ്ക്കലായിരുന്നോ? അല്ല, മറിച്ചായിരുന്നു. എഴുതിയതിനെപ്പററിയുള്ള ഒരയവിറക്കൽ! ചിലർ പറഞ്ഞുവത്രേ, "ആ ചിന്നമ്മാളുവിനെ ഗർഭിണിയാക്കിയതു നന്നായില്ലെ"ന്നു്. വിമശനത്തിനു മുമ്പിൽ കവിയായ കഥാകാരനും ആലോചനാസ്തബ്ധനാവുന്നു.

എൻ. വി. പറഞ്ഞു: "ചിന്നമ്മാളുവിന്നു ഗർഭമുണ്ടായതിൽ കുററിതപ്പെടാനൊന്നുമില്ല. അതങ്ങിനെയാണു്. അതിൽ മാററമൊന്നും വരുത്താനില്ല."

"പല ആളുകളുടെ വിമശനവും അതു നന്നായില്ലെന്നാണു്."—പി. സി.

"അതു സാരമില്ല."എൻ. വി. സമാധാനപ്പെടുത്തി.

ജീവിതത്തെ മഷിക്കപ്പിയാക്കിക്കൊണ്ടാണു് പി. സി. യുടെ കഥാനിമ്മിതി. തന്മൂലം പി. സി. യുടെ ഓ

രോ വാക്കും തുടിക്കുന്നവയത്രേ. അദ്ദേഹം കവിയായ ഒരു കഥാകാരനാണു്. അപ്പോൾ അദ്ദേഹത്തിനു് എല്ലാററിനെപ്പററിയും ആലോചിക്കേണ്ടിവരുന്നു.

ഞങ്ങൾ ചുരം രണ്ടു ചുററു കയറിക്കഴിഞ്ഞപ്പോൾ വാൻ അവിടെ നിറുത്തി. ആ കാട്ടിനുള്ളിൽനിന്നു് എന്തൊക്കെയോ കൊഞ്ചിക്കൊണ്ടു് ഒരു ചോല കുതിച്ചോടിവന്നു് അവിടെ കുത്തനെ വീണിരുന്നു. ആ വീഴ്ചയിൽ നിന്നു ഭംഗിയുള്ള വെൺപളുങ്കുകൾ ചുററും തെറിച്ചിരുന്നു. ആ വെൺപളുങ്കുകൾ തൊട്ടനുഭവിപ്പാനാവാം, നമ്മുടെ കവികൾ അങ്ങോട്ടിറങ്ങിച്ചെന്നു. ചൂടുകൊണ്ടു് അവിടെ അധികനേരം നില്ക്കാൻ കഴിഞ്ഞില്ല. നല്ല ഭംഗിയും ആരോഗ്യവുമുള്ള ചിത്രശലഭങ്ങൾ ഞങ്ങളുടെ ചുററും പാറാൻ തുടങ്ങി; ജി.യുടെ മുണ്ടിന്നു കരയിടാനും. മനുഷ്യസ്വഭാവം വേണ്ടത്ര നിശ്ചയമില്ലാത്തതുകൊണ്ടാവാം, ആ കാട്ടുശലഭങ്ങൾ ഞങ്ങളോടിത്ര സൌഹാർദ്ദം കാണിച്ചതു്.

യാത്ര വീണ്ടും തുടങ്ങി. പാതയുടെ ഇരുപാർശ്വങ്ങളിലും മനുഷ്യപ്രയത്നം ഇനിയും വേണ്ടത്ര കടന്നുവന്നിട്ടില്ലെന്നു തോന്നി. കന്യകാത്വം വിടാത്ത പുളപ്പോലുന്ന പച്ചപ്പൊന്തകൾ സൂര്യരശ്മിയിൽ കനകക്കിനാവുകളും കണ്ടുകൊണ്ടു കിടക്കുകയാണു്. പരിക്ക പററാത്ത ആ ആരോഗ്യകരമായ സസ്യപ്പടപ്പു് ഓരോരുത്തരിലും ഓരോ അനുഭവവിശേഷങ്ങൾ ഉണ്ടാക്കിയിരുന്നിരിക്കാം. ഈന്തിൻപട്ടകൾ തെങ്ങോലകളെ വെല്ലുവിളിച്ചു കാററിൽ ആടിയിരുന്നു. പൊന്നു കായ്ക്കുന്ന മണ്ണിൽ എല്ലാം സമൃദ്ധമായി വളർന്നുനില്ക്കുകയാണു്. അതാ, ഒരു മുളക്കൂട്ടം ഒരു

കുട്ടകുടുംബത്തിൻെറ ഭയങ്കരമായ ഒരുമിപ്പോടെ നില്ക്കുന്നു. കാററ് അതിനുള്ളിൽനിന്നു് ഒരു മധുരശബ്ദം പുറപ്പെടുവിക്കാൻ കിണയുന്നുണ്ടു്. പക്ഷേ 'ഞാനൊരു ശബ്ദവും പുറപ്പെടുവിക്കുകയില്ലെ'ന്ന മട്ടിൽ ഒരു പ്രതിഷേധം പോലെ നില്ക്കുകയാണതെന്നു തോന്നി. ഓടക്കുഴലുണ്ടാക്കാനെന്നും പറഞ്ഞു തന്നിൽനിന്നും എടുത്തുകൊണ്ടുപോയവ ലാത്തികളായുപയോഗിച്ചതിലുള്ള ഒരു പ്രതിഷേധം! കളഗീതി കേഠക്കമെന്നു നിനച്ച അതിൻെറ ചെവിയിൽ കരച്ചിലുകഠ വന്നലച്ചു!

ഞങ്ങളുടെ വാൻ വീണ്ടും നിറുത്തി. ഇനി മുകളിലെത്താൻ രണ്ടു ചുററുംകൂടിയേ കയറേണ്ടതുള്ളു. ഞങ്ങഠ ചുവട്ടിലേയ്ക്കു നോക്കി. പച്ചപ്പു കിടന്നു തിരയടിക്കുന്നു!

ആ കാട്ടിൽനിന്നൊരു മുഴക്കം!

"അതാ, ആനയുടെ ചിന്നംവിളി!"

ചങ്ങല കാണാത്ത സ്വാതന്ത്ര്യത്തിൻെറ മന്ദ്രധ്വാനം!

ഇണകളൊന്നിച്ചു കൂട്ടംകൂടി, തിമർത്തുകൊണ്ടു നടക്കുന്ന ആനക്കൂട്ടത്തെ കാണാനുള്ള വെമ്പൽകൊണ്ടു കണ്ണുകഠ കാട്ടിനുള്ളിലേയ്ക്കു പാഞ്ഞുചെല്ലുകയായി. അപ്പോഴാണു് ആനയെക്കുറിച്ചു കൂടുതൽ 'വിഭക്തി'യുള്ള ഒരപ്പുമണ്ണൻ ഇങ്ങിനെ പറയുന്നതു കേട്ടതു്: "അതു് ആനയുടെ ശബ്ദമല്ല. ചുരം കയറുന്ന ലോറിയുടെ തേങ്ങലാണു്."

എല്ലാ സങ്കല്പങ്ങളുടെ കുട്ടിപ്പുരയും മണ്ണടിഞ്ഞു.

ഞങ്ങൾ ചുരം മുഴുവൻ കയറിക്കഴിഞ്ഞു. കൂടുതൽ മനുഷ്യപ്രയത്നവും മനുഷ്യവാസവുമുള്ള പ്രദേശത്തു ഞങ്ങൾ എത്തി. "ആവൂ, ഇനി പ്രയാസമില്ല" എന്നമട്ടിൽ ഒരു പുതുജീവൻ വീണതുപോലെ വാൻ നിരപ്പായ പാതയിലൂടെ പൂർവ്വാധികം ഉശിരോടെ പായാൻ തുടങ്ങി.

ആ പാതവക്കത്തും ഒരീശ്വരൻ! കൽക്കൂട്ടിൽ നില്ക്കുന്ന മൂപ്പർ ശൂലധാരിയാണ്. ചുറ്റും ധാരാളം ശൂലങ്ങൾ തറഞ്ഞുനില്പുണ്ട്. വഴിപാടുവക കൈവന്നതാവാമെന്നു തോന്നി. ഈശ്വരന്നു ബുദ്ധിയുണ്ട്. കാട്ടിൽ നില്ക്കുന്ന തനിക്കു കദളിപ്പഴവും ശക്കരയുമല്ല, ശൂലമാണ് വേണ്ടതെന്നെങ്കിലും തോന്നിയല്ലോ!

'കാല്ലേം മാലേം' കെട്ടിനില്ക്കുന്ന കുരുമുളകുതോട്ടങ്ങൾ, 'റാത്തീബ്' കഴിച്ചാലത്തെപ്പോലെ വയററത്തു വടുകെട്ടിനില്ക്കുന്ന റബ്ബർമരങ്ങൾ, സിൽവർഓക്കിൻെറ നീലനിഴലുകളിൽ നീന്തിക്കളിക്കുന്ന ചായകാപ്പിത്തോട്ടങ്ങൾ—ഇതെല്ലാം വാരിവാരിത്തിന്നുകൊണ്ടു ഞങ്ങൾ ഒരു ചന്തയ്ക്കു സമീപമെത്തി. ഒരു നവോന്മേഷം ചിറകു വിരുത്തി. ഒരു നിമിഷം വാൻ അവിടെ നിന്നു.

ജടപിടിച്ച തല, കരുവാളിച്ച നീരു വാന്ന നാരങ്ങപോലെ ചുങ്ങിവിളത്ത മുഖം, പട്ടിണിയുടെ മടപോലെ ഒട്ടിയ വയർ, പുഞ്ചിരിക്കു മങ്ങലുണ്ടാക്കുന്ന പുളിങ്കുരുപോലത്തെ പല്ലുകൾ, ഇരുണ്ട ഉടുപ്പ്, ഇങ്ങിനെയുള്ള മനുഷ്യരേയും— പണിയന്മാരെ—ആ വളക്കൂറുള്ള മണ്ണിൽ കാണുകയുണ്ടായി. ചിറകു വിരുത്തിയ ഉന്മേഷം തളൎന്നുവീണു!

ഒരു സ്ഥളേ ഞങ്ങൾ കണ്ടുള്ളു. പക്ഷേ പക്ഷികൾ പലതും ഞങ്ങളുടെ കണ്ണിൽപ്പെടുകയുണ്ടായി!

ഞങ്ങൾ രണ്ടു മണിക്ക് അബ്ദുള്ളയുടെ ബങ്കളാവിൽ എത്തിച്ചേർന്നു. വൃത്തിയുള്ള അതിൻെറ മുററത്തുചുററും തണൽ വിരിച്ചുകൊണ്ട് ഒരു തൈമാവു നില്ക്കുന്നു. അതിൻെറ തണലിലിരുന്നു ഞങ്ങൾ ചായ കുടിക്കുകയും സൊള്ളുകയുമായി. കൃഷ്ണവാരിയർ അവിടെ തൂങ്ങി നിന്നിരുന്ന എന്തോ കണ്ട്, ഒരു കിളിക്കൂടാവുമെന്നു കരുതി ഓടിച്ചെന്നു. അതു മററെന്തോ ആയിരുന്നു. ഒരു മിഥ്യാഭ്രമം! ഞങ്ങൾ ആ കുന്നിൻപുറത്തു കണ്ട കാട്ടുപൂക്കൾ പറിച്ചു വാസനിച്ചുനോക്കി. പൂക്കൾക്കു വാസന തുലോം കുറവായിരുന [illegible] ജി. ഒരു കണ്ണം കവിത പറഞ്ഞു: "മുകളിലേയ്ക്കു [illegible] റാറും വാസന കുറയുമായിരിക്കാം."

മുര [illegible] വെച്ചിട്ടുള്ള ഞങ്ങൾ ചില കൌമാരരംഗങ്ങൾ [illegible] ിടെ അഭിനയിച്ചു. കൃഷ്ണവാരിയർ തൻെറ കഴുത്ത [illegible] ള്ള ക്യാമറ ശരിപ്പെടുത്തുന്നതിന്നിടയിൽ പറഞ്ഞു: " [illegible] ുപ്പു [illegible] ാസ്റ്റർ ഈ മാവിൻകൊമ്പിലൊന്നു തൂങ്ങു, തല കി [illegible] ംതൂക്കായി."

ജി. ഒ [illegible] ങ്കിച്ചു; ചിരിച്ചു. കൃഷ്ണവാരിയർ പറഞ്ഞാൽ [illegible] തൂങ്ങാതിരിക്കും? എങ്ങിനെ തൂങ്ങും? പൊട്ടിച്ചി [illegible] കൊണ്ടും ഉൽക്ക [illegible] കൊണ്ടും അവിടം നിറഞ്ഞു.

കേ [illegible] ൻെറ മഹാകവി ആ മാവിൻകൊമ്പിൽ തല കിഴ [illegible] ംതൂക്കായി തൂങ്ങി. അതൊരു നടുക്കംകൊള്ളിക്കുന്ന കാഴ്ചയായിരുന്നു. കൃഷ്ണവാരിയർ ഈ അപൂർവ്വകാഴ്ച

യെ തന്റെ ക്യാമറയിലേയ്ക്കു പകൎത്തി. ജി.ക്കു കുറച്ചുനേരം ഒരസ്വാസ്ഥ്യത അനുഭവപ്പെട്ടു. തല, മുതു, കൈ ഇവയെല്ലാം വേദനിച്ചു. 'നിലയ്ക്കു നില്ക്കാഞ്ഞാൽ ഇങ്ങനെയാണു്' എന്നാവാം വേദനകളുടെ ഭാവം.

കൃഷ്ണവാരിയരും മാവിൻകൊമ്പിൽ തല കിഴക്കാംതൂക്കായി തൂങ്ങി. അബ്ദുള്ളയാണു് അതു ക്യാമറയിലേയ്ക്കു പകൎത്തിയതു്.

കൃഷ്ണവാരിയർ മററുള്ളവരെ തൂങ്ങാൻ പ്രേരിപ്പിക്കുന്നതുപോലെ താൻ സ്വയം തൂങ്ങാനും തയ്യാറാണെന്നു കാണിച്ചു.

അബ്ദുള്ളയുടെ വിഭവസമൃദ്ധമായ വിരുന്നിന്നുശേഷം ഞങ്ങൾ തെല്ലൊന്നു വിശ്രമിച്ചു.

ചായ കഴിഞ്ഞപ്പോൾ കൃഷ്ണവാരിയർ: "നമുക്കൊന്നു നായാടുക."

നായാട്ടിന്നു കുറച്ചു ചില മനുഷ്യരല്ലാതെ മററു യാതൊരുപകരണങ്ങളുമുണ്ടായിരുന്നില്ല.

"തോക്കും കുന്തവും ഒന്നുമില്ലല്ലോ. നിർബ്ബന്ധമാണെങ്കിൽ കുററിക്കാടുകളിൽ മുയലിനെ നായാടാം."

"വേണ്ട!" ജി. അസ്വാസ്ഥ്യതയോടെ പറഞ്ഞു: "നായാടലൊന്നും വേണ്ട. അതിനു പകരം നമുക്കു കുറച്ചു നടക്കാം."

കൃഷ്ണവാരിയക്കു് അപ്പോഴും നായാടണമെന്നുണ്ടായിരുന്നു. എങ്കിലും ജി.യുടെ മാൎഗ്ഗത്തെ അദ്ദേഹവും സ്വീകരിച്ചു. ഞങ്ങൾ നടക്കാനിറങ്ങി. മുക്കിത്തുടുത്ത ചുണ്ടുമാ

യി കാററത്തു കുണുങ്ങിനില്ക്കുന്ന തേവിടിശ്ശി(പൃച്ചെടി) പ്പൊന്തകളെക്കൊണ്ടു കരയിട്ടുനില്ക്കുന്ന പാതയിലൂടെ ഞങ്ങൾ നടന്നു. അതിന്നിടയിൽ കൃഷ്ണവാരിയർ: "മനുഷ്യനിലുള്ള മൃഗത്തിനെ ചിലപ്പോഴൊക്കെ നമ്മൾ അഴിച്ചുവിടണം."

"എന്തിനാണതു്?"

"അതു വേണം."

"അഴിച്ചുവിടാൻ പാടില്ല!" ജി. എതിർത്തു. "കഴിയുന്നതും മുറുക്കികെട്ടണം."

........പക്ഷേ, മനുഷ്യനിലുള്ള കാട്ടാളനെ കയറൂരിവിട്ടാൽ........ഫാഷിസം! അവനെ സ്വച്ഛന്ദസഞ്ചാരത്തിനു വിട്ടാൽ പല മൂല്യങ്ങളും മടിച്ചേയ്ക്കും. മനസ്സിൽവെച്ചു നല്ല അഭ്യാസങ്ങൾ കൊടുത്തശേഷമേ പുറത്തിറക്കാൻ പാടുള്ളൂ.

ഞങ്ങളങ്ങിനെ ആ നിർജ്ജനമായ പാതയിലൂടെ നടന്നു. പലതും കണ്ടു. ഇടയ്ക്കിടെ കൃഷ്ണവാരിയരും അബ്ദുള്ളയും ഫോട്ടോകൾ എടുത്തിരുന്നു. പി. സി. വൈലോപ്പിള്ളിയെ ഒക്കത്തു് എടുത്തുകൊണ്ടുള്ള ഒരു ഫോട്ടോവുമുണ്ടായിരുന്നു—ചെറുകഥ കവിതയെ എടുത്തു താലോലിക്കുംപോലത്തെ ഒന്നു്!

പാതവക്കത്തുള്ള ഒരു മാളികമുകളിൽനിന്നു് ഒരു പാട്ടു കേൾക്കായി. കുറച്ചു ചെറുപ്പക്കാരേയും അവിടെ കണ്ടു.

"വായനശാലയായിരിക്കാം." ഞങ്ങൾ അതിൻെറ

അടുത്തേയ്ക്കു നീങ്ങി. അപ്പോൾ അവിടെ കറുത്ത കുപ്പായത്തിൽ പൂഴ്ന്നുകൊണ്ടു് ഒരു സ്വരൂപം നില്ക്കുന്നു—വെളിച്ചത്തിൻെറ നേക്കുള്ള ഒരു 'ഗോമ്പാക്ക'വിളിപോലെ! ഞങ്ങൾ അങ്ങോട്ടു കയറിയില്ല.

"ഇനി ഇവിടെ നിന്നാൽ ഒന്നും കാണില്ല" എന്ന ഭാവത്തിൽ സന്ധ്യ വന്നു. ഞാൻ ചുറ്റും നോക്കി. ഉയന്നു കാണുന്ന കുന്നുകളുടെ ചുറ്റും മൂടൽമഞ്ഞു കൊതുവലകൾ ഇടുകയാണു്. ഞങ്ങൾ ആ നാട്ടുവെളിച്ചത്തിലൂടെ ബങ്കളാവിലേയ്ക്കു മടങ്ങുകയാണു്. "ഇതാ, ഈ പൂവിന്നു വാസനയുണ്ടു്; നോക്കു, ഒരു 'വിഷകന്യക'യുടെ മുഖസൌരഭ്യം, ഇല്ലേ?" വൈലോപ്പിള്ളി താൻ പറിച്ച കാട്ടുപിച്ചകപ്പൂക്കൾ ഞങ്ങൾക്കു തരുന്നതിന്നിടയിൽ പറഞ്ഞു. പൂക്കളേക്കാൾ വാസന അദ്ദേഹത്തിൻെറ വാക്കുകൾക്കായിരുന്നില്ലേ? എങ്കിലും അദ്ദേഹത്തിൻെറ വാസനയുള്ള കൈകളിൽക്കിടന്ന ആ പൂക്കൾ, നിലാവിൻനുറുങ്ങുകൾപോലെ തിളങ്ങി. ആരും കാണാതെ, ആക്കും വേണ്ടാതെ, പരിമളം പൊഴിച്ചു വാടിപ്പോകേണ്ടിയിരുന്ന ആ കാട്ടുപിച്ചകപ്പൂ ഒരു കവിയുടെ കരസ്പശമേറ്റു സൌരഭ്യം വീശുകയാണു്.

ഞങ്ങൾ ഒമ്പതു മണിക്കു് അബ്ദുള്ളയുടെ ബങ്കളാവിൽനിന്നു മടങ്ങി. ഇരുട്ടിനെ തുളച്ചുകൊണ്ടു വാൻ പായാൻ തുടങ്ങി. ഞാൻ പുറത്തേയ്ക്കു നോക്കി. ഒന്നും കാണാനില്ല. നിറയെ നിശാന്ധകാരം. പിന്നിൽനിന്നു വൈലോപ്പിള്ളിയും ഒളപ്പമണ്ണയുംകൂടി വിലപിക്കുന്നതു കേട്ടു:

"നമ്മൾ പല രസമുള്ള കാഴ്ചകളും കണ്ടു. പക്ഷേ ഒരൊററ സുന്ദരിയെയെങ്കിലും കണ്ടില്ല."

"മോടിയിൽ ഉടുപ്പിട്ടു്, ഉല്ലാസവതിയായി, പുഞ്ചിരി പൊഴിച്ചുകൊണ്ടു നൃത്തംവെയ്ക്കുന്ന ഒരു സുന്ദരിയെ—ഒരു മിസ്സ് വയനാടിനെ—ഞാനിവിടെ കാണുകയുണ്ടായി."

"ഇപ്പറയുന്നതു കവിതയാണു്. ഞങ്ങൾ കുറെക്കൂടി ഭൌതികമായാണു് പറയുന്നതു്."

"നിങ്ങൾ ഇങ്ങോട്ടു പോന്നതു താരങ്ങളെ കാണാനാണോ? എന്നാൽ നിങ്ങൾക്കു തെററി. വയനാടു തരളദ്യുതി ചിതറുന്ന താരങ്ങളുടെ തട്ടകമല്ല."

വാൻ ഞങ്ങളുടെ സംഭാഷണങ്ങളിൽ ചെവികൊടുക്കാതെ പ്രാപ്യത്തിലേയ്ക്കു കുതിക്കുകയാണു്. കവികളുടെ ഈ വിലാപത്തിൽ—സുന്ദരിമാരെ കണ്ടില്ലല്ലോ എന്ന വിലാപത്തിൽ—തെല്ലൊരു പരമാത്ഥമില്ലേ? ഉവ്വു്, ശരിയാണു്. ഞങ്ങൾ അവിടത്തെ പ്രകൃതിയിൽ കൊതി തോന്നിക്കുന്ന പല കാഴ്ചകളും കണ്ടു. പക്ഷേ ആരോഗ്യമുള്ള, പ്രസന്നതയുള്ള, ഒരൊററ മനുഷ്യനേയും ഞങ്ങളവിടെ കണ്ടില്ല. പലചരക്കുപീടികകൾ, തുണിപ്പീടികകൾ, ചായപ്പീടികകൾ, മുറുക്കാൻകടകൾ—എല്ലാം ഞങ്ങൾ അവിടെയും കണ്ടു. എന്നാൽ എല്ലാററിലും ഒരു നിരുന്മേഷതയും നിറമില്ലായ്മയും! നല്ല വിളവുള്ള ഭൂമി. മനുഷ്യൻ അതിൽ കഴിവനുസരിച്ചു പണിയെടുക്കുന്നു. എന്നിട്ടും അവൻെറ കത്തിക്കലത്തിൽ മാററമില്ല! മനുഷ്യൻെറ നീരിനെ

നിഗൂഢമായി വാററുന്ന ഒരു ദുർല്ലളിതശക്തിയുടെ തിരി പ്പ് അവിടെയുണ്ടെന്നു തോന്നി.

"കഠിനാധ്വാനം ചെയ്തിട്ടും ഭൂരിപക്ഷം ജനങ്ങളുടേയും കഞ്ഞിക്കലത്തിൽ മാറാലകെട്ടുന്ന ആ നിർഭാഗ്യസ്ഥിതിയെ ഞങ്ങൾ സംഘടിതരായി നിന്നു നശിപ്പിച്ചേ അടങ്ങൂ" എന്നു നാടകോത്സവത്തിലെ അനുഭവങ്ങൾ എന്റെ ഹൃദയത്തെ ആശ്വസിപ്പിച്ചു.

ഇന്നലെ കണ്ടതെന്താണ്? തൂലികയുടെ പ്രയത്നത്താൽ തരിശായികിടന്നിരുന്ന നാടകപ്രദേശം തെഴുത്തു തേങ്കനിയണിയാൻ തുടങ്ങുന്നതു്. ഇന്നു കണ്ടതോ? തൂമ്പയുടെ പ്രയത്നത്താൽ മലംപ്രദേശങ്ങൾ മധുരഫലങ്ങൾ തിങ്ങിനില്ക്കുന്നതു്. മനസ്സിന്റേയും വയറിന്റേയും രക്ഷയ്ക്കും വളർച്ചയ്ക്കുമുള്ള ഈ വിളവിൽ ചാഴി വരാൻ എളുപ്പമാണ്. അതു വരാതെ കഴിക്കാൻ നോക്കണം.

മനസ്സിൽ പല ഉറവിടങ്ങളുമുണ്ടായതായിത്തോന്നി. ഞങ്ങൾ ചുരം ഇറങ്ങിക്കഴിഞ്ഞു. ഒരു പുതിയ വെളിച്ചം വീണതുപോലെ തോന്നി. ചന്ദ്രൻ ഉദിച്ചുവരികയാണ്. നറുനിലാവു് ആ പച്ചക്കാടിന്റെ കവിളിൽ പൌഡറിടുകയാണ്. ഞങ്ങൾ ആ കോടീശ്വരിയോടു യാത്ര ചോദിച്ചു മനമല്ലാമനഃസ്സോടെ മടങ്ങി.

# ചക്രവാളത്തിലേയ്ക്കു്

"നാലപ്പാട്ട കുന്നംകുളം ആസ്പത്രിയിലാണു്. രോഗത്തിന്നു കുറച്ചാശ്വാസമുണ്ടു്........"

"ഇന്നലെ രോഗം മൂർച്ഛിച്ചു; ബോധക്ഷയമുണ്ടായി. നല്ല ക്ഷീണമുണ്ടു്. സ്ഥിതി ഉൽക്കണ്ഠാജനകമാണു്."

"ഇന്നു് അദ്ദേഹത്തിന്നു കുറച്ചാശ്വാസമുണ്ടു്...."

ഇങ്ങിനെ നാലപ്പാട്ടിൻെറ രോഗസ്ഥിതി നമ്മെ സംഭ്രമിപ്പിക്കുന്ന തരത്തിൽ ചാഞ്ചാടുകയായിരുന്നു. അദ്ദേഹത്തെ ഒന്നു ചെന്നു കാണാൻ ഹൃദയം കിടന്നു വെമ്പുകയായി. "ഇന്നാവാം, നാളെയാവാം" എന്നിങ്ങിനെ യാത്ര നീണ്ടുപോയി. ഹൃദയത്തിലെ വീർപ്പുമുട്ടലും!

അങ്ങിനെ ഒരു ദിവസം ഞാൻ നാലപ്പാട്ടിനെ കാണാൻ പുറപ്പെട്ടു. തനിച്ചേ ഉണ്ടായിരുന്നുള്ളു.

തൃശ്ശൂർ വണ്ടിയിറങ്ങിയപ്പോഴുണ്ടു്, മുണ്ടശ്ശേരിമാഷ് അവിടെ നില്ക്കുന്നു—ആ തലയെടുപ്പോടും സഹജമായ ഉത്സാഹത്തള്ളിച്ചയോടുംകൂടി.

"ഏയ്," മാഷ് എന്നെ വിളിച്ചു. കയ്യാംഗ്യത്തോടുകൂടി ചോദിച്ചു: "താനെങ്ങോട്ടാണു്?"

"നാലപ്പാട്ടിനെ ഒന്നു കാണാൻ."

"ഞാൻ ഇയ്യിടെ അദ്ദേഹത്തെ പോയിക്കണ്ടിരുന്നു. കുറച്ചാശ്വാസമുണ്ടു്."

മനസ്സിന്നു് ഒരു തണുപ്പു കിട്ടി.

"മാഷ് എങ്ങോട്ടാണ്?"

"പുലിവാലു താനറിഞ്ഞില്ലേ? (ഉവ്വെന്നർത്ഥത്തിൽ ഞാൻ തലയാട്ടി) നിയമത്തിലൂടെ ഇതിന്നു വല്ല പരിഹാരവും കിട്ടുമോ എന്നു നോക്കേണ്ടേ? അതിന്നു് എറണാകുളത്തേയ്ക്കു പോവുകയാണ്. ഒരു പരിഹാരവും കിട്ടിയില്ലെങ്കിലും ആരുടെ മുമ്പിലും കെഞ്ചാനും കുമ്പിടാനുമൊന്നും ഭാവോല്യ!"

"എന്നാലങ്ങിനെ" ഞങ്ങൾ തമ്മിൽ പിരിഞ്ഞു. ഞാൻ ബസ്സ്സ്റ്റാണ്ടിലേയ്ക്കു നടക്കുകയായി.

മുണ്ടശ്ശേരിമാഷ് പിരിച്ചുവിടപ്പെട്ടിരിക്കുന്നു! മാഷ് പറഞ്ഞുതന്ന ഒരു കഥ ഓർമ്മയിൽ ഓടിവന്നു:

മാഷ് അന്നു് ഒരു കുമാരനായിരുന്നു—പത്തോ പന്ത്രണ്ടോ വയസ്സു പ്രായമുള്ള ഒരു കുമാരൻ! അന്നേ സാഹിത്യത്തിലായിരുന്നു ആ കുമാരനു് ഏറെ ഹൃദയാഹ്ലാദം. ഒഴിവുകിട്ടുമ്പോഴൊക്കെ ആ കൌമാരഹൃദയം കവിതാപുസ്തകങ്ങൾ വാരിത്തിന്നും. ഒരു രാത്രിയിൽ സ്വന്തം വീട്ടുകോലായിലിരുന്നു കുണ്ടൂരിൻെറ കൃതികൾ വായിക്കുകയായിരുന്നു:

"വാളേ തെളിഞ്ഞിടുക നിൻപണി തീർന്നതില്ല;
നാളേയ്ക്കു നീട്ടിടുക നിൻെറയുറക്കമെല്ലാം,
ആളേറെയുണ്ടിത, പടയ്ക്കുവരുന്നു; തേൻചൊ-
ല്ലാളേ, നിനക്കിനിയുമിന്നൊരു കാഴ്ച കാണാം."

ഈ മനോഹരശ്ലോകം ചൊല്ലിക്കഴിഞ്ഞപ്പോഴേയ്ക്കും പിതാവിന്നു ക്ഷമയററു, അദ്ദേഹം കോപാക്രാന്തനായി!

"ഞാൻ നിന്നോടു് എത്ര കുറിയായെടാ പറയുന്നു, കത്തോലിക്കർക്ക് 'സ്തോത്രം' ചൊല്ലാൻ പാടില്ലെന്നു്! മതല്യാത്തോനേ, പുറത്തു പോടാ."

നമ്മുടെ കുമാരൻ പുറത്താക്കപ്പെട്ടു. രാത്രി, ഇരുട്ടു്, മഴ, കാററു് ഇതൊന്നും സാരമാക്കാതെ അയാഠം നടന്നു. ഒരു ചങ്ങാതിയുടെ പീടികക്കോലായിൽ ചെന്നു കിടന്നു. കുറച്ചു നിമിഷമേ വേണ്ടിവന്നുള്ളൂ, മതാന്ധത കല്ലപാകിയ ആ ഹൃദയത്തിലും പിതൃവാത്സല്യം നികന്നുപൊന്തുവാൻ! വിളക്കുംകൊളുത്തി പിതാവു മകനെ അന്വേഷിക്കാൻ പുറപ്പെടുകയായി. പീടികക്കോലായിൽക്കിടന്നിരുന്ന മകനെ വീട്ടിലേയ്ക്കു തിരികെ കൊണ്ടുവന്നതിന്നുശേഷമേ പിതാവിന്നു സ്വസ്ഥത കൈവന്നുള്ളൂ!

ഇങ്ങിനെ മുണ്ടശ്ശേരിമാഷരുടെ ജീവിതത്തിൻെറ തുടക്കംതന്നെ പുറത്താക്കലിലൂടെയാണു്. അന്നു് ഇരുട്ടിൻേറയും കാററടിയുടേയും മുന്നിൽ ചൂളാതെ നിർഭയം മുന്നോട്ടുപോയ ആ പിഞ്ചുധീരത ഇന്നു മൂപ്പെത്തി സട കുടയുകയാണു്: "ആരുടെ മുമ്പിൽ നിന്നും കെഞ്ചാനും കുമ്പിടാനും ഭാവമില്ല."

മാഷെസ്സംബന്ധിച്ചിടത്തോളം, 'വാളേ തെളിഞ്ഞിടുക' എന്ന ശ്ലോകം ഇന്നും അർത്ഥവത്തത്രേ! മാഷ് ഇന്നു് ഉറയൂരിയ വാളുമായി ഒരു പടയ്ക്കു മുമ്പിൽ നില്ക്കുകയാണല്ലോ. വാളേ, തെളിഞ്ഞുനിന്നോളൂ. ഒരു നല്ല നാളെ നിന്നെ കുങ്കുമമണിയിക്കാതിരിക്കയില്ല.

ഞാൻ കുന്നംകുളത്തേക്കുള്ള ബസ്സിൽ കയറിയിരുന്നു. ബസ്സ്സ്റ്റാണ്ടിന്നഭിമുഖമായുള്ള പോലീസ്സ് സ്റ്റേഷ

നിൽനിന്നു് ആമംവെച്ച രണ്ടു കുട്ടികളെ രണ്ടു പോലീസ്സുകാർ കൂടി കൊണ്ടുവരുന്നു. ആ കുരുന്തുകവിളിൽ കണ്ണീരൊലിപ്പാടുണ്ടു്. മൂപ്പെത്താത്ത അവരുടെ കാൽച്ചണ്ണനീരു വന്നു വീർത്തിരിക്കുന്നു. ബസ്സു നീങ്ങി. മജിസ്ട്രേട്ടുകോടതിയിലേയ്ക്കു കൊണ്ടുപോകുന്ന ആ കുരുന്നുകുററവാളികളുടെ ചുററും കണ്ണു പാറുകയായി. പഴകല നിന്നാടുന്ന ചായക്കടകളിലേയ്ക്കു് ആ കുട്ടികളുടെ സതൃഷ്ണങ്ങളായ കണ്ണുകൾ മണ്ടിച്ചെല്ലുന്നതായിത്തോന്നി. കുട്ടിപ്രായത്തിൽ സഹോദരിയുടെ കൊച്ചുകുടുംബത്തിന്നു പശിയാററാൻ ഒരപ്പം മോഷ്ടിച്ചതിന്നു് അറസ്ററുചെയ്യപ്പെട്ടു്, കാൽനൂററാണ്ടിന്നുശേഷം തഴമ്പിച്ച തടവുപുള്ളിയായി പുറത്തുചാടിയ 'പാവങ്ങ'ളിലെ ഴാങ്ങ് വാൽ ഴാങ്ങിനെ എനിക്കോർമ്മിക്കാതിരിക്കാൻ കഴിഞ്ഞില്ല. ആ പൊള്ളുന്ന കാഴ്ച കാണെക്കാണെ മറഞ്ഞു.

ബസ്സു പടിഞ്ഞാറെ പ്രദക്ഷിണവഴിയിലൂടെ ഇഴഞ്ഞു നീങ്ങുകയാണു്. ഷിഫ്ററു കഴിഞ്ഞു്, സീതാറാമിൽനിന്നു്, തലയിലും മുഖത്തും പഞ്ഞിച്ചുരുളുകൾ പററിക്കൊണ്ടു സ്ത്രീത്തൊഴിലാളികൾ താന്താങ്ങളുടെ വീടുകളിലേയ്ക്കു മടങ്ങുന്നതു കാണായി. ആ അധ്വാനശീലകൾ തളർന്നിരുന്നു. എങ്കിലും, ഒരു പുതുവസന്തം അവരുടെ തലയിൽ കുരുത്തുവരുന്നതുപോലെ തോന്നി.

അതാ, മറെറാന്നു്! "കുഷ്ഠരോഗികൾക്കും ജീവിക്കണം" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടു് ഒരു ജാഥ!

ബസ്സിലിരുന്നിരുന്ന, ലിനൻഷർട്ടിൽ മുങ്ങിനിന്നിരു

ന്നു, ഒരു മനുഷ്യസ്ത്രീ ഇങ്ങിനെ പറയുന്നതു കേട്ടു: "ഇവരേറെ തുടങ്ങിയോ, ജാഥേം കൂക്കിവിളിയും?"

"കുഷ്ഠരോഗികൾക്കും ജീവിക്കണം." ജാഥ മുന്നോട്ടു നീങ്ങുകയാണു്. മുപ്പതോളം കുഷ്ഠരോഗികൾ അതിലുണ്ടു്—കുട്ടികളുണ്ടു്, ചെറുപ്പക്കാരുണ്ടു്, പ്രായം ചെന്നവരുമുണ്ടു്. ക്ഷുന്ദ്രുകളാലും വൃക്ഷങ്ങളാലും കാലുകളാലും നിറഞ്ഞ പുഴക്കരത്തേററ ഒരു കൊച്ചുമനുഷ്യപ്പടപ്പു്: മുഷിഞ്ഞുകീറി, കറകൾ നിറഞ്ഞ മുണ്ടും കുപ്പായവുമാണു് അവർ ധരിച്ചിരിക്കുന്നതു്. രോഗത്തിൻെറ നിർദ്ദയവും വ്യസനകരവുമായ ആക്രമണംനിമിത്തം അവരിൽ മിക്കപേരുടേയും മനുഷ്യച്ഛായതന്നെ മാഞ്ഞുതുടങ്ങിയിരുന്നു. രോഗം വിരലുകളെ കടിച്ചെടുത്തതുമൂലം മിക്കപേരുടേയും കൈപ്പടങ്ങൾ ചട്ടുകപ്രായമായിരിക്കുന്നു. മുഖത്തു മൂക്കിൻെറ സ്ഥാനത്തു കുഴികളാണു്. അവർ നടക്കുകയാണെന്നു പറയാൻ വയ്യ. ഇഴയുകയും നൊണ്ടുകയുമാണു്. എന്നിട്ടും അവർ പറയുന്നു: "കുഷ്ഠരോഗികൾക്കും ജീവിക്കണം!"

വേണം, അവരിൽ കണ്ട ആ കുട്ടികൾക്കു മതിരണം; ചെറുപ്പക്കാർക്കു പ്രവർത്തിക്കണം, സുഖിക്കണം; പ്രായംചെന്നവർക്കു തല ചായ്ക്കാൻ താവളം കിട്ടണം. അവർ അതിന്നായി കൊടിപിടിച്ചു സുധീരം മുന്നേറുകയാണു്. ആ കരുവാളിച്ച ചുണ്ടുകളിൽ നറുംപ്രസന്നത നിലാവു ചൊരിഞ്ഞു നില്ക്കുന്നു; ആ കൺകുണ്ടുകളിൽ ആശ തിരിനീട്ടുകയാണു്. ആ വിരലുകളില്ലാത്ത കൈപ്പടങ്ങൾക്കും മധുരമായ ജീവിതമധു കോരിക്കുടിക്കണമെന്നുണ്ടു്. "തൊടരുതു്, പോ അകലെ" എന്നു തട്ടിയകററിയാലും

മക്കൾ പിന്നേയും അമ്മയുടെ മടിക്കുത്തു പിടിച്ചു ശാഠ്യം പിടിച്ചു കൊഞ്ചാൻ അരികിലേയ്ക്കു് ഓടിവരികയാണെന്നു തോന്നി.

"കുഷ്ഠരോഗികൾക്കും ജീവിക്കണം." ആ തുടിക്കുന്ന ശബ്ദം നേർത്തുനേർത്തടങ്ങി. പക്ഷേ മനസ്സിൽ പിന്നേയും അതു മാറെറാലിക്കൊണ്ടു.

കുന്നംകുളത്തു ബസ്സിറങ്ങി നേരെ ആസ്പത്രിയിൽ ചെന്നു നാലപ്പാട്ടിനെപ്പററി അന്വേഷിച്ചു.

"അദ്ദേഹം ആസ്പത്രി വിട്ടു വീട്ടിലേയ്ക്കു പോയി. ദീനം ഏതാണ്ടു സുഖപ്പെട്ടിരിക്കുന്നു."

കുന്നംകുളത്തുനിന്നു് ആറു നാഴിക പടിഞ്ഞാട്ടു നടക്കണം നാലപ്പാട്ടിൻെറ വീട്ടിലെത്താൻ. അങ്ങോട്ടു ബസ്സു സർവ്വീസ്സൊന്നുമില്ല. എന്നാൽ ചുരുങ്ങിയ തോതിലുള്ള ഒരു കാർസർവ്വീസുണ്ടു് അങ്ങോട്ടു്. 'കുറച്ചുനേരം ഇവിടെ ഇരുന്നു പോയ്ക്കോളൂ' എന്നു പറയുന്ന യാതൊന്നുമില്ലാത്ത ആ 'പാറയിലങ്ങാടി'യിൽ ഞാൻ കാറു കാത്തുകൊണ്ടു നില്പായി.

താമസിയാതെ ഒരു കാറു വന്നു. 'പുന്നയൂർക്കുളത്തേയ്ക്കാണെങ്കിൽ കയറി ഇരുന്നോളൂ' എന്നു പറഞ്ഞു. ഞാൻ ആ 25-ലെ മോഡലിലുള്ള കാറിൽ കടന്നിരുന്നു. സീററും ടോപ്പും ഏതാണ്ടു് ഇല്ലാതായിരിക്കുന്നു. കുത്തിത്തറച്ചിരുന്ന സീററു 'വേഗം ഇറങ്ങിപ്പോയ്ക്കോളൂ' എന്നു സ്വകാര്യം പറഞ്ഞിരുന്നു. ഞാൻ ഒന്നു പിന്നാക്കം ചാരിനോക്കി. ആണികൾ ആഗതനെ തള്ളാനായി പതിയിരിക്കുകയാണു്.

കാറിൽ ആൾ നിറഞ്ഞു. ശരീരത്തിന്നു മാത്രമല്ല, ആത്മാവിന്നുകൂടി പരിക്ഷീണവും ബാധിച്ച ആ കാറിനെ ഒരു മട്ടിൽ ഉന്തി സ്റ്റാർട്ടാക്കി. വഴിയിൽക്കണ്ടവരെയെല്ലാം വാരിയിട്ടുകൊണ്ടതു പതുക്കെ ഇഴഞ്ഞു. ആൾപ്പുറ്റിന്നിടയിൽ പെട്ടുപോയ ഞാൻ ശ്വാസംകഴിക്കാൻ നിവൃത്തിയില്ലാതെ വീർപ്പുമുട്ടുകയായി. ആഞ്ഞൂറടിക്കടവത്തു ചെന്നപ്പോൾ ഞാനിറങ്ങി 'ഇനി ഞാൻ നടന്നു പൊയ്ക്കോള്ളാ'മെന്നു പറഞ്ഞു കാറിനോടു വിടവാങ്ങി.

കുശലാന്വേഷിയായ ഒരു കുളിർമാരുതൻ വന്നു തലോടിക്കൊണ്ടു കടന്നുപോയി.

തെളിവെളിച്ചത്തിൽ മുങ്ങിനില്ക്കുന്ന ആ നാട്ടിൻപുറത്തിലൂടെ ചവിട്ടുന്നവരുടെ നേർക്കും പ്രസാദസ്മിതം പൊഴിക്കുന്ന ആ വെണ്മണൽവീഥിയിലൂടെ ഞാൻ നടന്നു. ചക്കാട്ടുന്നതിന്റെ ശബ്ദം ചെവിയിൽ വന്നുവീണിരുന്നു—ഒരു ഇടറിഞ്ഞ വിലാപഗാനംപോലെ. പൂമലിടിയുമാറു വെളിച്ചെണ്ണ്'ക്കാവു'മേന്തി ചാഞ്ചാടിക്കൊണ്ടു പായുന്ന പൂമട്ടുതൊഴിലാളികൾ, ഓലക്കെട്ടും ചൂടിക്കൊണ്ടോടുന്ന കൂലിക്കാരിപ്പെൺകിടാങ്ങൾ, കുട്ടികളുമൊന്നിച്ച് പറമ്പുകളിൽനിന്നു പയറുരുത്തു 'മടി' വീർപ്പിക്കുന്ന കുടുംബിനിമാർ—ഇവരെയെല്ലാം പിന്നിട്ടുകൊണ്ടു ഞാൻ പടിഞ്ഞാട്ടു നീങ്ങി. എന്തുകൊണ്ടോ, തെങ്ങുകൾ പീലിവിരുത്തി ആടിയിരുന്നില്ല. കുണ്ഠിതംകൊണ്ടു നില്ക്കുകയായിരുന്നു, തന്റെ തലയ്ക്കു കൈവന്ന വിലയിടിച്ചിലിനെ ഓർത്ത്!

അറബിക്കടലിന്റെ മന്ദ്രധ്വാനം മനസ്സിൽ തിരയടിയുണ്ടാക്കി. അറബിക്കടലിന്റെ അയൽക്കാരനായിക്ക

ഴിയുന്ന നാലപ്പാട്ടിനെപ്പററിയുള്ള ഓർമ്മകൾ എന്നിൽ ഓളംതല്ലി. വെളുത്തു വടിവൊത്ത ദേഹത്തോടുകൂടിയ ഉയരം കുറഞ്ഞ ആ സൌഭാഗ്യശാലി നമ്മെ ഒററ നോട്ടത്തിൽ ആകർഷിച്ചുകളയുന്നു. ആംഗ്യങ്ങളെക്കൊണ്ടു സ്തോഭം നിറഞ്ഞ അദ്ദേഹത്തിൻെറ സംഭാഷണം, തുളച്ചുകയറുന്ന പരിഹാസം നിറഞ്ഞു കത്തി ജ്വലിക്കുന്ന ഫലിതം കൊണ്ടു മുഴങ്ങുന്ന സംഭാഷണം, ചെവിയിൽ നിറയുന്നതുപോലെ തോന്നി. ആ സംഗീതഭംഗി തുളുമ്പുന്ന അദ്ദേഹത്തിൻെറ വാഗ്ധാര ചെവിയിലെത്തുമ്പോഴെയ്ക്കും ചാലു വററാതെ ഹൃദയത്തിലേയ്ക്കു നേരെയൊഴുകിച്ചെന്നു നിറവും നിർവ്വതിയുമുളവാക്കുന്നു. അതു് ഒരു കൊച്ചുകലാപ്രകടനമാണെന്നു പറയാം.

അങ്ങനെ അവിടെ ചെല്ലുന്നവരെയെല്ലാം തൻെറ സംഭാഷണംകൊണ്ടു ചിരിപ്പിക്കുകയും ചിന്തിക്കാൻ വിടുകയും ചെയ്യുന്ന നാലപ്പാട്ടിപ്പോൾ പടിപ്പുരമാളികയിൽ രോഗവാർദ്ധക്യങ്ങളുടെ വിശ്രമവിരിപ്പിൽ തളർന്നു കിടക്കുകയാവും എന്നോർത്തപ്പോൾ എനിയ്ക്കൊരു സ്വാസ്ഥ്യക്കുറവു തോന്നി. സംസാരിക്കാൻ വയ്യാത്ത നാലപ്പാട്ടിനെപ്പററി ഓർമ്മിക്കുക എന്തൊരു വ്യസനകരമാണു്! അദ്ദേഹത്തോടു സംസാരിക്കാൻ നില്ക്കുന്നതോ, അദ്ദേഹത്തിൻെറ ആരോഗ്യത്തിൻെറ ഭദ്രതയ്ക്കു ഭംഗവുമാവും!

ആ ചെറിയ പാടത്തിൻെറ വക്കത്തു് എന്തോ ചെവിയോർത്തുകൊണ്ടെന്നപോലെ ശാന്തമായി നിലകൊള്ളുന്ന നാലപ്പാട്ടുവീടു കാണായി. ഞാൻ പൂമുഖത്തേയ്ക്കു നേരെ കടന്നുചെന്നു. എൻെറ സങ്കല്പം വിഡ്ഢിയായി മു

ഖം തിരിച്ചു. അദ്ദേഹം പതിവിൻപടി പൂമുഖത്തുള്ള ആ വലിയ ചൂരൽച്ചാരുകസാലയിൽത്തന്നെ കിടക്കുന്നു. എന്നെക്കണ്ടയുടനെ പൊട്ടിച്ചിരിയോടുകൂടി എഴുന്നേററു. 'ഇരിക്കു' എന്നു പറഞ്ഞു പൂമുഖവാതുക്കലേയ്ക്കു നടന്നുചെന്നു്, വാത്സല്യത്തിൽ കുതിർത്ത സ്വരത്തിൽ പറയുന്നതു കേൾക്കായി: "ബാലേ, ചായ."

ഞാൻ ചുററും നോക്കി. എല്ലാം പഴയപടിതന്നെ. ഓമനിച്ചുവളർത്തിയ ഒന്നുരണ്ടു പനിനീർച്ചെടി! അതിൽ തുടുമൊട്ടുകളണിഞ്ഞുനിന്നാടുന്നു. പൂവിട്ടു കാണ്ണോടുകൂടിയ മുരിങ്ങാമരം അവിടെ നില്പുണ്ടു്. കസാലയ്ക്കരുകിലുള്ള കൊച്ചുമേശമേൽ പുസ്തകങ്ങൾ, പെന്നു്, പേഴ്സ് ഇതെല്ലാം അച്ചടക്കത്തോടുകൂടിയിരിക്കുന്നു. ഒരു ചെറിയ മാററം; വലിയ പിച്ചളച്ചെല്ലത്തിന്നു പകരം ഒരു വെള്ളി സിഗരററുകെയ്സാണു് അവിടെ കണ്ടതു്.

അദ്ദേഹം കസാലയിൽ വന്നിരുന്നു. നടത്തത്തിന്നു മുമ്പത്തെ വേഗമില്ല. എന്നാൽ, ഉത്സാഹത്തിന്നോ പ്രസന്നതയ്ക്കോ പറയത്തക്ക കുറവൊന്നും കണ്ടില്ല. ശരീരത്തിൽ പലയിടത്തും ഓപ്പറേഷൻവടുക്കൾ കാണായി—മരണത്തോടു പടവെട്ടി കൈവന്ന കീർത്തിമുദ്രകൾപോലെ!

"ശാരീരികമായി ഇങ്ങനെ ഒരു വേദന ഞാൻ അനുഭവിച്ചിട്ടില്ല. വേദന എന്നു പറഞ്ഞാലോ, വേദനതന്നെ!"

"ഇപ്പോ, എങ്ങിനെയിരിക്കുന്നു?"

"ഇപ്പൊക്കെ മാറി, പഴയ മട്ടിൽത്തന്നെയായി. പക്ഷേ" അദ്ദേഹം തുടന്നു: "കൈയ്ക്കു സ്വാധീനം പോരാ,

എഴുതുവാൻ വയ്യാതായി; കത്തെഴുതുന്നതുകൂടി ഇപ്പോ ബാലയാണു്."

'കണ്ണുനീർത്തുള്ളി'യുടെ കർത്താവിന്നു്, 'പാവങ്ങ'ളുടെ പരിഭാഷകന്നു്, എഴുതുവാൻ വയ്യെന്നായതു തുലോം സങ്കടത്തോടുകൂടി കേട്ടു. ഞാൻ അന്തംവിട്ടിരുന്നു. "ചായ കഴിക്കൂ" നാലപ്പാട്ടു് എന്നെ ഓർമ്മപ്പെടുത്തി. ചിരിച്ചു പറഞ്ഞുകൊണ്ടു് ഒരു കപ്പു ചായ മുമ്പിലിരിക്കുന്നു. ചായയ്ക്കല്ല കവിതയ്ക്കാണു് കട്ടി വേണ്ടതെന്നു് ആ ലൈററായ ചായ മന്ത്രിച്ചിരുന്നു.

ബാലാമണിയമ്മ പൂമുഖത്തേയ്ക്കു വന്നു—കയ്യിൽ സെറിഞ്ചും മുഖത്തു് ആ മായാത്ത മന്ദസ്മിതവുമായി.

നാലപ്പാട്ടു പറഞ്ഞു: "ദിവസവും ഇൻസുളീൻ ഇഞ്ചക്‌ഷൻ വേണം. ബാല ഇഞ്ചക്‌ഷൻ പഠിച്ചു."

മൃദുവായ തൂലികയേന്തിപ്പോന്ന കവിയുടെ കൈ മൂർച്ചയുള്ള സെറിഞ്ചെടുത്തു് ഇഞ്ചക്‌ഷൻ നടത്തുന്നതു കാണായി.

വേണ്ടിവന്നാൽ, ആത്മരക്ഷയ്ക്കുവേണ്ടി, പരിശുദ്ധിക്കുവേണ്ടി പൊരുതാൻ ആയുധമെടുക്കേണ്ടിവരുമ്പോൾ 'അമ്മ'യും 'കുടുംബിനി'യുമായ ആ കവിയുടെ കൈ വിറയ്ക്കുകയില്ലെന്നു തോന്നി. അവർ അകത്തേയ്ക്കു പോയി.

അവരുടെ കവിതകളിൽക്കാണുന്ന അതേ വിനയവും വാത്സല്യവും സ്നേഹവും ആത്മധൈര്യവുമാണു്, അവരിലും കണ്ടതു്. എന്നാൽ കവിതയിലെ ആ വളക്കിലുക്കം അവരിൽ അനുഭവപ്പെട്ടുകണ്ടില്ല. അവർ ശുഭ്രമായ ഖദറുടുപ്പിലാണു്. ആഭരണത്തിൻെറ ഛായയില്ലുള്ള ഒരു

സ്വർണ്ണക്കഷണമെങ്കിലും അവരിൽ കണ്ടതായി ഞാൻ ഓർക്കുന്നില്ല. കനകം വിരചിക്കുന്നവർക്കു് അതണിയേണ്ടായിരിക്കാം.

ഒരാശ്രമത്തെ ആരാമമാക്കിത്തീർത്താലത്തെ, അഥവാ ആരാമം ആശ്രമമായിത്തീർന്നാലത്തെ മട്ടാണു് അവിടെ കാണാൻ കഴിയുക. ആ സ്നേഹത്തിൻെറ മണം കലർന്ന മണ്ണിൽ 'വിഭ്രാന്തി'കൊള്ളേണ്ടയാവശ്യമുണ്ടെന്നു തോന്നിയില്ല.

ചിറകടികൊണ്ടു കൈകൊട്ടിവിളിച്ചു് ആർഭാടത്തോടെ കീർത്തിപതാക പറപ്പിക്കുന്ന സ്വഭാവം അവരിലില്ല. മണ്ണിൽ ഒരൊഴിഞ്ഞ മൂലയിൽ ലൌകികാനുഭവങ്ങളുടെ അരിമണികൾ കൊത്തിക്കൊറിക്കുന്ന ആ സുകുമാരമായ വിനയത്തിൽ അനന്തമായ ആകാശത്തിൻെറ തുടുപ്പും വെണ്മയും സ്വയം വന്നു് അലിഞ്ഞുചേർന്നിരിക്കുകയാണു്.

നാലപ്പാട്ടിൻെറ വെടിപറയലിൽ മുങ്ങിയിരുന്നതുകൊണ്ടു സമയംപോയതറിഞ്ഞില്ല. അദ്ദേഹം പലതിനെപ്പററിയും സംസാരിച്ചു. ആസ്പത്രിയിലെ വേദനാമയമായ ദിവസങ്ങളെപ്പററി പറഞ്ഞുകേട്ടപ്പോൾ കുറച്ചുനേരം ഞാനും വേദനയനുഭവിച്ചു. അദ്ദേഹം പുഞ്ചിരിക്കൊണ്ടു പറയുകയാണു്: "എനിക്കിപ്പോൾ ഒന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. നിങ്ങൾക്കൊക്കെ മരണമുണ്ടെന്നല്ലേ നിശ്ചയമുള്ളു? എന്നാൽ, എനിക്കു ഞാൻ ഇന്ന രോഗംകൊണ്ടാണു് മരിക്കുക എന്നു മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നു. അപ്പോൾ നിങ്ങളേക്കാൾ മരണത്തെക്കുറിച്ചു കൂടുതൽ ജ്ഞാനം എനിക്കുണ്ടായിട്ടുണ്ടു്."

അദ്ദേഹം പറഞ്ഞുകേട്ടപ്പോൾ തെല്ലൊലം ഒരു രസം തോന്നി. പക്ഷേ, ആലോചിക്കുംതോറും അസുഖമാണു് അനുഭവപ്പെട്ടതു്.

ഞങ്ങൾ രണ്ടാളും ഒപ്പം ഉണ്ണാനിരുന്നു. നാലപ്പാടനു മുമ്പു കുറച്ചുസമയമേ ഉണ്ണാൻ വേണ്ടിയിരുന്നുള്ളു. ഇന്നാകട്ടെ, കൈകൾ സ്വാധീനമില്ലാത്തതിനാൽ പണ്ടത്തേക്കാൾ സമയം വേണം ഊണിന്നു്. ഞാനൂൺകഴിഞ്ഞു കൈ കഴുകിയപ്പോൾ നാലപ്പാട്ടു പറഞ്ഞു: "പൂമുഖത്തേയ്ക്കു നടക്കാം. ഞാൻ ഊൺ കഴിഞ്ഞു് ഒന്നു വിശ്രമിച്ചു പുറത്തേയ്ക്കു വരാം."

ഞാൻ കസാലയിൽ ചെന്നു കിടന്നു് ഉറങ്ങാനായി കണ്ണടച്ചുനോക്കി; ഉറക്കം വന്നില്ല. 'പുളകാങ്കുര'ത്തിലേയും 'ചക്രവാള'ത്തിലേയും ചില വരികൾ കമ്പിമീട്ടിക്കൊണ്ടു കടന്നുപോയി; കണ്ണുനീർത്തുള്ളിയിലെ ചില ശ്ലോകങ്ങളും! എല്ലാററിലുമുപരിയായി പാവങ്ങൾ വന്നു ഹൃദയത്തിൽ നിറഞ്ഞു. ഉവ്വു്, ഴാങ്ങ്‌വാൽഴാങ്ങു്, മെത്രാൻ, ഫൻതീൻ, ഴാവേർ, കൊസത്തു്, മരിയൂസ്സു്, ഗവരോഷ് കുട്ടി, എപ്പൊണൈൻ, തെനാർദിയേർ തുടങ്ങി എല്ലാവരുമുണ്ടായിരുന്നു. ഭിന്നജീവിതങ്ങളും സ്വഭാവങ്ങളുമുള്ളവർ. ഉൽകൃഷ്ടരും അപകൃഷ്ടരും. ദാരിദ്ര്യത്തിലൂടേയും ദുരിതങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും, ഭരണപരിവർത്തനങ്ങളിലൂടേയും കടന്നുപോരുന്നവർ!"

പാവങ്ങൾ! ഒരനശ്വരഗ്രന്ഥമാണു്. സാമുദായികങ്ങളായ മർദ്ദനവും കഷ്ടപ്പാടുമുള്ള കാലത്തോളം അതു പ്രയോജനപ്പെടാതിരിക്കാൻ നിവൃത്തിയില്ല. മനുഷ്യനെ ആ

ത്മീയമായും ഭൌതികമായും കൊള്ളയടിച്ചുപോരുന്ന സ്വേച്ഛാധിപത്യത്തേയും അന്ധതയേയും നശിപ്പിച്ചേ മനുഷ്യജീവിതം ഒരു മനോഹരഗാനമായിത്തീരൂ, അതിന്നു വേണ്ടി സേവനത്തിലൂടെയും ത്യാഗത്തിലൂടെയും സമരത്തിലൂടെയും മുന്നോട്ടു പോകൂ എന്നിങ്ങിനെ കാഹളം മുഴക്കുന്ന ആ വിപ്ലവാത്മകമായ ഗദ്യമഹാകാവ്യത്തെ, അതിൻെറ ചൂടും മാധുര്യവും ചോൎന്നുപോകാതെ അങ്ങിനെ തന്നെ പകൎന്നുതന്നു കേരളത്തിലെ പുരോഗമനസാഹിത്യരംഗത്തിൽ ആദ്യത്തെ ഇതിഹാസം രചിച്ച നാലപ്പാടനും അനന്തരൻതന്നെ.

പക്ഷേ, 'പാവങ്ങ'ളിലൂടെ കേരളത്തിലെ പാവങ്ങളുടെ ഹൃദയത്തെ മുട്ടിത്തുറന്ന അദ്ദേഹത്തിൻെറ തൂലിക, ഒരൊററക്കുതിക്കു ചക്രവാളത്തിലേയ്ക്കു പാറിപ്പോയതു നമ്മുടെ സാഹിത്യചരിത്രത്തിലെ ഒരു കടംകഥയായി അവശേഷിക്കുമെന്നു തോന്നുന്നു. നാലപ്പാടൻെറ ആത്മനിഷ്ഠമായ വ്യക്തിപരത ഇതിന്നു സമാധാനം പറയുമായിരിക്കാം.

നാലപ്പാട്ടു് ഒരു സവിശേഷസ്വഭാവക്കാരനാണു്. അദ്ദേഹം നമ്മോടിണങ്ങിച്ചേരുകയില്ല; നമ്മൾ അങ്ങോട്ടു് ഇണങ്ങിച്ചേരണം. അദ്ദേഹം ലോകത്തിലേയ്ക്കു് ഇറങ്ങിച്ചെല്ലുകയല്ല, ലോകത്തെ തൻെറ ദൃമുഖത്തേയ്ക്കു ക്ഷണിക്കുകയാണു്. ഇതു് അദ്ദേഹത്തിൻെറ സാഹിത്യപ്രവൎത്തനങ്ങളിലൂടെ നിങ്ങൾക്കു നിഴലിച്ചുകാണാം. അദ്ദേഹം 'ഞാനി'ലൂടെ പ്രപഞ്ചത്തെ നോക്കിക്കാണുകയും വിവരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

ക്ലേശങ്ങളുടെ ചെരകിപ്പൊളിയ്ക്കൽമൂലമുള്ള നീറലിലൂടെയാണു് നാലപ്പാട്ടും ജീവിച്ചുപോന്നതു്. ആത്മഹത്യയുടെ പൊള്ളുന്ന മണൽപ്പുരപ്പുവരെ അതദ്ദേഹത്തെ എത്തിക്കുകയുണ്ടായി. ഉവ്വു്, കരുത്തനായ ഒരു ജന്മിയോടു് ഒററയ്ക്കു പൊരുതിനിന്നതിന്റെയും പ്രാണഞരമ്പുകളിലൂടെ വേരോടിയ ഒരാത്മസൌഹൃദത്തെ ഹൃദയത്തിൽനിന്നു പിഴുതെറിഞ്ഞതിന്റെയും ക്ലേശങ്ങൾ ആ മുഖത്തിന്റെ ചെറുനാരങ്ങാനിറത്തെ കരുവാളിപ്പിച്ചുകളഞ്ഞു.

ഇന്നു് അത്തരം ധനപരങ്ങളായ ക്ലേശങ്ങളൊന്നുമില്ല. 'സുഹൃൽസല്ലാപവും പുസ്തകമെഴുത്തുമായിക്കൂടാം.' അദ്ദേഹത്തിന്നു പ്രിയങ്കരമായ ഒരു ജീവിതത്തിൽ ചാരിക്കിടക്കാം. അപ്പോഴേയ്ക്കും രോഗം!

പതുക്കെയുള്ള ഒരു കാൽപ്പെരുമാററം കേട്ടു ഞാൻ തിരിഞ്ഞുനോക്കി. അതു നാലപ്പാട്ടായിരുന്നു. അദ്ദേഹം പുഞ്ചിരിക്കൊണ്ടു മന്ദംമന്ദം വരികയാണു്.

ഞങ്ങൾ പിന്നേയും പലതും സംസാരിച്ചു. നാലുനാലര മണിയായപ്പോൾ ഞാൻ യാത്രചോദിച്ചു. യാത്ര ചോദിക്കുമ്പോഴൊക്കെ പറയാറുള്ളതു് അദ്ദേഹം അപ്പോഴും ആവർത്തിച്ചു: "നാളെ—പ്പോയാ—പ്പോരേ?" ഞാൻ ഒന്നും മറുപടി പറഞ്ഞില്ല. കുറച്ചു കഴിഞ്ഞപ്പോൾ പോരെന്നു ഭാവിച്ചു. അദ്ദേഹം പതുക്കെ എഴുന്നേററു് ഒരു പുസ്തകം കൊണ്ടുവന്നു് എന്റെ കയ്യിൽത്തന്നു—'ആഷ ജ്ഞാനം'. പാവങ്ങളോളം അതിന്നു കനം തോന്നിയില്ല.

നാലപ്പാട്ടു പറഞ്ഞു: "മാരാക്കു് പുസ്തകം പിടിച്ചിരിക്കുന്നു. 'ഇനി പുസ്തകം എഴുതേണ്ട' എന്നാണു് മാരാരുടെ

പക്ഷം." ഞാനൊന്നും മറുപടി പറഞ്ഞില്ല. ഞാൻ അദ്ദേഹത്തോടു യാത്ര ചോദിച്ചു പടിയിറങ്ങുമ്പോൾ ഇങ്ങനെ വിചാരിക്കുക മാത്രമേ ചെയ്തുള്ളു: യൌവനത്തിൻെറയും സൌഭാഗ്യത്തിൻെറയും അനുരാഗത്തിൻെറയും പരമോൽകൃഷ്ടമായ ഒരു മുഹൂർത്തത്തിൽ സ്വന്തം ഓമലാളെ അവളുടെ പൂഞ്ചായൽ കഴുത്തിൽ ചുററി ഞെരുക്കിക്കൊന്നുകളഞ്ഞ ആ കാമുകൻെറ കഥ എൻെറ മനസ്സിലൂടെ കടന്നുപോയി. * 'ഏററവും മെച്ചപ്പെട്ട നിമിഷത്തിൽ നിറുത്തണം' എന്നായിരുന്നല്ലോ അയാളുടെ യുക്തി!

---

* മോഹിനി — ചങ്ങമ്പുഴ.

# മുഖപ്പ്രായകറ്റം

ഇരുണ്ട ആകാശം, വരണ്ട ഭൂമി, ആകെ വിങ്ങുന്ന അന്തരിക്ഷം! ഞാൻ ഉച്ചയൂണുകഴിഞ്ഞു് ഒന്നു തല ചായ്ക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണു് ജി.യുടെ മകൻ രവി വന്നു പറഞ്ഞതു്: "ആറുമണിക്കുള്ള വണ്ടിക്കു് അച്ഛൻ വീട്ടിൽ വരും. അപ്പോഴയ്ക്കും എം. ആർ. ബി.യോടു് അങ്ങോട്ടു് ഒന്നു വരാൻ പറഞ്ഞിട്ടുണ്ടു്."

"വിശേഷിച്ചൊന്നുമില്ലല്ലോ?"

"ഇല്ല. പരിഷത്തിന്നു പോകുന്നതു് എങ്ങിനെയൊക്കെ എന്നു തീർച്ചപ്പെടുത്താനാണെന്നു തോന്നുന്നു."

രവി പോയി.

ഞാൻ വൈകുന്നേരം ജി.യുടെ വീട്ടിലേയ്ക്കു ചെന്നു. അവിടെ മുററത്തുള്ള പിച്ചകപ്പടപ്പു് നിറയെ പൂവണിഞ്ഞു നിന്നിരുന്നു—ജി.യുടെ വളർത്തുമകളെപ്പോലെ. "നോക്കു, ഞാനും അച്ഛനെപ്പോലെ വെളുത്ത തൊപ്പിയിട്ടിരിക്കുന്നു. അച്ഛനെപ്പോലെ എനിക്കും ഭംഗിയില്ലേ, അച്ഛാ?" എന്നു് ഇളംകാററിൽ ഇളകിമറിഞ്ഞു പരിമളം പാററി നൃത്തംവെയ്ക്കുന്ന ആ പൂത്ത പിച്ചകപ്പടപ്പു് ജി.യുടെ നേക്കു കൊഞ്ചുന്നതുപോലെ തോന്നി.

"അച്ഛൻ വന്നില്ലേ, രവി?"

"ഇല്ല, വന്നിട്ടില്ല. ഒമ്പതു മണിയ്ക്കുള്ള വണ്ടിക്കു വരുമായിരിക്കും."

ഞാൻ അവിടെനിന്നു പുറപ്പെടാൻ തുടങ്ങുമ്പോഴേയ്ക്കും, ശ്രീ. ശത്രുഘ്നൻനായരും ഇളംകുളം കുഞ്ഞൻപിള്ളയും അവിടെ വന്നുചേൎന്നു. കെ. സരസ്വതിയമ്മയും അവിടെ വന്നിട്ടുണ്ടെന്നു കേട്ടു. ജി. വീട്ടിലില്ലെന്നറിഞ്ഞപ്പോൾ എല്ലാവരും നിരുത്സാഹരായി.

"നാളെ രാത്രിവണ്ടിക്കു തൃശ്ശൂർസ്റ്റേഷനിൽവെച്ചു കാണാം." ശത്രുഘ്നൻനായരും ഇളംകുളവും യാത്ര പറഞ്ഞു പിരിഞ്ഞു. കുഞ്ഞൻപിള്ളസ്സാറിന്നു തൃശ്ശൂർ പോയിട്ട് എന്തോ ആവശ്യമുണ്ടത്രേ.

രവി പറഞ്ഞു: "നമുക്കെന്തായാലും നാളെ രാത്രിവണ്ടിക്കു പോവാം. സരസ്വതിയമ്മയുണ്ട്. ഹരിശൎമ്മയും ഉണ്ടാവും."

"വയലാറും വെണ്ണിക്കുളവും ചന്ദ്രശേഖരൻനായരും വരാമെന്നു പറഞ്ഞിട്ടുണ്ട്."

"ഉവ്വോ? എന്നാൽ, അവരൊന്നിച്ച് എം. ആർ. ബി. സ്റ്റേഷനിൽ വന്നാൽ മതി."

ഞാൻ ആറു മണിക്കു മുമ്പായി സ്റ്റേഷനിലേയ്ക്കു പുറപ്പെട്ടു—ഒരു ചെറിയ മഴച്ചാറലിന്റെ കൂട്ടോടുകൂടി. അപ്പോഴുണ്ട് നമ്മുടെ എം. എസ്സ്. ദേവദാസ്സ് അഭിമുഖമായി വരുന്നു. എന്റെ അരികിലൂടെ അദ്ദേഹം നടന്നുപോയി—തൊട്ടു തൊട്ടില്ല എന്ന മട്ടിൽ അത്ര അരികിലൂടെ! എന്നിട്ടും അദ്ദേഹം എന്നെ അറിഞ്ഞില്ല. ഞാനദ്ദേഹത്തെ വിളിച്ചു. അത്ഭുതഭാവത്തോടും പുഞ്ചിരിയോടുംകൂടി അദ്ദേഹം എന്റെ അരികിലേയ്ക്കു വന്നു. "എം. ആരോ? എങ്ങോട്ടാണ് ഈ സന്ധ്യയ്ക്ക്?"

"ഞാൻ പരിഷത്തിന്നു്. ഈ വണ്ടിക്കു പോകണം."

"ഓ! നാളെ പരിഷത്തു തുടങ്ങുകയായി, അല്ലേ?"

"ബാബു വരുന്നില്ലേ?"

"എനിക്കു വരണമെന്നു മോഹമുണ്ടു്; പക്ഷേ പററില്ല. എനിക്കു പന്തളത്തു പോകണം. ഞാൻ അവിടെ കോളേജിൽനിന്നു രാജിവെച്ചിരിക്കുന്നു. എൻെറ പല സാധനങ്ങളുമുണ്ടവിടെ. അതൊക്കെ കൊണ്ടുവരണം. അതിന്നുള്ള ശ്രമമാണു്."

"എന്തിനേ രാജിവെച്ചതു്?"

"എനിയ്ക്കവിടെ, എന്തോ, പിടിക്കുന്നില്ല. പ്രഫസർ എന്നു പറഞ്ഞാൽ എന്താന്നാ എം. ആർ. ബി. വിചാരിച്ചിരിക്കുന്നതു്? വെറും പറമ്പുകിളക്കാരൻ! ക്ലാസ്സു കഴിഞ്ഞു വരുമ്പോൾ വിയപ്പിലങ്ങനെ മുങ്ങിയിട്ടുണ്ടാവും, അസ്സൽ കിളക്കാരനെപ്പോലെ! വൈകുന്നേരമാകുന്നതുവരെ കുട്ടികളുടെ തലയിൽ കിളച്ചു നടുന്നതോ, കുമ്പുവരാൻ പ്രയാസമായ ചില വിദേശച്ചെടികളും! അങ്ങനെയൊക്കെയാണു് സ്ഥിതി."

"അപ്പോ ഇനി എന്താ ഭാവം?"

"ഇവിടെ ഒരു ട്യൂട്ടോറിയൽ കോളേജുണ്ടു്. അതിൽ ജോലി നോക്കാനാണു് ഉദ്ദേശിക്കുന്നതു്. പണി കുറയും, ശമ്പളം കൂടുതൽ കിട്ടും. എന്തെങ്കിലും എഴുതാനും വായിക്കാനും സമയം കിട്ടും. എല്ലാററിന്നും പുറമെ കൂടുതൽ ജീവവായുവും!"

"കൂടുതൽ എഴുതാൻ തുടങ്ങണം."

"മോഹലൃായല്ല. കോളേജ് വിട്ടു ട്യൂഷനും കഴിഞ്ഞു വീട്ടിലെത്തുമ്പോഴേയ്ക്കും തളരുകയാണു്. എഴുതണമെങ്കിൽ കുറച്ചു വായിക്കാനും ചിന്തിക്കാനും മററും സൌകര്യവും സമയവും കിട്ടണ്ടേ? എനിക്കിഷ്ടമുള്ള ജോലി വായിക്കലും എഴുതലുംതന്നെ. പക്ഷേ...."

"ശരി. വണ്ടിക്കു സമയമായി. പോട്ടെ, പിന്നെ കാണാം."

വാസനയും വൈദുഷിയുമുള്ള എഴുത്തുകാർ ജീവിതാവശ്യങ്ങളുടെ പണയപ്പണ്ടങ്ങളായി അലഞ്ഞുതിരിയുക, അവരുടെ പേനയിൽ പുല്ലു മുളയ്ക്കാൻ തുടങ്ങുക! എന്തു വ്യസനകരങ്ങളായ സംഗതികൾ! ഈ ദുസ്ഥിതിയെ ദൂരീകരിക്കാൻ പരിഷത്തിന്നു പററുമോ?

ഞാൻ സ്റ്റേഷനിലെത്തിയപ്പോൾ, പ്രതീക്ഷിച്ച ഒരൊററയാളും അവിടെ വന്നിട്ടില്ലായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഹരിശമ്മ വന്നു, തുടന്നു രവിയും സരസ്വതിയമ്മയും. എന്തായിട്ടും വയലാറിനേയും വൈക്കത്തിനേയും കണ്ടില്ല. ഒരു കയ്യിൽ വാനിററിബാഗും മറേറതിൽ ക്യാമറയുമേന്തി നില്ക്കുന്ന സരസ്വതിയമ്മയുമായി പരിചയപ്പെട്ടു. നമ്മൾ കഥയിൽ കണ്ട സരസ്വതിയമ്മ തന്നെയാണെന്നു സംസാരിച്ചുതുടങ്ങിയപ്പോൾ ബോധപ്പെട്ടു.

"രവി, ടിക്കററു വാങ്ങിക്കോളൂ. ഇൻറർക്ലാസു വാങ്ങിയാൽ മതി."

രവി മടങ്ങിവന്നു പറഞ്ഞു: "ഇതു ജനതാ എക്സ്പ്രസ്സാണു്, ഇതിൽ ഇൻറർക്ലാസ്സില്ല."

"ഓ, ക്ലാസുവ്യത്യാസമില്ലാത്ത ഒരു നല്ല വണ്ടി."

"ഒരു സോഷ്യലിസ്റ്റ് ഭരണമല്ലേ ഇവിടെ നിലവിൽ? അപ്പോൾ ക്ലാസുകൾ ഓരോന്നായി ഉടഞ്ഞുതകരുകയാണ്."

"വണ്ടിയിൽ പരിഷത്തിന്നു വരുന്നവരുടെ തിരക്കു ധാരാളം ഉണ്ടായിരിക്കും, ഇല്ലേ?" സരസ്വതിയമ്മ ചോദിച്ചു.

"അതുണ്ടാവില്ല. തിരു-കൊച്ചി വിദ്യാഭ്യാസത്തിൽ മുന്തിനില്ക്കുന്ന ഒരു പ്രദേശമാണല്ലോ. അപ്പോൾ പരിഷത്തിന്നു വരുന്ന വിദ്ധ്യാർത്ഥികൾ കുറയാനേ ന്യായമുള്ളൂ."

വണ്ടി വന്നു. ഞങ്ങൾ കയറി സ്ഥലം പിടിച്ചു. നല്ല ഇരുട്ടും മഴയും. ചൂളമിട്ടുകൊണ്ടു കാറ്റും ഓടിനടന്നിരുന്നു —കുറേശ്ശ വെള്ളം വണ്ടിയുടെ അകത്തേയ്ക്കു തെറിപ്പിച്ചുകൊണ്ട്. കാര്യം, പരിഷത്സമ്മേളനം വെള്ളത്തിലാവുമോ? ഞങ്ങൾ ആശങ്കിച്ചു. തൃശ്ശൂരിൽവെച്ചു ഗുപ്തൻനായരേയും കുഞ്ഞൻപിള്ളസ്സാറിനേയും ഞങ്ങൾ തിരഞ്ഞുനോക്കി. കണ്ടില്ല.

ഷൊറണ്ണൂരിൽ എത്തി. അവിടെയെങ്ങും മഴ പെയ്തിട്ടേയില്ല, സമാധാനമായി. ഞങ്ങൾ അവിടെവെച്ചു കമ്പാർട്ടുമെൻറു മാറി. അതിലുണ്ടു് വള്ളുവനാട്ടിലെ 'കലാസമിതി' പി. ടി. ഭാസ്കരപ്പണിക്കർ ഭംഗിയിലങ്ങനെ കിടക്കുന്നു. വയലാറിനേയും വൈക്കത്തിനേയും അവിടെ വെച്ചു പിടികിട്ടി. വൈക്കം ചന്ദ്രശേഖരൻനായർ പകുത്താനെന്നപോലെ പാടാനും കഴിവുള്ള ഒരു കലാരസികനാണ്. അദ്ദേഹം ചില പാട്ടുകൾ പാടി. സ്വാഗതനോ

MUL
288018

ക്കാൻ തരാൻ ഒന്നും ... ിപ്പോളില്ല. എന്നെസ്സംബന്ധിച്ചേടത്തോളം മണൽത്തിട്ടിൽ വെള്ളം പോലെ, കാതിൽ വന്നു കാതിൽത്തന്നെ വററിപ്പോകുന്ന ഒന്നാണു് പാട്ടു്. എങ്കിലും പാട്ടുകൊണ്ടു സമയം പോയതറിഞ്ഞില്ല.

മൂന്നര മണിക്കു വടകരയിൽ വണ്ടിയിറങ്ങി. നേരെ സ്വാഗതസംഘം ആപ്പീസ്സിലേക്കു ചെന്നു. ഉറക്കത്തിന്നു കൂടുതൽ രുചിയുള്ള രാത്രിയുടെ ആ അന്തിമയാമത്തിലും പി. ആർ. നമ്പ്യാരെ ഉണർവ്വോടെത്തന്നെ കണ്ടു — ചിതറാത്ത മുടിയോടും ചിരിതൂകുന്ന ചുണയോടുംകൂടി! ഞങ്ങൾ സ്കൂളിലെ ഒരു മുറിയിൽ ചെന്നൊന്നു കൺ ചിമ്മി.

നേരം വെളുത്തു. സൂര്യൻ ഉശിരോടുകൂടി ഉദിച്ചുയന്നു. കുളിക്കാനും ഉണ്ണാനും താമസിക്കാനും മററും സൌകര്യങ്ങൾ കുറയുമെന്നു ധരിച്ചിരുന്ന പലരേയും അത്ഭുതപ്പെടുത്തുമാറായിരുന്നു സ്വാഗതസംഘക്കാരുടെ ഏപ്പാടുകൾ! ഒന്നിന്നും ബുദ്ധിമുട്ടുള്ളതായി തോന്നിയില്ല. ഈ ചുരുങ്ങിയ സമയത്തിന്നുള്ളിൽ ഇത്രയും സൌകര്യങ്ങൾ ഏപ്പെടുത്തിയതിൽ പി. ആർ. നമ്പ്യാരെ പലരും പ്രശംസിച്ചുപറയുന്നതായി കേട്ടു. പക്ഷേ പി. ആർ. നമ്പ്യാരാകട്ടെ ഈ പ്രശംസയുടെ കസവുതൊപ്പിയെ താനെടുത്തുവെയ്ക്കാതെ പരിഷത്തിൻെറ തലയിൽ വെയ്ക്കുകയാണു് ചെയ്തതു്: "ഇതിന്നു കാരണം എൻെറ സാമത്ഥ്യമല്ല, പരിഷത്തിൻെറ മാഹാത്മ്യമാണു്."

ഏതാണ്ടു പത്തു മണിക്കു പ്രഥമസമ്മേളനം തുടങ്ങി. ആ നീളൻപന്തലിൽ നിറയെ ആളുകൾ തിങ്ങി. ജന

288018
937
UNIVERSITY LIBRARY
OCT 1974

ങ്ങൾ സശ്രദ്ധരായി കാണപ്പെട്ടു. കലയും സാഹിത്യവും തങ്ങളുടെ ജീവിതത്തിന്നു കൂടിയേ കഴിയൂ എന്ന തോന്നൽ സാധാരണക്കാരനിൽ ആഴത്തിൽ വേരൂന്നിവരികയാണു്. അവൻെറ മനസ്സു സ്വാസ്ഥ്യത കിട്ടാതെ അലയുകയാണു്. അതേ, മന്ദഹാസം മറന്ന ചുണ്ടുകളും മാറാല കെട്ടിയ തൊണ്ടകളും ഏറിയേറി വരികയാണു്! ഗാനത്തിനേ ജീവിതത്തെ മാററാനും മനോഹരമാക്കിത്തീക്കാനും കഴിയൂ—ഈ ബോധം ജനങ്ങളിൽ ഒഴുകിപ്പരക്കുകയാണോ?

ഭാസ്കരൻനായരുടെ ഉൽഘാടനപ്രസംഗം ആളുകളെ ഉൽബുദ്ധരാക്കി. അദ്ദേഹം കൈരളിയുടെ ഭക്തനാണു്. ഭക്തിയുടേതായ എല്ലാ ലക്ഷണങ്ങളും ആ പ്രസംഗത്തിൽനിന്നു കേൾക്കുകയുണ്ടായല്ലോ. പ്രസ്തുതസമ്മേളനം തരിശാവുമെന്നു പലരും പ്രതീക്ഷിച്ചിരുന്നുപോലും! എന്തായാലും അതങ്ങനെയായിരുന്നില്ല.

അങ്ങനെ ഒന്നിനെത്തുടൎന്നു മറെറാന്നായി സമ്മേളനങ്ങൾ നടന്നുപോയി. പ്രസംഗങ്ങൾകൊണ്ടും കവിതാപാരായണങ്ങൾകൊണ്ടും സദസ്യരുടെ ചെവി നിറഞ്ഞു. അനദ്ധ്യായമില്ലാതെയുള്ള പ്രകടനങ്ങൾമൂലം ഒന്നും വേണ്ടത്ര ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ചിലരുടെ മുഖച്ഛായകളും ചില പ്രസംഗങ്ങളിലെ വാചകങ്ങളും മാത്രമേ എന്നിലിപ്പോൾ തങ്ങിനില്പുള്ളു. ഭാസ്കരൻനായരുടെ ഛായ എന്നിലിപ്പോഴുമുണ്ടു്. പക്ഷേ, ഉപന്യാസങ്ങളിൽ പണ്ടേ പരിചയമുള്ള ഭാസ്കരൻനായരല്ല, നിലവിളക്കുസംസ്കാരത്തിൻെറ നിഴലിൽ മങ്ങി പ്രകാശിക്കുന്ന ഭാസ്കരൻനായരല്ല, ഞാൻ വടകരയിൽ കണ്ട ഭാസ്കരൻനായർ! അദ്ദേ

UNIVERSITY LIBRARY

ഹം എന്തോ ചിലതു പിടിച്ചുപററാനും പാവപ്പെട്ട കൈരളിയെ അപമാനിച്ചവരോടു പകവീട്ടുവാനും തയ്യാറെടുത്ത ഒരാളെപ്പോലെ കാണപ്പെട്ടു. തെല്ലൊരു ഗൌരവത്തോടുകൂടി, അന്തസ്സിൽ ക്യാമറയും തോളിലിട്ടു സമ്മേളനപ്പന്തലിൽ കണ്ട ഭാസ്കരൻനായർ കാഴ്ചയിൽ പഴമയുടെ പിന്തുടർച്ചാവകാശിയെന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല.

ജി. കെ. എൻ. നിങ്ങളുടെ കണ്ണിൽപ്പെടാതിരിക്കുകയില്ല. സമ്മേളനത്തേയും കലാപരിപാടികളേയും ഏകാന്തശ്രദ്ധയോടെ, നിസ്തോഭനായി, നുകർന്നുപോന്ന ഒരേ ഒരാൾ ജി. കെ. എൻ. മാത്രമാണെന്നു തോന്നുന്നു.

'കവിത ഉറക്കമാണെ'ന്നഭിപ്രായക്കാരനായ എൻ. വി. കൃഷ്ണവാരിയരെ പകൽമാത്രമേ അവിടെ കണ്ടിരുന്നുള്ളു. രാത്രിയായാൽ ഇതിനെ അദ്ദേഹം തിരിച്ചുവെയ്ക്കുന്നുണ്ടാവാം! 'ഉറക്കം നല്ലൊരു കവിതയുമാണു്!'

ഇതു രണ്ടും അഗാധാൎത്ഥത്തിൽ ശരിയാവാം.

ജി.യെ രണ്ടാമത്തെ ദിവസമേ കണ്ടുള്ളു. അദ്ദേഹം തളൎന്നിരുന്നു. എങ്കിലും, വസന്തത്തെ സൂചിപ്പിക്കുന്ന തലയോടുകൂടിയ അദ്ദേഹം ഒരു കാഴ്ചതന്നെയാണു്.

സരസ്വതിയമ്മയെ ചിലപ്പോഴൊക്കെയേ പന്തലിൽ കണ്ടിരുന്നുള്ളു. ഞാനൊരിക്കൽ അവരോടു ചോദിച്ചു: "എങ്ങനെയുണ്ടു്, സമ്മേളനവും കലാപരിപാടികളും?"

"നന്നാവുന്നുണ്ടു്. പക്ഷേ, എല്ലാററിലും എനിക്കു പങ്കെടുക്കുവാൻ പററുന്നില്ല."

"ക്യാമറ നിറഞ്ഞുവോ?"

"നിറയുന്നു."

ഇടശ്ശേരി മുന്നിലും ഉറൂബ് പിന്നിലുമായി വരുന്നു. കവി എപ്പോഴും മുന്നിലായിരിക്കണമല്ലോ.

"നമ്മുടെ അക്കിത്തമെവിടെ?"

"തിരുമേനിക്കു ചോലപ്യായയാണ്."

"മാറീല്ല്യാ, ല്ലേ?"

"ഭേദണ്ട്. പക്ഷേ, തീരെ മാറി എന്നു പറയാറായിട്ടില്ല. ഇപ്പോഴും ശയ്യാവലംബിതന്നെയാണ്." പ്ലാറ്റുഫോറത്തിൽനിന്നു കേട്ട ഈ ശബ്ദം ഞങ്ങളുടെ സംഭാഷണത്തിന്നു വിരാമമിട്ടു. "ആദിമനിവാസികളുടെ നൃത്തം തുടങ്ങുകയായി."

വയനാട്ടിൽനിന്നു കൊണ്ടുവന്ന ആ അദ്ധ്നഗ്നകളുടെ നൃത്തം കണ്ടു. സാധാരണനൃത്തങ്ങൾ കാണുമ്പോൾ ഉണ്ടാകാറുള്ള ഒരു നവോന്മേഷമല്ല, ഒരു നനവാണ് എന്റെ മനസ്സിന്നനുഭവപ്പെട്ടതു്. ഇപ്പോഴും ഇങ്ങനെയുള്ള പ്രാകൃതാത്മാക്കളുണ്ടല്ലോ.

രാത്രിയിലെ കലാപ്രകടനങ്ങളിൽ മുഴക്കെ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. ഒട്ടുചിലതു കാണാനേ ഒത്തുള്ളു. ഗോപീനാഥൻ_തങ്കമണിസംഘത്തിന്റെ നൃത്തം ചീത്തയായിരുന്നില്ല. എന്നാൽ ചില പുതിയ നൃത്തങ്ങൾ അവർ കൈവശം വെയ്ക്കുന്നതു് എന്തുകൊണ്ടും നല്ലതാണെന്നു തോന്നി. കലാമണ്ഡലം കൃഷ്ണൻനായരുടെ നൃത്തം ഉണ്ടാവുമെന്നു കേട്ടിരുന്നു. എന്തുകൊണ്ടോ, അതുണ്ടായി

കണ്ടില്ല. ചെറുകാടിൻെറ 'തറവാടിത്തം' അഭിനയിച്ചതു മുഴുക്കെ കണ്ടു. സാമൂഹ്യമായ തകൎച്ചയെ തുലോം കലാഭംഗിയോടുകൂടി ആവിഷ്കരിക്കുന്ന ഒരു നല്ല നാടകമാണിതു്. അഭിനയിച്ചതും നന്നായിരുന്നു. മിസ്സിസ് ചെറുകാടിൻെറ 'വാലിയക്കാരത്തി' പൊടിപ്പനായിരുന്നു.

എന്നോടു് ഒരു സ്നേഹിതൻ യാദൃച്ഛികമായി ചോദിച്ചു: "പാരായണം ചെയ്യപ്പെട്ട കവിതകളിൽ ഏതെല്ലാമാണു് മേലേ?"

"എനിക്കറിയില്ല. ഒന്നേ പറയാൻ പററൂ. ഒരു കൂജനത്തിൻേറയും കുളിർമയും ഉന്മേഷവും എന്നിലിപ്പോളില്ല."

ആ സ്നേഹിതൻതന്നെ വീണ്ടും ചോദിച്ചു: "പി. കുഞ്ഞിരാമൻനായർ എന്തേ വരാത്തതു്?"

"അറിയില്ല."

"ഞാൻ അദ്ദേഹത്തെ കാണ്മാൻ മാത്രമായിരുന്നു പരിഷത്തിന്നു വന്നതു്."

"അതേയോ? എന്നാൽ നിങ്ങൾക്കു തെററി. അങ്ങനെയായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ വീട്ടിലേയ്ക്കായിരുന്നു നിങ്ങൾ പോകേണ്ടിയിരുന്നതു്. ഞാൻ വന്നതു് എല്ലാ സാഹിത്യകാരന്മാരേയും കാണാനും അവരുടെ പ്രസംഗങ്ങൾ കേൾക്കാനുമായിരുന്നു."

സ്നേഹിതൻ മുഖം തിരിച്ചുപോയി. ഒന്നു ശരിയാണു്: നാം കാണുമെന്നു പ്രതീക്ഷിച്ച എണ്ണപ്പെട്ട പല സാഹിത്യകാരന്മാരേയും അവിടെ കണ്ടില്ല. കുട്ടികൃഷ്ണമാരാർ,

വൈലോപ്പിള്ളി, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, അക്കിത്തം, പി. ഭാസ്കരൻ തുടങ്ങി പലരേയും.

സാഹിത്യകലാകാരന്മാർ രാഷ്ട്രീയത്തിൽനിന്നു് അകന്നുനില്ക്കേണ്ടതാണെന്നു ശ്രീ. എസ്. കെ. പൊറെറക്കാട്ടു ഭാവിച്ചതായി തോന്നി. തകഴിയാകട്ടെ, കേരളത്തിൻെറ ആത്മാവിനെ ആവിഷ്കരിക്കാൻ ശ്രമപ്പെടുകയാണെന്നാണു് പറഞ്ഞുകേട്ടതു്. ജി.ക്കാണെങ്കിൽ വിദ്വേഷത്തോടുകൂടിയ എതിർപ്പിനോടു വിരോധമാണു്. സ്നേഹത്തോടുകൂടി എതിർക്കുക എന്നതാണു് ജി.യുടെ തത്വശാസ്ത്രം. കെ. ദാമോദരൻ ഈ നാണ്യത്തെ മേശപ്പുറത്തിട്ടു ശബ്ദമുണ്ടാക്കാൻ നോക്കി. മുണ്ടശ്ശേരി ഹൃദയത്തിൻെറ ചൂടിൽ സാഹിത്യങ്ങൾ ചുട്ടെടുക്കാൻ ആഹ്വാനം നല്കി. രണ്ടു പ്രസംഗമാണു് ഇന്നും മനസ്സിലുള്ളതു്: ഒന്നു മുണ്ടശ്ശേരിയുടേതു്, മറേറതു ജി.യുടേതും. മുണ്ടശ്ശേരിയുടേതു ചൂടും പുണയുമുള്ളതായിരുന്നു. മറേറതു് ഏകാന്തമധുരവും. ആ ചൂടിൻെറ ഉള്ളിലേയ്ക്കു കടന്നാൽ തേനും പരിമളവും നമുക്കനുഭവപ്പെടും. ആ മാധുര്യത്തിൻെറ ഉള്ളിലേയ്ക്കു കടന്നാലോ, ചൂടും ചലനവും! രണ്ടും ഒരേ ദിവസം കേൾക്കുന്നതു് ആരോഗ്യകരമത്രേ.

അവസാനദിവസം സന്ധ്യ മയങ്ങുന്നു. പ്രസംഗങ്ങൾ ധാരമുറിയാതെ നിന്നു പെയ്യുകതന്നെയാണു്.

ഞാൻ പന്തലിൽനിന്നും പുറത്തു പോന്നു് അവിടെ ലാത്തുകയായി—വിങ്ങിയ അന്തരിക്ഷത്തിൽനിന്നു കുറഞ്ഞൊന്നു വിടുതി കിട്ടാനായി. കുറച്ചു കഴിഞ്ഞപ്പോൾ വീണ്ടും ഞാൻ അകത്തേയ്ക്കു ചെന്നു. പ്ലാററുഫോമിൻെറ

പടിഞ്ഞാറുഭാഗത്തു മറച്ചു ഭദ്രമാക്കിയതിന്റെ അകത്തേക്കു്! അവിടെ ജി., ഇളംകുളം, ഒളപ്പമണ്ണ തുടങ്ങിയവർ ഇരിപ്പുണ്ടു്. തന്റെ 'അശു'വായ ശരീരത്തെ ഖദർജുബ്ബ കൊണ്ടും വേഷ്ടികൊണ്ടും പൊള്ളപ്പിച്ചു കാണിക്കാൻ ശ്രമിച്ചുകൊണ്ടും, നമുക്കു സ്വന്തമായി കയ്യിൽ കിട്ടിയാൽ എത്ര രൂപയ്ക്കു വേണമെങ്കിലും പണയം വെയ്ക്കാവുന്ന സുന്ദരമായ സുവർണ്ണപ്പുഞ്ചിരി പൊഴിച്ചുകൊണ്ടും നമ്മുടെ ഗുപ്തൻനായർ അവരുടെ മുമ്പിൽ നില്ക്കുന്നതായി കണ്ടു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു കടലാസ്സുതുണ്ടുമുണ്ടു്. എന്നെ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു:

"എം. ആർ. ഒളപ്പമണ്ണയുടെ കവിതാപാരായണം കേട്ടില്ലേ?"

"ഇല്ല."

"എന്തേ, അതു്? ഇപ്പോ കഴിഞ്ഞേ ഉള്ളു. പരിപാടി നോക്കിയില്ലായിരിക്കാം."

"ഉവ്വു്, പരിപാടി നോക്കി മനസ്സിലാക്കിയിരുന്നു; അതുകൊണ്ടാണു് ഞാൻ പന്തലിന്നു പുറത്തു പോയതു്."

ഗുപ്തൻനായർ ആ കൊച്ചുകവിത തന്റെ സംഗീതമാധുരിയിൽ ചാലിച്ചു ഞങ്ങൾക്കു സേവിക്കാൻ തന്നു. വിവാഹം ഒളപ്പമണ്ണയുടെ ആത്മാവിൽ ഒരു അട്ടിമറി നടത്തിയതായി തോന്നി.

സമ്മേളനം കഴിഞ്ഞു രേവമ്മയുടെ പാട്ടുകച്ചേരി തുടങ്ങി. പ്രസംഗങ്ങൾ കേട്ടു തലവേദന പിടിപെട്ട സദസ്യർക്കു് ഒരു കുളിർചന്ദനമായിരുന്നു അവരുടെ സംഗീതം.

സമ്മേളനമവസാനിച്ചു. ഓരോരുത്തർ യാത്ര പറഞ്ഞു പിരിയുകയായി. ഞാൻ സരസ്വതിയമ്മയോടു യാത്ര ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: "ഞാനുമുണ്ടു്, കോഴിക്കോട്ടേയ്ക്കു്. ഐക്യകേരളകൺവൻഷനിൽ എനിക്കും പങ്കുകൊള്ളണമെന്നുണ്ടു്."

"വന്നോളൂ!" എൻ. വി. കൃഷ്ണവാരിയർ ക്ഷണിച്ചു. "എന്റെ വീട്ടിൽ താമസിക്കാം."

ജി., ഗുപ്തൻനായർ, സരസ്വതിയമ്മ, ഇളംകുളം, എൻ. വി., അച്യുതക്കുറുപ്പു് എന്നിവരെല്ലാംകൂടി യാത്ര തിരിച്ചു. എനിക്കു കാലത്തെ വണ്ടിക്കേ പോവാൻ പററു. ഞാനും രവിയുംകൂടി സ്കൂളിന്റെ കോലായിൽ ചെന്നുപററി. ചന്ദ്രൻ ഉദിച്ചുപൊങ്ങിയിരുന്നു. കോലായമുററത്തു കുളിക്കാൻ വെള്ളം നിറച്ച ഒരു തോണി കിടപ്പുണ്ടു്. ചന്ദ്രൻ ഒരു വെള്ളിക്കിണ്ണംപോലെ അതിൽ താണു കിടക്കുകയാണു്—മുക്കിവീഴ്ത്തി കുളിക്കാനുള്ള ഒരു പാത്രം പോലെ!

കാലത്തു സ്റ്റേഷനിലേയ്ക്കു പോരുമ്പോൾ ഒരു ചായപ്പീടികയുടെ ഉള്ളിൽനിന്നൊരു കൈകൊട്ടലും വിളിയും!

"നില്ക്കൂ, ഞാനുണ്ടു് സ്റ്റേഷനിലേയ്ക്കു്."

തലേന്നാൾ രാത്രി യാത്രചോദിച്ചുപോയ ടി. എൻ. ഗോപിനാഥൻനായരുണ്ടു് ബാഗും തൂക്കി വരുന്നു!

"ഇന്നലെ പോയില്ലാ, ല്ലേ?"

"പോയി, കോഴിക്കോട്ടുവരെ. അപ്പോഴാണു് ബാഗും പേഴ്സും സമ്മേളനപ്പന്തലിലാണെന്നു് ഓർമ്മവന്നതു്.

ഭാഗ്യത്തിന്നു് അപ്പോൾത്തന്നെ ഇങ്ങോട്ടൊരു വണ്ടിയുണ്ടായിരുന്നു.''

"എല്ലാം കിട്ടിയില്ലേ?''

"ഉവ്വ്, എല്ലാം വെച്ച സ്ഥാനത്തുതന്നെയിരിക്കുന്നു!''

ഞങ്ങൾ സ്റ്റേഷനിലെത്തി. വണ്ടി വരാൻതുടങ്ങിയപ്പോൾ ഞങ്ങൾ യാത്ര പറഞ്ഞു. അപ്പോഴും അദ്ദേഹത്തിൽ കാണായി, തുന്നിക്കിടപ്പുള്ള ആ കുളിർപുഞ്ചിരിയും ചെരിഞ്ഞ കുപ്പൂകെയും!

പത്തു മണിക്കുമുമ്പു കോഴിക്കോട്ടെത്തി. ശിവപുരിയിലുള്ള പുരുഷോത്തമൻനായരുടെ വീട്ടിൽ ചെന്നു. അവിടെ പൂമുഖത്തു തലേന്നാൾ വടകരയിൽനിന്നു പോന്ന 'പറമ്പുകിളക്കാർ'—കോളേജ്പ്രൊഫസർമാർ—ജി, ഗുപ്തൻനായർ, എളങ്കുളം തുടങ്ങി എല്ലാവരുമുണ്ടു്; പുറമെ സി. കുട്ടൻനായരും. ഞാൻ വീട്ടിന്നകത്തേയ്ക്കു ചെന്നു. പുരുഷോത്തമൻനായർ അവിടെയുള്ള ജാലകങ്ങളെ വർണ്ണപ്പകിട്ടുള്ള ശീലത്തരങ്ങൾകൊണ്ടലങ്കരിക്കുകയാണു്.

"എന്താണീ പതിവില്ലാത്ത അലങ്കാരങ്ങളൊക്കെ?''

"എന്റെ വിവാഹം നിശ്ചയിച്ചിരിക്കുന്നു.'' സുഗന്ധമുള്ള ഒരു പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു.

"നന്നായി.'' ഞാനാശീർവ്വദിച്ചു. "ഇപ്പോഴെങ്കിലും നല്ല ബുദ്ധി തോന്നിയല്ലോ?''

"തോന്നാൻ തുടങ്ങിയിട്ടു കുറച്ചു ദിവസമായി. പക്ഷേ........''

ആ 'പക്ഷേ' എൻെറ മനസ്സിൽ വന്നു തറച്ചു. ഏതു നവയുവാവിന്നാണു് വിവാഹം വേണ്ടാ എന്നുള്ളതു്? പതിരുപതു വയസ്സാകുമ്പോഴെയ്ക്കും കല്യാണപ്പന്തലിടാൻ ശ്രമം തുടങ്ങാത്ത യുവഹൃദയം ഏതുള്ളൂ? "പക്ഷേ...." അതൊരു ചുട്ടനെട്ടുവീപ്പാണു്. ആയിരവും അഞ്ഞൂറും ഉറുപ്പിക വിലപിടിച്ച ആഭരണങ്ങളേയും ഇരുനൂറും മുന്നൂറും ഉറുപ്പിക വിലയുള്ള സാരികളേയും കണ്ണെഴുത്തു, ചാന്തു്, പൌഡർ തുടങ്ങിയ പ്രസാധനവട്ടങ്ങളേയും മററും ഓക്കുമ്പോൾ തങ്കസ്വപ്നങ്ങൾ തിന്നു മേഞ്ഞുനടക്കുന്ന ആ തരുണഹൃദയങ്ങൾ തളരുകയാണു്. അതേ, കണ്ണെഴുതി കുറിയിട്ടു പൌഡറണിഞ്ഞ വിവാഹത്തിൻെറ ആ സുന്ദരമുഖം അവരിൽ ദുസ്വപ്നങ്ങളുളവാക്കുകയാണു്! കിഴിഞ്ഞ വരവു്, കവിഞ്ഞ ചിലവു്!

പൃമുഖത്തു 'വെടിവട്ടം' കനത്തുവരികയാണു്. കുട്ടൻനായർ ജി.യോടു് ആവലാതിപ്പെടുന്നതു കേൾക്കായി: "മാഷ്ഷു് കവിത അയച്ചുതരാത്തതു നന്നായില്ല."

"നന്നായില്ലായിരിക്കാം. പക്ഷേ എനിക്കു് അന്നൊന്നും എഴുതുവാൻ പററിയില്ല."

"മാഷ്ഷു്ക്കന്നെ കവിതയുണ്ടായില്ലാന്നു പറഞ്ഞാൽ?"

"ഉണ്ടായില്ലാന്നു്ന്നെ അർത്ഥം!"

"അതു ശരിയല്ല. മാഷ്ഷു്ക്കു കവിതയുണ്ടാക്കാൻ പററീല്ലാച്ചാൽ പിന്നെ ആക്കാ പററ്വാ?"

"ഇതിന്നു വലിയ അർത്ഥമില്ല. മാഷ്ഷു്ക്കു് ഇത്രയധികം രോമമുണ്ടായിട്ടും എന്തുകൊണ്ടു രോമാഞ്ചമുണ്ടാകുന്നില്ലാ എന്നു ചോദിക്കുംപോലെയേയുള്ളൂ."

എല്ലാവരും ഇതു കേട്ട പുഞ്ചിരിക്കൊണ്ടു. തിളങ്ങു ന്ന ഒരു നിധി കൈവന്നാലത്തെ നിർവ്വതിവിശേഷം എല്ലാവരുടെ മുഖത്തും കാണായി.

അവിടെനിന്നു് എല്ലാവരും ഐക്യകേരളകൺവൻഷനിൽ പങ്കെടുക്കുവാൻ പോയി. ജി. മാത്രം പ്രസംഗിച്ചു. സദസ്സിൽനിന്നു കേട്ട ആഹ്ലാദപ്രകടനങ്ങഠം ജി.യുടെ പ്രസംഗം ആളുകളുടെ തലയ്ക്കു പിടിച്ചിട്ടുണ്ടാവുമെന്നു തോന്നിച്ചു.

സമ്മേളനം കഴിഞ്ഞു വന്നപ്പോഠം കാഥികനായ കാത്രരുണ്ടവിടെയിരിക്കുന്നു—കനത്ത ഒരു ശാന്തതയോടുകൂടി. "കൊട്ടങ്കാററു വരുന്നു!" "ഉവ്വോ, എന്നാൽ വേഗം വരാൻ പറയൂ" എന്നു കൊട്ടംകാററിനെക്കൂടി സംഭ്രമിപ്പിച്ചുകളയുന്ന കനത്ത ശാന്തതയോടുകൂടി.

"എന്തേ, പരിഷത്തിനു കണ്ടില്ലല്ലോ."

"ഇല്ല, വരാൻ പററിയില്ല."

"കാത്രരിനി എങ്ങോട്ടാണു്?"

"എനിക്കു കുട്ടികൃഷ്ണമാരാരെ ഒന്നു കാണണം. അദ്ദേഹം ഗുരുവായൂരാണു്. ഞാനങ്ങോട്ടാണു്."

"ഞങ്ങളുണ്ടു് അങ്ങോട്ടു്" ജി. പറഞ്ഞു, "നമുക്കൊന്നിച്ചുപോകാം."

ഞങ്ങളുടെ സഞ്ചരിക്കുന്ന കുടുംബത്തിലേയ്ക്കു് 'ആപൊതിച്ചോറു'കാരനെക്കൂടി കിട്ടിയതിൽ എല്ലാവർക്കും ആഹ്ലാദമായി.

ഇളംകുളം കുഞ്ഞൻപിള്ളസ്സാർ ഞങ്ങളുടെ സംഘത്തിൽനിന്നു യാത്രപറഞ്ഞു പോയി. ധാരാളം പുക വലിക്കുമെങ്കിലും മഷി പിടിക്കാത്ത മനസ്സുള്ള ആ ശുദ്ധനും സുശീലനുമായ സുഹൃത്തിൻെറ പോക്ക് ഒരു വിടവായി തോന്നി. ഞങ്ങൾ ഐക്യകേരളകൺവൻഷനോടനുബന്ധിച്ചുണ്ടായിരുന്ന കലാപരിപാടിയിലും പങ്കുകൊണ്ടു—പതിനഞ്ചു മിനുട്ടുനേരം. ഒരേതരത്തിലും വേഷത്തിലുമുള്ള പെൺകുട്ടികളുടെ കൈകൊട്ടിക്കളിയാണു് മുഖ്യമായി കണ്ടതു്. മലയാളത്തിൻെറ മണമുള്ള ആ കലാപ്രകടനം മനസ്സിൽ മലരുകൾ ഉതിർത്തു.

ആകാശം മുഴക്കെ കരിങ്കാറുകൾ, ഭൂമി നിറയെ 'ചളിപിളി'—ഇങ്ങനെ സുഖകരമല്ലാത്ത ആ പ്രഭാതത്തിൽ ഞങ്ങൾ ഗുരുവായൂരെത്തി. അമ്പലം പ്രദക്ഷിണം വെച്ചുകൊണ്ടു ഞങ്ങൾ കിഴക്കേ നടയിലുള്ള 'സത്ര'ത്തിലേയ്ക്കു പോവുകയായി. മുമ്പിൽ ജി., അതിന്നു പിന്നിൽ കാരൂർ, സരസ്വതിയമ്മ, എല്ലാററിലും പിന്നിൽ ഞാൻ ഇങ്ങനെയായിരുന്നു ആ ജാഥ. ഭക്തന്മാർ, അഗതികൾ, അംഗവികലന്മാർ, ഈശ്വരവിശ്വാസത്തെ മുടക്കുമുതലാക്കിയവർ എന്നിങ്ങനെ പലരേയും വഴിയിൽ കാണായി. നടയ്ക്കൽ ചെന്നപ്പോൾ കണ്ണിൽ കരടു വാരിയെറിയുന്ന മറെറാന്നു്—മറക്കുട പിടിച്ച കുറെ അന്തർജ്ജനയുവതികൾ! ഇന്നും, ഈ പരിഷ്കൃതയുഗത്തിലും, മറക്കുട പിടിച്ചു നടക്കണമെന്നു്! പാവപ്പെട്ട ഈ അന്തർജ്ജനയുവതികളുടെ നേക്ക് പല്ലിറുമ്മുന്ന ആ പഴമ നശിച്ചിട്ടില്ല! അന്തർജ്ജനസമാജത്തിൻെറ കുടക്കാൽക്കുത്തോററു് അതു നിലം

പതിച്ചിട്ടേയുള്ളു. എന്തായാലും നീങ്ങാൻ കൂട്ടാക്കാതെ ശാഠ്യംപിടിച്ചു നില്ക്കുന്ന ചില നിഴലുകഠം!

മഴയത്തു് ആലോലം മുങ്ങിനില്ക്കുന്ന കിഴക്കേ നടയ്ക്കലുള്ള ആൽവൃക്ഷം മമ്മരങ്ങളിലൂടെ എന്തൊക്കെയോ മന്ത്രിക്കുന്നുണ്ടു്. ഞാൻ ചെവിയോത്തു. കഴിഞ്ഞ കാലങ്ങളിൽ നടന്ന ക്ഷേത്രപ്രവേശനസത്യാഗ്രഹത്തിൻെറ ആവേശകരങ്ങളായ കഥകളാണു് അതയവിറക്കുന്നതെന്നു തോന്നി. കേളപ്പൻ, എ. കെ. ജി., കാത്ത്യായനിയമ്മ, എൻ. പി. ദാമോദരൻ, പരേതനായ പി. കൃഷ്ണപിള്ള തുടങ്ങിയവർ മുമ്പിൽ വന്നു നിരന്നു—പടയാളികളെപ്പോലെ! മുട്ടു മറയാത്ത ഒരു ഖദർമുണ്ടു്, ഒരു മുറിയൻകുപ്പായം, ഗാന്ധിത്തൊപ്പി ഇങ്ങനെയുള്ള വേഷവിധാനത്തോടുകൂടിയ പി. കൃഷ്ണപിള്ള ഒരു ദിവസം പൂണൂൽകാക്കു മാത്രം കയറാവുന്ന ആ 'സോപാന'ത്തിലേയ്ക്കു നിർഭയനായി കയറിച്ചെന്നു മണിയടിച്ചു തൊഴുതു മടങ്ങിപ്പോന്നു. മേൽജ്ജാതിക്കാർ അദ്ദേഹത്തെ മട്ടിച്ചു. എങ്കിലും അതു മേൽജ്ജാതിക്കാരുടെ മേട്ടരാഹംകൃതിക്കുള്ള ഒരു മരണമണിയടിയായിത്തീന്നു. കേളപ്പൻ അന്നു നടത്തിയ നിരാഹാരവ്രതം, ഇന്ത്യയെ മുഴുക്കെ ഇളക്കിമറിച്ച ആ ഉജ്ജ്വലസമരം, സാമൂഹ്യങ്ങളായ പല പരിവത്തനങ്ങളും വരുത്തിക്കളഞ്ഞു. ഇന്നു് എല്ലാ ജാതിക്കാക്കും അമ്പലത്തിൽ പോയി തൊഴുതുവരാം. ആ സത്യാഗ്രഹത്തിൻെറ കാലടിപ്പാടുകഠം കാലപ്പഴക്കത്തിന്നും മാച്ചുകളയാൻ കഴിയുകയില്ല.

ഞങ്ങഠം താമസസ്ഥലത്തു ചെന്നു. അപ്പോഴയ്ക്കും കു-

ട്ടികൃഷ്ണമാരാരും അവിടെ വന്നെത്തി. വടകര സാഹിത്യ പരിഷത്സമ്മേളനത്തിന്നു വരാതെ, ഗുരുവായൂർസമ്മേളനത്തിന്നു നേരത്തെത്തന്നെ ഹാജരായ മാരാരോട് എനിക്കു കുറഞ്ഞൊരു പരിഭവം തോന്നി. ഞാനതു കാണിച്ചില്ല. എന്നേക്കാൾ എന്തിലും മുതിർന്ന അദ്ദേഹത്തോടതു കാണിക്കുന്നതു ഭംഗിയല്ലല്ലോ. മാരാർ വേഗം പോയി. അദ്ദേഹമാണല്ലോ ചർച്ചാസമ്മേളനത്തിലെ അദ്ധ്യക്ഷൻ.

എം. ശ്രീധരമേനോൻ വന്നു—ഒരാതിഥേയൻെറ മട്ടിൽ! വിനീതനും സഹൃദയനുമായ അദ്ദേഹം ഞങ്ങളുടെ കൂടെ എപ്പോഴുമുണ്ടായിരുന്നു.

ജി. കുളിയ്ക്കാൻ വെമ്പുന്നതിന്നിടയിൽ ചോദിച്ചു:

"അമ്പലത്തിൽ പോകേണ്ടേ?"

"ഓ, പോവാം"....ഞാൻ.

"അമ്പലത്തിൽപ്പോണം" കാരൂർ.

"അമ്പലത്തിൽ പോണ്ടേ, പിന്നെ?"—സരസ്വതിയമ്മ.

ഞങ്ങളുടെ പുറപ്പാടുകൂട്ടൽ കഴിഞ്ഞപ്പോഴേയ്ക്കും സമയം വളരെയായി. ജി. എന്നോടഭിപ്രായപ്പെട്ടു: "നമുക്കു മീററിങ്ങു കഴിഞ്ഞു വൈകുന്നേരം പോവാം അമ്പലത്തിലേയ്ക്കു്, അല്ലേ?" ഞാൻ സമ്മതിച്ചു. കാരൂരും സരസ്വതിയമ്മയും അപ്പോൾത്തന്നെ അമ്പലത്തിൽ പോകാൻ തീരുമാനിച്ചു. കാരൂര് തനി ഭക്തൻെറ മട്ടിൽ ഈറൻ മുണ്ടോടുകൂടി മുന്നിൽ നടന്നു. സരസ്വതിയമ്മയുടെ കൈത്തണ്ടമേൽ അപ്പോഴുമുണ്ടു ക്യാമറ.

"ഇതു ഗുരുവായൂരപ്പന്നു വഴിപാടു ചെയ്യാൻ കൊണ്ടുപോകയാണോ?" ഞാൻ ചോദിച്ചു.

"അല്ല, അവിടെനിന്നു ചിലതിങ്ങോട്ടു വഴിപാടു വാങ്ങാൻ."

"അതു കൊള്ളാം. ഇപ്പോൾ എടുത്തേടത്തോളം ഫോട്ടോ എങ്ങനെയുണ്ടു്?"

"അറിയില്ല. സാധാരണ ഞാൻ എടുക്കാറുള്ള ഫോട്ടോവിന്നു തലയുണ്ടാവാറില്ല."

"സ്ത്രീകളുടെ കലാവിദ്യ പലതും അങ്ങിനെയാണോ?" ഹൃദയംകൊണ്ടു് ഉറക്കേയും നാവുകൊണ്ടു പതുക്കേയും സംസാരിക്കാറുള്ള കാരൂർ പുഞ്ചിരിപൂർവ്വം ചോദിച്ചു.

"അതൊന്നുമല്ല." സരസ്വതിയമ്മ പ്രതിഷേധിച്ചു. അവരുടെ മുഖം കത്തുന്നതായി തോന്നി. സ്ത്രീയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു കളിയാക്കുകയോ അധിക്ഷേപിക്കുകയോ ചെയ്താൽ അവരുടെ ഭാവം മാറുന്നതായി കാണാം. സ്വാതന്ത്ര്യസമരത്തിനായി അണച്ചു മൂർച്ചകൂട്ടിയതാണല്ലോ അവരുടെ തൂലിക. അവർ അമ്പലത്തിലേയ്ക്കും ഞങ്ങൾ സമ്മേളനസ്ഥലത്തേയ്ക്കും തിരിച്ചു.

ഹിന്ദുമതസമ്മേളനത്തോടു് അനുബന്ധിച്ചു നടത്തുന്ന സാഹിത്യചർച്ചാസമ്മേളനം ശ്രീ. കുട്ടികൃഷ്ണമാരാരുടെ അദ്ധ്യക്ഷതയിൽ നടക്കുകയാണു്. അദ്ധ്യക്ഷപീഠത്തിന്റെ പിന്നിലായി കണ്ണനാമുണ്ണിയുടെ കൌതുകമുള്ള ഒരു പ്രതിമയുണ്ടു് കൂട്ടിലിട്ടുവെച്ചിരിക്കുന്നു. അതിനെ ഇടിത്തീവിളക്കുകളെക്കൊണ്ടു ചമ്പകപ്പൂമാല ചാർത്തിച്ചിട്ടുണ്ടു്.

ഞങ്ങൾ ചെന്നപ്പോഴേയ്ക്കും പലരുടേയും പ്രസംഗങ്ങൾ കഴിഞ്ഞിരുന്നു. എങ്കിലും ജി. കെ. എൻ., അഴീക്കോട്ടു സുകുമാരൻ, കരിമ്പുഴ രാമകൃഷ്ണൻ, വി. ടി. ഭട്ടതിരിപ്പാടു തുടങ്ങിയവർ അവിടെയുണ്ടു്. മാരാർ അദ്ധ്യക്ഷസ്ഥാനം യഥോചിതം നടത്തിപ്പോരുന്നതായിക്കണ്ടു. പത്തു മിനിട്ടേ ഒരാൾക്കു പ്രസംഗിക്കാൻ സമയമുള്ളു. പ്രസംഗം തുടങ്ങി പത്തു മിനിട്ടു കഴിഞ്ഞാൽ കേൾക്കാം ഒരു മണിയടി! അതു് ആ പ്രസംഗത്തിന്റെ മരണമണിയടിയാണു്. ചിലരുടെ പ്രസംഗം പത്തു മിനിട്ടു കഴിയുമ്പോഴേയ്ക്കേ കത്തിപ്പിടിച്ചുവരികയുള്ളു. അപ്പോഴേയ്ക്കും അതു നില്ക്കാൻ നിർബ്ബദ്ധമാകുന്നു. സഹൃദയനായ മാരാരല്ല, അരസികനായ അദ്ധ്യക്ഷനാണു് മണിയടിക്കുന്നതെന്നു തോന്നി.

"സംസാരിക്കുന്നില്ലേ?" പ്രവർത്തകന്മാരിൽ ഒരാൾ എന്റെ ചെകിട്ടിൽ വന്നു ചോദിച്ചു.

"ഇല്ല. പഞ്ചസാരയാവലല്ല, അതു തിന്നലാണു് എനിക്കിഷ്ടം."

പലരും സാഹിത്യത്തെക്കുറിച്ചു സംസാരിച്ചു കേട്ടു. പുരോഗമനസാഹിത്യം ആപത്താണെന്നുപോലും! പ്രസംഗങ്ങളിലെല്ലാം മുഴങ്ങിക്കേട്ടതു്, പുതിയ വിളവുകൾ നശിപ്പിക്കാൻ വരുന്ന 'വെട്ടുകിളി'കളുടെ ഇരമ്പമായിരുന്നു.

ഞങ്ങൾ ചർച്ചാസമ്മേളനം കഴിയുന്നതിന്നു മുമ്പു പോന്നു. ഞങ്ങൾക്കു മറ്റൊരു പരിപാടികൂടിയുണ്ടായിരുന്നു—എം. ലീലാവതിയുടെ വീട്ടിലൊന്നു പോകൽ. നാലു മണിക്കാണു് ജി.യുടെ അദ്ധ്യക്ഷതയിലുള്ള സമ്മേ

ളനം. അതിന്നു മുമ്പായി ഇതു കഴിയണം. ഞങ്ങൾ ഊൺ കഴിഞ്ഞു സത്രത്തിലേയ്ക്കു മടങ്ങുമ്പോൾ ജി.യെ അടുത്ത വീട്ടിൽനിന്നു് ആരോ വിളിക്കുന്നതു കേട്ടു. അതു പി. ലീലയുടെ പിതാവായ കുഞ്ഞൻമേനോനായിരുന്നു. ഞങ്ങൾ അവരുടെ താമസസ്ഥലത്തേയ്ക്കു ചെന്നു. 'വെള്ളിത്തിരയിലെ വാനമ്പാടി'യെന്നു വിളിക്കാറുള്ള പി. ലീല അവിടെ നിലത്തു നില്പുണ്ടു്, സന്തോഷാദരങ്ങളോടെ. ജി. അവരോടു കുശലാന്വേഷണങ്ങൾ നടത്തി. സരസ്വതിയമ്മയുടെ വക ഒരു ഫോട്ടോ എടുക്കലുമുണ്ടായി.

ഗുരുവായൂരുനിന്നു രണ്ടു നാഴിക വടക്കുഭാഗത്തായി ആ തെങ്ങിൻപറമ്പിലുള്ള കൊച്ചുവീടിന്റെ മുററത്തു ചെന്നു ഞങ്ങൾ കാറിൽനിന്നിറങ്ങി. വീടു തുലോം നിശ്ശബ്ദമായിരുന്നു. ഞങ്ങൾ പൂമുഖത്തേയ്ക്കു കയറി. അപ്പോഴേയ്ക്കും ലീലാവതി ഉമ്മറത്തേയ്ക്കു വന്നു—തനി ഉൾനാടൻ വേഷത്തിൽ! അവരുടെ അമ്മയും അവിടെ വന്നു. ജി. സരസ്വതിയമ്മയെ അവർക്കു പരിചയപ്പെടുത്തിക്കൊടുത്തു.

"എം. ആർ. ബി.യെ അറിയില്ലേ?"

ലീലാവതി ഒന്നു പുഞ്ചിരിക്കൊണ്ടു. അമ്മ അന്തം വിട്ട മട്ടിൽ നിന്നു: "ഒന്നുരണ്ടക്ഷരം പറഞ്ഞാൽ എങ്ങിന്യാ അറിയാ?"

ഞാൻ എന്നെ ആ അമ്മയ്ക്കു സ്വയം പരിചയപ്പെടുത്തി: "ഞാൻ ഇവിടുത്തുകാരൻതന്നെയാണു്, ഈ മുല്ലാങ്ങലത്തെ." അമ്മ ഇടയിൽ കടന്നു ചോദിച്ചു:

"ഏതു മുല്ലാങ്ങലത്തെ?"

"വടക്കേ മുല്ലാങ്ങലത്തെ."

എന്നാ അതിങ്ങട്ട് മുമ്പെ പറഞ്ഞാ മതിയാന്നി ല്ലേ്യ, ഞങ്ങളൊക്കെ അറിയുലോ എന്നൊരു ഭാവമാണ് അവരുടെ മുഖത്തു കണ്ടതു്.

"ഞങ്ങൾക്കു വേഗം പോണം. ലീലാവതി ഗുരുവാ യൂക്ക് സമ്മേളനത്തിനുണ്ടെങ്കിൽ പുറപ്പെട്ടോളൂ." ജി. ത ൻെറ ധൃതി പ്രദശിപ്പിച്ചു.

'ഞാൻ കോളേജിൽ പ്രൊഫസ്സറൊന്നുമല്ല. എ ന്നാൽ അടുക്കളയിലെ പ്രഫസറാ'ണെന്ന മട്ടിൽ അമ്മ നിറഞ്ഞ കപ്പുകളും പിഞ്ഞാണങ്ങളും ഞങ്ങളുടെ മുമ്പിൽ കൊണ്ടുവന്നു നിരത്തുകയായി. സദ്യയുണ്ടു മയങ്ങുകയായി രുന്ന വയറു് ഇതു കണ്ടു ഞെട്ടിത്തെറിച്ചു. വെണ്ണതകൊണ്ടു് അടപ്പിട്ടിരുന്ന കപ്പെടുത്തൊന്നുതിനോക്കി. അതു ചായ യോ കാപ്പിയോ ആയിരുന്നില്ല. പാലായിരുന്നു. പിഞ്ഞാ ണത്തിലോ, നേന്ത്രപ്പഴവും! 'പോഷകാഹാരങ്ങൾ വയറു നിറച്ചു തിന്നുക' എന്ന ആ മാതൃതചത്തിൻെറ മധുരോപ ദേശം മുഴുക്കെ നുകരാൻ കഴിഞ്ഞില്ല.

ഞങ്ങൾ മടങ്ങിപ്പോരുകയായി, ചോരയും മാംസ വുമില്ലാതെ ഉണങ്ങി വരണ്ട ആ ഉൾനാട്ടിൻെറ നടുവി ലൂടെ! മുളുട്ടുരു വന്നപ്പോൾ അവിലും പപ്പിടപ്പിട്ടും ഇടി ക്കുന്ന ശബ്ദം കേൾക്കായി—ആ നാടിൻെറ ഹൃൽസ്പന്ദനം പോലെ! ഞാൻ പാതവക്കത്തേയ്ക്കു നോക്കി. അവിടെ വീ ടുകളിൽ പപ്പടമുണ്ടാക്കുന്ന തിരക്കാണു്. കുടുംബാംഗങ്ങ ളെല്ലാം അതിൽ ഏർപ്പെട്ടിരിക്കുകയാണു്. എത്രതന്നെ

ശ്രമപ്പെട്ടിട്ടും ഈ പപ്പടംപോലെതന്നെ തങ്ങളുടെ ജീവിതവും വട്ടത്തിലാവുകയാണു് എന്ന ഒരു നീറലാണു് അവരുടെ മുഖങ്ങളിൽ നിഴലിച്ചുകണ്ടതു്. പാതയുടെ മറേറ ഭാഗത്തേയ്ക്കു നോക്കി. അതാ, അവിടെ പാടത്തിൻെറ വക്കത്തു 'ചിറിച്ചിക്കാവു്' നിലക്കൊള്ളുന്നു. പറയത്തക്കയാതൊരു മാററവും ആ കാവിന്നു വന്നിട്ടില്ല. കുട്ടിക്കാലത്തു് അമ്മയൊരുമിച്ചു ഗുരുവായൂർ തൊഴുതു മടങ്ങുമ്പോൾ ഈ 'ചിറിച്ചിക്കാവി'ൻെറ നടയ്ക്കലൂടെ കൈകൊട്ടിച്ചിരിച്ചു പോന്ന ദിവസങ്ങൾ ഓർമ്മയിൽ വന്നു. കൈക്കൊട്ടിച്ചിരിക്കാതെ പോയാൽ അതു് ആ ഈശ്വരിയെ അവമാനിക്കലാണുപോലും! അവിടെയുള്ള ഈ കൈകൊട്ടിച്ചിരി ഒരു ഈശ്വരവന്ദനമാണു്. പൂരങ്ങളോ ഉത്സവങ്ങളോ കഴിക്കാനുള്ള ധനപരമായ ശേഷിയോ, എന്തെങ്കിലും പറഞ്ഞുണ്ടാക്കാനുള്ള കുലമാഹാത്മ്യങ്ങളോ ഒന്നുമില്ലാത്ത ഒരു പാവപ്പെട്ട കാവാണതു്. പക്ഷേ, മററു് 'ഊററക്കാരാ'യ ഈശ്വരന്മാരെക്കാളും ഈശ്വരിമാരെക്കാളുമേറെ വിലപ്പെട്ട ഒരു സന്ദേശമുണ്ടിതിന്നു്—'കൈകൊട്ടിച്ചിരിക്കുക!' ഈ നറുനിലാവു ചൊരിഞ്ഞുനില്ക്കുന്ന ഈശ്വരിയെ ഞാൻ ഒന്നുകൂടി നോക്കി. കാവു കണ്ണിൽനിന്നു മറഞ്ഞു. പക്ഷേ അവിലും പപ്പടപ്പിട്ടും ഇടിക്കുന്നതിൻെറ തുടിപ്പു വീണ്ടും കാതിൽ വന്നു മുട്ടിയിരുന്നു: "നാളെമുതൽ പിട്ടിടിക്കുന്നവനേ കുട്ടിയുണ്ണാൻ പപ്പടമുള്ളു."

ഞങ്ങൾ സമ്മേളനസ്ഥലത്തേയ്ക്കു പുറപ്പെടുകയാണു്. അപ്പോൾ ഒരു ചെറുപ്പക്കാരൻ വന്നു ജി.യോടു സംസാരിക്കുന്നതു കേട്ടു: "ഞാൻ ഒരു കൃസ്ത്യാനിയാണു്. എന്നോടു

സമ്മേളനസ്ഥലത്തുനിന്നു പുറത്തു പോകാൻ പറഞ്ഞു. അങ്ങയുടെ പ്രസംഗം കേൾക്കാനാണു് വന്നതു്. എന്തു ചെയ്യണം? ഹിന്തുമതസമ്മേളനത്തിൽ ഹിന്തുക്കൾക്കമാത്രം പ്രവേശിച്ചാൽ പോരേ എന്നാണു് പ്രവത്തകന്മാരിൽ ച്ചിലർ പറഞ്ഞുകേട്ടതു്."

"ഞാൻ പ്രവത്തകന്മാരോട്ട സംസാരിക്കട്ടെ."

ജി. തീപ്പിടിക്കാൻ തുടങ്ങിയിട്ടുണ്ടെന്നു തോന്നി. ജി. പ്ലാററുഫോമിലേയ്ക്കു ചെന്നു പ്രവത്തകന്മാരോടും ശ്രീ. പുത്തേഴത്തിനോടും ചിലതു സംസാരിക്കുന്നതായി കേട്ടു. പുത്തേഴം ജി. പറഞ്ഞതു ചുണ്ടിലൂടെ ഒഴുക്കിക്കളഞ്ഞതല്ലാതെ ഉൾക്കൊണ്ടതായി തോന്നിയില്ല. പുത്തേഴത്തിനോട്ട നമുക്കുള്ള ഇഷ്ടം വിശാലോജ്ജ്വലമായ ടാഗോർസാഹിത്യം പകൻ തന്നു എന്നുള്ളതാണല്ലോ. ടാഗോർസാഹിത്യത്തിൻെറ ഋദ്ധിമത്തായ തോട്ടങ്ങളിലും വാടികളിലും സഞ്ചരിച്ചിരുന്ന സഹൃദയനായ പുത്തേഴം ഈ ഇടുങ്ങിയ ഇടവഴിയിൽ എങ്ങനെ വന്നുവീണു? അദ്ദേഹം ഒരു സവാരിക്കാരനാണു്. ഏതു കാലൊടിഞ്ഞ കുതിരയുടേയും പുറത്തു വീഴാതെ സവാരി ചെയ്യാൻ സമത്ഥനാണു്. എന്നാൽ ഇതു വേണ്ടിയിരുന്നില്ല. നടക്കാൻ ജീവനില്ലാത്ത ഈ മരക്കുതിരയുടെ—മതത്തിൻെറ—പുറത്തു കയറിയിരിക്കേണ്ടിയിരുന്നില്ല. മതം ഇനി മയ്യാദയ്ക്കു് എഴുന്നേററു നടക്കുമോ?

ജി. പറഞ്ഞു: "ഇവരു പറയുന്നതു് ആരോടും പുറത്തു പോകണമെന്നു പറഞ്ഞിട്ടില്ലെന്നാണു്. പക്ഷേ, ഞാനതു വിശ്വസിക്കുന്നില്ല. എന്തോ ചില തകരാറുണ്ടു്."

സമ്മേളനം തുടങ്ങി. ജി. ഐക്യകേരളത്തിന്റെ ആവശ്യത്തെ ഊന്നിക്കൊണ്ടു പ്രസംഗിച്ചു. അതിനെത്തുടൎന്നു പലരും.

"ആററംബോംബിന്നെതിരായി ഞങ്ങൾ ഒരു പ്രതിവിധി കണ്ടുപിടിച്ചിരിക്കുന്നു. നാമംജപം" അത്രയൊന്നും പ്രായംചെല്ലാത്ത ഒരു മാന്യൻ പ്രസംഗിക്കുന്നതു കേട്ടു. ജി. ആരെയോ ഒരാളെ അദ്ധ്യക്ഷസ്ഥാനത്തു പിടിച്ചിരുത്തി ഓടിവന്നു പറഞ്ഞു: "നമുക്കു പോവ്ാം. വീൎപ്പുമുട്ടുന്നു. ഇവിടെ നില്ക്കാൻ വയ്യ."

ജി. പറഞ്ഞതു വാസ്തവമാണെന്നു തോന്നി. ഹിന്ദുമതസമ്മേളനത്തിലെ പല പ്രസംഗങ്ങളും മനസ്സിൽ കണ്ണീർവാതകം പ്രയോഗിച്ചാലത്തെ അസുഖമാണുണ്ടാക്കിയതു്.

ഞങ്ങൾ കാറിൽ കയറിയിരിപ്പായി. കാത്തൂരെവിടെ? അദ്ദേഹം വടക്കുംകൂറുമായി കാൎയ്യസംബന്ധമായ എന്തോ സംസാരത്തിലാണു്. അദ്ദേഹവും ഒരെഴുത്തുകാരനാണല്ലോ. എന്തെങ്കിലും അച്ചടിച്ചു പ്രസിദ്ധീകരിക്കാനുണ്ടാവും. തലേന്നാൾ വയലാറുമായാണു് സംസാരിക്കുന്നതു കേട്ടതു്. കാത്തൂരിന്നു് എഴുത്തുകാരായ എല്ലാവരും സുഹൃത്തുക്കളാണു്—വടക്കുംകൂറും വയലാറും എല്ലാവരും തന്നെ. അദ്ദേഹം ഒരു കാഥികനെന്നപോലെ പ്രസിദ്ധീകരണശാലയുടെ ഉയൎന്ന ഉദ്യോഗസ്ഥനുംകൂടിയാണു്. രാത്രിയിൽ കഥയെഴുത്തുകാരൻ; പകലോ അതു മേടിച്ചു് അച്ചടിച്ചു പണമുണ്ടാക്കേണ്ടുന്ന ഒരു ഉദ്യോഗസ്ഥൻ! 'വേ

ന്'മെന്നും 'ഇല്ലാ' എന്നും ഒരേ ശ്വാസത്തിൽ പറയേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം!

തളച്ചമൂലം തൃശ്ശൂർതീവണ്ടിസ്റ്റേഷനിൽ എത്തിയതേ ഞാനറിഞ്ഞുള്ളൂ. ശ്രീധരമേനോൻ അപ്പോഴും ഞങ്ങളുടെ കൂടെയുണ്ടു്. ഞങ്ങളെ യാത്രയാക്കാൻ വന്നിരിക്കുകയാണദ്ദേഹം. ഞങ്ങൾ എറണാകുളത്തേയ്ക്കു തിരിച്ചു.

ജി.യുടെ വീട്ടിൽ ചെന്നപ്പോൾ ഗുപ്തൻനായർ വയറു വേദനപ്പെട്ടുകൊണ്ടു കിടക്കുകയാണു്. വേദനയ്ക്കു ഭേദമുണ്ടെന്നദ്ദേഹം പറഞ്ഞു. ഞാൻ തമാശയോടെ പറഞ്ഞു: "പരിഷത്തിന്നു വന്നു വേദനയോടെ മടങ്ങുന്നതു കഷ്ടമാണു്. സാഹിത്യകാരൻെറ വേദനകൾ പരിഷത്തിൽ വന്നാൽ മാറേണ്ടതാണല്ലോ."

അദ്ദേഹം ഒന്നു പുഞ്ചിരിക്കൊണ്ടതേയുള്ളൂ.

ആദ്യം കാരൂർ യാത്ര പറഞ്ഞുപോയി. പിന്നെ സരസ്വതിയമ്മ. ഒടുവിൽ ഞാനും അവിടെനിന്നു യാത്ര പറഞ്ഞു പിരിഞ്ഞു. പരിഷത്തു കഴിഞ്ഞു മടങ്ങിവന്നപ്പോൾ, അനവധി ദിവസങ്ങൾ പിന്നിട്ടാലത്തെ ഒരു തോന്നൽ. മറെറല്ലാററിനേക്കാളും മുന്തിനില്ക്കുന്ന തോന്നൽ ഇതാണു്: പരിഷത്തു്, തളരുന്ന സാഹിത്യകാരന്മാക്കു് ഒരു തണ്ണീർപ്പന്തലെങ്കിലുമായി നിലക്കൊള്ളണം.

# ചീന്തിപ്പോയ ഒരേട്

അതെന്താണെന്നു തിട്ടപ്പെടുത്തി പറവാൻ ഞാനാളല്ല. കഴിഞ്ഞ കാലങ്ങളിലൊരുനാൾ അത്താഴത്തിന്നിരിക്കുമ്പോൾ ജ്യേഷ്ഠൻ അച്ഛനോടു ചോദിക്കുന്നതു കേൾക്കായി: "വള്ളത്തോളിൻെറ വീട്ടിൽ ഒരു മാരാൻ താമസം തുടങ്ങാൻ പോവുകയാണു്; ആ മാരാന്നു് ഉച്ചയ്ക്കിവിടെ ചോറു കൊടുക്കാൻ പററുമോ എന്നു വള്ളത്തോളു ചോദിക്കുകയുണ്ടായി."

"അതിനെന്താ വിരോധം? ഒരാളു വന്നു് ഊണു കഴിക്ക്യല്ലേ? അതിൽ നഷ്ടം നിരീക്കാനൊന്നൂല്ല." അച്ഛൻ മറുപടി പറഞ്ഞു.

ഇതു കഴിഞ്ഞു് അധികനാൾ താമസമുണ്ടായില്ല, ഒരു ദിവസം രാവിലെ ഒമ്പതു മണിക്കു് ഇല്ലത്തെ പൂമുഖത്തു് ഒരാൾ വന്നു കയറി—ഏതാണ്ടിരുനിറത്തിൽ, ഉടലും കാലും തമ്മിൽ വേണ്ടത്ര പൊരുത്തമില്ലാതെ, നീണ്ടു മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ! തലയിൽ കുടുമയുണ്ടു്. ഒരു ഖദർമുണ്ടു ചുററി മററൊന്നുകൊണ്ടു ഒരേറാപ്പമിട്ടുനില്ക്കുന്ന അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു ഞാൻ ഒന്നു നോക്കുകയുണ്ടായി. എന്നാൽ, എന്താണു് മൂത്തി എന്നു് അപ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഞാനും, അനുജൻ 'പ്രേംജി'യുംകൂടി അദ്ദേഹത്തിന്നു വിളമ്പിക്കൊടുത്തു. ചമ്രംപടിഞ്ഞിരുന്നു തുലോം വൃത്തിയിലാണ് അദ്ദേഹത്തിൻെറ ഊണ്. എല്ലാം ചവച്ചിറക്കുന്ന ശീലക്കാരനായതുകൊണ്ടോ എന്തോ, അദ്ദേഹം ഊൺ കഴിക്കുന്നതിന്നിടയിൽ ഒന്നുരണ്ടു ചെറിയ കല്ലുകൾ വായിൽനിന്നെടുത്തു നിലത്തിടുകയുണ്ടായി. അന്ന് ഊൺ കഴിഞ്ഞു വേഗം അദ്ദേഹം പോയി.

അങ്ങനെ സാഹിത്യശിരോമണി കെ. എം. കുട്ടികൃഷ്ണമാരാർ കാലത്തൊമ്പതര മണിക്കു മുമ്പായി ഇല്ലത്തു വരാൻ തുടങ്ങി. സമ്മതം നോക്കാതെതന്നെ മാരാർ ഞങ്ങളുടെ മനസ്സിൽ കടന്നിരിപ്പായി! മാരാർ വരുന്നതു ഞങ്ങൾ കാത്തിരിക്കും, അദ്ദേഹത്തിൻെറ വരവ് ഒരാഹ്ലാദമാണ്. മാരാർ വരുമ്പോൾ എന്തെങ്കിലുമൊന്നു കയ്യിലോ ചുണ്ടിലോ ഉണ്ടായിരിക്കും. ഒന്നുകിൽ വള്ളത്തോൾ അപ്പോൾ എഴുതിത്തീർത്ത ചൂടാറാത്ത ഒരു കവിത, അല്ലെങ്കിൽ വള്ളത്തോളും നാലപ്പാടും തമ്മിൽ നടന്ന രസംപിടിച്ച കൂടിക്കാഴ്ച, അതുമല്ലെങ്കിൽ അന്നത്തെ രാഷ്ട്രീയ പശ്ചാത്തലം—അങ്ങനെ എന്തെങ്കിലും ഒന്നുണ്ടാവാതിരിക്കുകയില്ല. എന്തായാലും ഞങ്ങളതു വെറുംവയററിൽ കഴിക്കും.

ഇല്ലത്തുള്ള എല്ലാവരുടേയും ഊൺ കഴിഞ്ഞാൽ, ഞങ്ങൾ മാരാക്കു വിളമ്പിക്കൊടുക്കുകയായി. അടിയാവരുതെന്നുവെച്ച ചോറും മററു വിഭവങ്ങളും മാരാക്കു പകർന്നുവെയ്ക്കുകയാണ് പതിവ്! എന്നിട്ടും മിക്ക ദിവസങ്ങളിലും ഊൺ കഴിക്കാനിരിക്കുമ്പോൾ ഒരു കല്ലെങ്കിലും മാരാർ

തൻെറ വായിൽനിന്നു പെറുക്കിയെടുത്തു കൊണ്ടുവരാതി രിക്കുകയില്ല. ചോറിലോ കറിയിലോ ഒരു കല്ലുണ്ടെങ്കിൽ അതെങ്ങനെയെങ്കിലും മാരാരുടെ ഇലയിൽപ്പെടാതിരി ക്കുകയില്ല; ഇലയിൽ പെട്ടാലോ, മൂപ്പരുടെ വായിലും. പക്ഷേ, അദ്ദേഹത്തിൻെറ സമത്ഥങ്ങളായ പല്ലുകളും നാ വും ഉപായത്തിൽ അകത്തേയ്ക്കിറങ്ങാൻ നോക്കുന്ന കല്ലു കളെ പിടിച്ച പിടിയാലെ പുറത്തു കൊണ്ടുവന്നേ അ ടങ്ങൂ.

ഞങ്ങഠംക്കു മാരാരുടെ നേക്കുള്ള ആദരംകൊണ്ട് അ ദ്ദേഹം ഉണ്ണാനിരിക്കുമ്പോഠം അവണപ്പലക വെച്ചുകൊടു ക്കും. ഒരു ദിവസം അച്ഛൻ അതു കണ്ടു. നമ്പൂതിരിയെ ക്കാഠം തുലോം താഴ്ന്നവനായ, തൊട്ടുപോയാൽ കുളിക്കുക യല്ലാതെ മറെറാന്നും ചെയ്യാനില്ലാത്ത, ഒരു മാരാക്കു പ ലക വെച്ചുകൊടുക്കുക! അദ്ദേഹം ഞങ്ങളെ ഗുണദോഷി ച്ചു: "ധരിച്ചിട്ടുണ്ടോ, നായന്മാക്കും അമ്പലവാസികഠംക്കും ഉണ്ണാനിരിക്കുമ്പോ പലക വെച്ചുകൊടുക്കരുത്. അതി ലിരുന്നുണ്ണുന്നവക്കല്ല, വെച്ചുകൊടുക്കുന്നവക്കാണ് അതോ ണ്ടുള്ള ദോഷം!" പിററന്നാഠംമുതല്ക്കു വത്തമാനപത്രമാ യി മാരാരുടെ പലക! തൻെറ ഇരിപ്പിടത്തിന്നു മാററം വ ന്നതു് എങ്ങനെയെന്നു മാരാർ മനസ്സിലാക്കിയിരുന്നിരി ക്കണം. ഇതുപോലുള്ള നിസ്സാരമായ മറെറാരു നേരം പോക്കുകൂടി ഓമ്മവരുന്നു: ദുല്ലഭം ചില ദിവസങ്ങളിൽ മാരാർ രാത്രികാലങ്ങളിലും ഇല്ലത്തു കൂടാറുണ്ടു്. ഞങ്ങഠം ഒരു മുറിയിൽ ഒന്നിച്ചു കോസറിയിട്ടു കിടക്കും. അങ്ങനെ യുള്ള ഒരു ദിവസം പകൽ പത്തു മണിയായിട്ടും മുറിയിൽ

ഒരു കോസറിമാത്രം മടക്കിവെയ്ക്കാതെ നിവൎന്നുകിടക്കുന്നതു കാണായി! "എന്തുകൊണ്ടു മടക്കിവെച്ചില്ല?" അധികൃതന്മാർ ചോദ്യമായി. അതിന്നു ചുമതലപ്പെട്ട കീഴ്‌ജീവനക്കാരൻ—വാലിയക്കാരൻ—സങ്കടം പറയുകയായി: "ഇതു വലിയ സങ്കടമാണു്, വെടോണ്ടു്; മാരാന്മാർ നായന്മാരേക്കാൾ ജാതിയിൽ താഴ്ന്നവരാണു്; അവര് കിടന്ന കിടയ്ക്ക മടക്കിവെയ്ക്കണമെന്നു് ഇവിടുന്നു് അരുളിച്ചെയ്യരുതു്."

"തനിക്കു്, ഇതാണു് മാരാര് കിടന്ന കോസറി എന്നു് എങ്ങനെ മനസ്സിലായി? മാരാരു കിടന്ന കോസറിക്കു വല്ല പ്രത്യേക അടയാളവുമുണ്ടോ?" പ്രേംജി ചോദിച്ചു.

"അദ്ധ്യേൻ അയാളെണീററു പോണതു കണ്ടു."

"തനിക്കു വയ്യെങ്കിൽ ഞാനായിക്കോളാം" പ്രേംജി കോസറി മടക്കിവെയ്ക്കാൻ തുടങ്ങി. അപ്പോഴേയ്ക്കും വാലിയക്കാരൻ ഓടിച്ചെന്നു്, "അവിടുന്നു വേണ്ട, അടിയനായിക്കോളാം" എന്നായി! ഇതും മാരാർ മനസ്സിലാക്കിയിരുന്നിരിക്കണം.

ഇങ്ങനെ ഇരിക്കപ്പൊറുതിയും കിടക്കപ്പൊറുതിയുമില്ലാത്ത ഒരു സ്ഥിതിവിശേഷം മാരാക്കു മാത്രമായിരുന്നുവോ? അല്ല, കേരളത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കുമുള്ള ഒരു ദയനീയസ്ഥിതിയായിരുന്നു. ഇതിനെ കടയോടെ പറിച്ചെറിയാനുള്ള പ്രക്ഷോഭം അന്നു് ഇന്ത്യമുഴുക്കെ മുളയിട്ടുകഴിഞ്ഞിരുന്നുതാനും! അതേ, ഇന്ത്യയിൽ അന്നു ദേശീയപ്രസ്ഥാനം ഇല വിരിഞ്ഞുവരികയാണു്. കേരളത്തിലും അതു കണ്ടുതുടങ്ങിയിരുന്നു. വിദേശവസ്ത്രദഹനം, കള്ളു

ഷാപ്പുപിക്കററിങ്ങു മുതലായ പരിപാടികളുടെ ചൂടും ശ ബ്ദവും ഏതു നാട്ടിൻപുറത്തേയ്ക്കും വ്യാപിച്ചിരുന്നു. സമു ദായപരിഷ്ക്കാരപ്രസ്ഥാനം വെറും വെടിപറയലിൽനിന്നു തീവ്രപരിപാടികളിലേയ്ക്കു ചാഞ്ഞുതുടങ്ങിയിരുന്നു. യോ ഗക്ഷേമപ്രസ്ഥാനത്തിൽ വിപ്ലവത്തിൻെറ വിരിയൽ കാ ണായി. ചുരുക്കത്തിൽ ഇന്ത്യയിലാകെ ഒരുൽബുദ്ധത ഉ യിർക്കൊണ്ടുവരുന്ന കാലം!

മാരാരുടെ തൊട്ടിൽ വള്ളത്തോളിൻെറ ചൂടുള്ള പു റപ്പാടായിരുന്നുവല്ലോ. ഇന്ത്യയിലെ സ്ഥിതിവിശേഷം മാരാർ ഉൾക്കൊണ്ടുപോന്നു. രാഷ്ട്രീയം കലന്ന വള്ള ത്തോൾക്കവിത ഏതു ചുണ്ടും മീട്ടാൻ തുടങ്ങി. മാരാരും ഇതിൽപ്പെട്ടുപോയി. സാഹിത്യകാരന്നു രാഷ്ട്രീയം പാടി ല്ലെന്നുള്ള അപശബ്ദം ആരിൽനിന്നും അന്നു കേട്ടിരുന്നി ല്ല. എന്നല്ല, അവക്ക് ചില രാഷ്ട്രീയം കൂടിയേ കഴിയൂ എ ന്നിടത്തോളം എത്തിയിരുന്നുതാനും. പുറപ്പാടുകൾ മാ രാരിൽ വിളയിറക്കി. വള്ളത്തോളിൻെറ വീട്ടിന്നടുത്തുള്ള പറമ്പിൽവെച്ച് ഒരു കൊൺഗ്രസ്സ് സമ്മേളനം. സ മ്മേളനത്തോടനുബന്ധിച്ച് ഒരു വിദേശവസ്ത്രദഹനവും! സി. അച്യുതക്കുറുപ്പ്, ബാലകൃഷ്ണക്കുറുപ്പ്, കുട്ടികൃഷ്ണമാരാർ ഇവരായിരുന്നു ഇതിൻെറ ആദ്യവസാനക്കാർ. സമ്മേളന നോട്ടീസ്സിൽ ഈ മൂവ്വരുടേതിന്നു പുറമെ പ്രേംജിയുടെക്കൂ ടെ പേരുണ്ടായിരുന്നു. പോലീസ്സ്സബ്ഇൻസ്പെക്ടരുടെ, റവന്യൂഇൻസ്പെക്ടരുടെ, അംശം അധികാരിയുടെ അമ്മാ ത്തായ—അമ്മയുടെ പിറന്ന വീട്—ഒരു നമ്പൂതിരിജ ന്മിയുടെ ഇല്ലത്തെ ഒരംഗം ഗവമ്മേണ്ടിന്നെതിരായ ഒരു

മീററിംഗിൻെറ നോട്ടീസ്സിൽ പേരു വെയ്ക്കുകയോ? അച്ച ടിച്ച കോൺഗ്രസ്സ് മീററിംഗിൻെറ നോട്ടീസ്സുമായി ഒരു പോലീസ്സുകാരൻ സമ്മേളനത്തിൻെറ തലേന്നാഠം ഇല്ല ത്തു വന്നു. ജ്യേഷ്ഠന്മാരോടെന്തോ സംസാരിക്കുന്നതു കേട്ടു. എന്തിനധികം? അന്നു ഞങ്ങഠം പത്തു നാഴിക അകലെ യുള്ള ഒരു കല്യാണത്തിന്നു പിടിച്ചുകൊണ്ടുപോകപ്പെട്ടു. സമ്മേളനം കഴിഞ്ഞു പിററന്നാളേ മടങ്ങിവരാൻ കഴി ഞ്ഞുള്ളു. മടങ്ങിവന്നപ്പോഠം മാരാർ അല്പരസം ഭാവിച്ചു. സ്വയംഭരണത്തിൻെറ, വിദേശവസ്ത്രദഹനത്തിൻെറ, ഖ ദറുടുക്കേണ്ടതിൻെറ, ചക്കയുടെ, എല്ലാററിൻേറയും ആവ ശ്യം അദ്ദേഹം പറഞ്ഞുതന്നു. സർവ്വോപരി 'മഹർഷിവര്യ നായ മഹാത്മജി'യുടെ മഹത്വങ്ങളും!

ഇങ്ങനെ ഗാന്ധി, ചക്കാ, ഖദറ്, ഇന്ത്യൻസ്വാത ന്ത്ര്യം—എല്ലാം മാരാർ ഞങ്ങളുടെ അകത്താക്കി. ആയി ടെ ഒരിക്കൽ മാരാർ ചോദിക്കുകയുണ്ടായി: "പാവങ്ങഠം വായിച്ചിട്ടുണ്ടോ?"

"ഇല്ല; ഒന്നുരണ്ടു പേജ് വായിച്ചു. മടുത്തു പുസ്തകം മടക്കിവെച്ചു."

"അതു പററില്ല്യ, പാവങ്ങഠം വായിക്കണം. കുറച്ചു വായിച്ചു ചെന്നാൽ പിന്നെ വായിക്കണമെന്നു തോ ന്നും."

മാരാരുടെ ഉപദേശപ്രകാരം വീണ്ടും പാവങ്ങഠം എ ടുത്തു മലത്തി. വായന തുടൻൂ. എന്തായാലും 'വായിക്ക ണം എന്നു തോന്നു'ന്നേടത്തെത്തിയില്ല. അനുരാഗമോ

അലരണിക്കാവുകളോ സുന്ദരിമാരോ ഒന്നുമില്ലാത്ത മൊട്ട പ്പറമ്പുകൾ!

അങ്ങനെ ഒരു ദിവസം മാരാർ പാവങ്ങൾ വായിക്കു ന്നതു കേൾക്കായി. അവസാനത്തെ ചില അദ്ധ്യായങ്ങൾ! കൊസത്തു ഴാങ്ങ്‌വാൽഴാങ്ങിന്റെ ആത്മാവിന്നു നഷ്ടം വരുന്ന മർമ്മഭേദകമായ ഭാഗം! ആ അദ്ധ്യായം മുഴുകെ വായിച്ചുതീർക്കാൻ ഗൽഗദത്താലും കണ്ണീരാലും മാരാൎക്കു കഴിഞ്ഞില്ല. മാരാർ മനസ്സു തകൎന്നു തേങ്ങുകതന്നെ.

പിറ്റന്നാൾമുതൽ പാവങ്ങൾവായനയിലായി ശ്രദ്ധ മുഴുവൻ. കുറച്ചു കഴിഞ്ഞപ്പോൾ, പുസ്തകം എന്നേയും കൊണ്ടോടുകയായി. അങ്ങനെ മൂന്നു പരിവൃത്തി വായിച്ചു. എന്നിട്ടേ ആൎത്തി നിന്നുള്ളു. വായിച്ചുകഴിഞ്ഞപ്പോൾ വയറു നിറച്ചുണ്ടു എന്നു തോന്നി. കുറച്ചു കണ്ണുനീരും വാന്നുപോയി. അതോടുകൂടി പല കട്ടിയുള്ള ചളിക്കട്ടകളും കുതിൎന്നടൎന്നുവീണു. മനസ്സിന്നു് ഒരു കനക്കുറവും വെളിച്ചവും കിട്ടി. ഒരു പിടി ആളുകളുടെ സുഖസൌകൎയ്യങ്ങൾക്കുവേണ്ടി ഭൂരിപക്ഷം ജനങ്ങളും നരകിക്കുകയാണു്. പട്ടിണി, കളവു്, ചതി, കൊലപാതകം, വ്യഭിചാരം, യുദ്ധം എന്നീ തീവ്രനരകങ്ങളുടെ ഉറവിടം എവിടെനിന്നാണെന്നു് എനിക്കു ബോധപ്പെട്ടു. മനുഷ്യൻ ഏററവും അടുത്ത ഒരു ബന്ധുവായി തോന്നി; അവനോടു കൂടുതൽ സ്നേഹവും. മനുഷ്യനെ പട്ടിണിയിലും ചങ്ങലയിലും ഇട്ടു തുലച്ചുകളയുന്നതെന്തോ, അതിന്നെതിരായി സമരം ചെയ്യു എന്ന വിളി എന്നിൽ കിടന്നു മുഴങ്ങി. ചിന്തിക്കാനും എഴുതാനുമുള്ള പ്രേരണ അതെനിക്കു ചുരത്തിത്തന്നു.

എന്നിലുള്ള കാട്ടുപൊന്തകൾ വെട്ടിത്തെളിയിക്കാനുള്ള ആയുധം ചൂണ്ടിക്കാണിച്ചുതന്ന മാരാരോടു നന്ദി.

അന്നു യോഗക്ഷേമപ്രസ്ഥാനം ശക്തിപ്പെട്ടുവരുന്ന കാലമായിരുന്നു. ഞാനതിലേയ്ക്കു സ്വയം ഒഴുകിച്ചെന്നു. മാരാക്കും അതിനോട്ട് ഇഷ്ടമായിരുന്നു. മാത്രമല്ല, തന്റേതായ എന്തോ ഒന്നു് അതിൽ അടങ്ങിക്കിടപ്പുണ്ടെന്നുപോലും മാരാക്കു തോന്നിയിരുന്നില്ലേ? മാരാർ സമുദായപരിഷ്കാരവിഷയങ്ങളെ അധികരിച്ചു ലേഖനങ്ങളും കവിതകളും എഴുതിയിരുന്നു—കട്ടിയും കലാഭദ്രതയും മുററിനില്ക്കുന്ന ലേഖനങ്ങളും കവിതകളും! നമ്പൂതിരിസമുദായപ്രസ്ഥാനത്തെ ആരോഗ്യകരമായി സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നവരിൽ ഒരാളായിരുന്നു മാരാർ! നമ്പൂതിരി കുറഞ്ഞൊന്നു നന്നായിക്കിട്ടിയാൽ അതിന്റെ മുമ്പിൽ ഓച്ഛാനിച്ചുനില്ക്കുന്ന തനിക്കും ചില നേട്ടങ്ങൾ കൈവരുമെന്നതാവാം മാരാരുടെ 'ഉര!'

ബ്രിട്ടീഷുഭരണം, അയിത്തം, അന്ധാചാരങ്ങൾ, വൈദികൻ, സ്മാർത്തൻ, പൂണുനൂൽ എന്നിവയോടുള്ള വെറുപ്പ് എന്നിൽ വൎദ്ധിച്ചുവശായി. "പഴമ ചത്തതായി കിടക്കണം. ജീവിച്ചിരിക്കണമെന്നു ശാഠ്യംപിടിക്കുന്നപക്ഷം അതിനെ എതിൎക്കും, കൊല്ലാൻ നോക്കും." പാവങ്ങളിലെ ഈ ആശയം മനസ്സിൽക്കിടന്നു ചിറകടിച്ചു. പൂണുനൂലെന്നപോലെ നെഞ്ചിൽ പുണൎന്നുകിടന്നിരുന്ന പല അന്ധാചാരങ്ങളേയും പൊട്ടിച്ചെറിയുകയേ ഗതിയുള്ളൂ എന്നായി. അതിന്നു വേണ്ട കരുത്തു 'പാവങ്ങ'ളെന്നപോലെ മാരാരും ഞങ്ങൾക്കു സംഭാവന തന്നിരുന്നു.

ഒത്ത മുകളിൽ വള്ളത്തോളും, അതിന്റെ കുറച്ചു താ
ഴത്തായി നാലപ്പാടൻ—ഇങ്ങനെയായിരുന്നു അന്നു മാരാ
രുടെ നിലപാടു്. പിന്നെ ആരുംതന്നെ അദ്ദേഹത്തിൽ
ഉള്ളതായി തോന്നിയിരുന്നില്ല. ചിലപ്പോൾ മാരാരൊ
ന്നിച്ചു വള്ളത്തോളിന്റെ അരികിലേയ്ക്കും നാലപ്പാട്ടേയ്ക്കും
പോയിരുന്നു. ഞാനിന്നും ഓർക്കുന്നു: പാഴ്പൊന്തകളെ
ക്കൊണ്ടു നാണം മറച്ചുനില്ക്കുന്ന ആ കൊച്ചുകുളത്തിന്റെ
പരിസരത്തിലേയ്ക്കു വള്ളത്തോൾ വരികയാണു്. കട്ടിയു
ള്ള ഖദറുമുണ്ടു കക്ഷത്തിലേയ്ക്കു കയററിച്ചുററി, സുന്ദരമായ
പുഞ്ചിരിയോടും കൂട്ടത്തുമ്മലോടുംകൂടി, മെതിയടിയിന്മലൂ
ടെയുള്ള അദ്ദേഹത്തിന്റെ ആ വരവു് ഒരു സവിശേഷ
ക്കാഴ്ചയാണു്. വന്നാൽ വെടിപറയൽ തുടങ്ങുകയായി:
കഥകളിയെപ്പററി, കഥകളിനടന്മാരെപ്പററി, കവിത
യെപ്പററി, കാലക്ഷാമത്തെപ്പററി, പണമിടപാടുകളെ
പ്പററി. എല്ലാററിനെപ്പററിയും കലാഭംഗിയോടുകൂടി സം
സാരിക്കും. ചിലപ്പോഴൊക്കെ സമുദായപരിഷ്ക്കാരവിഷയ
ങ്ങളെപ്പററിയും! എത്ര സംസാരിച്ചാലും നമുക്കു മതിവര
ലില്ല. അക്കാലത്തദ്ദേഹം 'ഉണ്ണിനമ്പൂതിരി'മാസികയിൽ
എഴുതിയിരുന്ന സാമുദായികകവിതകൾ ഞങ്ങളിൽ—ന
മ്പൂതിരിയുവാക്കളിൽ—ദേശീയബോധത്തിന്റേയും വിപ്ല
വബോധത്തിന്റേയും വിത്തുകൾ വിതച്ചു എന്നു പറയാം.
അദ്ദേഹം കാലത്തിന്റെ കാഹളം ചെവിക്കൊള്ളുന്ന ഒരു
കവിയാണു്. ദേശീയപ്രസ്ഥാനത്തിന്റെ അലയടി അ
ദ്ദേഹത്തിലെന്നപോലെ വീട്ടിലും കേൾക്കാം. 'കീറത്തല
യിണ', 'പോരാ, പോരാ' എന്നു് അദ്ദേഹത്തിൽനിന്നു

സാവേശം മുഴങ്ങി കേഠംക്കായി! ചക്കയും തക്ലിയും വീട്ടിന്നുള്ളിൽ കിടന്നു തിരിയുവാൻ തുടങ്ങി. 'രാഷ്ട്രീയഗായകൻ' എന്ന സമുന്നതബിരുദം അദ്ദേഹത്തിന്നു കൈവന്നു. അദ്ദേഹം നാടിന്റെ, കേരളത്തിന്റെ, കവിയായി!

നാലപ്പാട്ടു ചെന്നാലോ?

നമ്മഠം ചെന്ന ഉടനെ അദ്ദേഹം തന്റെ ചൂരൽക്കസാലയിൽനിന്നെഴുന്നേല്ക്കും. നമ്മെ ഉപചാരപൂർവ്വം പിടിച്ചിരുത്തും. പിന്നെ സംഭാഷണം തുടങ്ങുകയായി. അദ്ദേഹവും നമ്മോടു വിവിധവിഷയങ്ങളെപ്പററി സംസാരിക്കും—ആംഗ്യത്തോടും സ്തോഭത്തോടുംകൂടി! മൂച്ചയുള്ള ആ സംഭാഷണം നമ്മിൽ വമ്പിച്ച ഫലം ചെയ്യും. എന്റെ അനുഭവം ഇതാണു്: ഒരു പച്ചപ്പുല്ലുകൂടി മുളയ്ക്കാത്ത തരിശ്ശുപറമ്പുമായി നാം അദ്ദേഹത്തെ സമീപിച്ചാൽ ക്ഷണത്തിൽ അതു് ഒരു വിളഭൂമിയാക്കി തിരികെ മടങ്ങിപ്പോരാം. കിളയ്ക്കലും പൂട്ടലും കിണറു കുഴിക്കലുമെല്ലാമുണ്ടു്, നാലപ്പാടന്റെ സംഭാഷണങ്ങളിൽ!

മാരാരാണു് ഇവരുടെ അരികിലേയ്ക്കുള്ള വഴി ചെത്തിക്കോരി വെടുപ്പാക്കിത്തന്നതു്. അങ്ങനെ സ്വച്ഛജലം നിറഞ്ഞു വഴിഞ്ഞൊഴുകുന്ന രണ്ടു നദികളുടെ നടുക്കാണു് കുറച്ചുനാഠം കഴിഞ്ഞുകൂടിയതു്. ഈ ജീവിതം ഏതു കുഴിമടിയന്നും കുറഞ്ഞൊരു വെടിപ്പും വൃത്തിയും ഉണ്ടാക്കാതിരിക്കുമോ? അതിലെ കുളിർകാറേററാൽ മതി, എന്തും തഴച്ചു പൊന്താൻ! സംസ്കൃതകോളേജിൽനിന്നു വിളർത്തുകൊണ്ടു പുറത്തു വന്ന മാരാർ ഈ പ്രദേശത്തു വന്നു താമസമാക്കിയപ്പോഠം ഒന്നു തെഴുത്തു തെളിഞ്ഞു.

ഈ മൂവരുടേയും—വള്ളത്തോൾ, നാലപ്പാടൻ, മാരാർ—ഗുരുനാഥൻ മഹാത്മജിയാണു്, ഇന്നും! അന്നു ഭീകരപ്രസ്ഥാനക്കാരുടെ കൈത്തോക്കിന്റെ ശബ്ദം ബങ്കാളിൽനിന്നു് ഇടയ്ക്കിടെ കേട്ടിരുന്നു. അഹിംസക്കാരെ അതു ഞെട്ടിച്ചിരുന്നു. പക്ഷേ, അവരുടെ ത്യാഗവും ധീരതയും വാഴ്ത്തപ്പെട്ടു. ഭഗത്സിംഗും യതീന്ദ്രനാഥദാസ്സും അവരുടെ മുമ്പിൽ പുണ്യവാന്മാരാണു്. നിരാഹാരവ്രതത്തിൽ കിടന്നു നീറി മരിച്ച യതീന്ദ്രനാഥനെക്കുറിച്ചു മാരാർ അക്കാലത്തു് ഒരു കവിത എഴുതിയിരുന്നു—നല്ലൊരു കവിത. പരിസരമാണു് മനസ്സിൽ വിളവിന്റെ ഞാറു പാവുന്നതെന്നതിന്നു് ഒരു ദൃഷ്ടാന്തം! അല്ലെന്നു വൃഥാ ഭാവിച്ചിട്ടു കാര്യമില്ല.

കഴിഞ്ഞതില്ല: രാഷ്ട്രീയസാമൂഹ്യകാര്യങ്ങളിൽ യഥാശക്തി പങ്കെടുക്കേണ്ടതാണെന്നു മാരാർ ഞങ്ങളെ കൂടുതൽ ബോധപ്പെടുത്തി. ഒരു ദിവസം കണ്ടു, മാരാരുടെ കയ്യിൽ ഒരു തക്ലി! അതിന്നു കുറച്ചുനാൾ മുമ്പു വള്ളത്തോൾ ഒരു തക്ലിഗാഥ എഴുതിയിരുന്നു. കവിതയ്ക്കെന്തൊരു സ്വാധീനശക്തി! ആ ഒരു കവിത എത്രയെത്ര തക്ലികളുടെ 'ജാതകമ്മ'ങ്ങൾ നടത്തിയില്ല! ആ തക്ലിഗാഥ കാലികമാണെന്നും മുദ്രാവാക്യസാഹിത്യമാണെന്നും താഴ്ത്തിപ്പറയുന്നതു കഥയില്ലായ്മയല്ലേ! മുദ്രാവാക്യസാഹിത്യം ക്ഷണികജീവിയാവാം—മഴവില്ലുപോലെ. പക്ഷേ അതിന്നു മനസ്സിന്റെ ആഴങ്ങളിൽ ചില ചലനവിശേഷങ്ങളുണ്ടാക്കാനുള്ള ശക്തിയുണ്ടു്.

എൻെറ ചുററുപാടുകൾ പഴമയുടെ ചപ്പുചവറുകൾ നിറഞ്ഞതായിരുന്നു; അസുഖകരങ്ങളും നീരസപ്രദങ്ങളുമായിരുന്നു. അജ്ഞകളും നാമജപക്കമ്പക്കാരികളും 'ജലപിശാചു'കാരികളുമായ അമ്മമാർ, സാപത്ന്യമത്സരത്താലും ഭർത്തൃമർദ്ദനത്താലും ചതഞ്ഞു മരവിച്ച അന്തർജ്ജനയുവതികൾ, ഈ പാഴ്ജീവിതത്തിലേയ്ക്കു സ്വയം പടന്നുകേറാൻ കുമ്പെട്ടുത്തുവരുന്ന പെൺകിടാങ്ങൾ, തേവാരവും ബ്രാഹ്മണ്യവും ഭക്തിയും ഭാഗവതപാരായണവും ദുരഭിമാനവും കൊള്ളരുതായ്മയും സർവ്വജ്ഞഭാവവും ഓത്തത്തവും നിറഞ്ഞു കാടുകെട്ടി നില്ക്കുന്ന നമ്പൂതിരിമാർ—ഇതായിരുന്നു ചുററുപാടു്! വീർപ്പുമുട്ടുന്ന വിഷമസ്ഥിതി! വികൃതവും എന്നാൽ വിഷാദമയവുമായ ഈ ജീവിതസമ്പ്രദായത്തെ മാററിത്തീർക്കവാനുള്ള യോഗക്ഷേമപ്രസ്ഥാനത്തിൻെറ പരിപാടികളാകട്ടെ, ഒന്നും വേണ്ടത്ര വിജയിച്ചുവന്നിരുന്നുമില്ല. സമ്മേളനങ്ങൾ, പത്രം, മാസിക എന്നീ ആയുധങ്ങളെല്ലാമുണ്ടു്. പക്ഷേ ഒന്നുകൊണ്ടും പ്രസ്ഥാനത്തിൻെറ അല അടുക്കളയിലെത്തിക്കവാൻ കഴിഞ്ഞിരുന്നില്ല. സ്ത്രീകളെ കാര്യം പറഞ്ഞു മനസ്സിലാക്കിയാലേ കാര്യപരിപാടി മുന്നോട്ടു നീങ്ങൂ എന്നു ബോധപ്പെട്ടു. ശ്രീ: വി. ടി. യുടെ പ്രസിദ്ധമായ പ്രഹസനം അരങ്ങത്തു വന്നു; അന്തർജ്ജനങ്ങളെ അധികരിച്ചെഴുതിയ ചെറുകഥാപുസ്തകവും! ബോധപൂർവ്വം എഴുതിയ ഈ രണ്ടു കലാസൃഷ്ടികളും അടുക്കളയിൽ അനക്കങ്ങളുണ്ടാക്കി. സാഹിത്യം ഒരു സമരായുധമായി തോന്നി. ചെറുകഥകൾ എഴുതുവാനും പ്രഹസനം എഴുതുവാനും വി. ടി. യുടെ തൂലിക എനിക്കു പ്രചോദനം തന്നു.

ചെറുകഥകളെഴുതിയാൽ അപ്പോഠം ഞാൻ മാരാരെ കാണിക്കും. അദ്ദേഹം അതു തൻെറ തിരുത്തൽമൂലം തിളക്കമുള്ളതാക്കിത്തരും. എന്തും അടക്കി, പരസ്പരം ഞന്ധപ്പെടുത്തി പറയണമെന്നുള്ളതു മാരാക്ക് അന്നേ ഉള്ള നിബ്ബന്ധവും നിഷ്കഷ്യമാണു്. എന്തിലായാലും പ്രകരണശുദ്ധി ഒഴിച്ചുകൂടാത്ത ഒന്നാണെന്നാണു് മാരാരുടെ അഭിപ്രായം. ഓരോ വാചകവും മാരാർ മനസ്സിരുത്തിയേ ഉപയോഗിയ്ക്കൂ—തുലോം ചന്തത്തിലും സ്വാരസ്യത്തോടുകൂടിയും.

ഒരുനാഠം ഒരു കഥ എഴുതി തിരുത്തലിന്നായി മാരാരുടെ കയ്യിൽ കൊടുത്തു. അദ്ദേഹമാകട്ടെ, 'പാവങ്ങഠം വായിച്ചതിൻെറ ഫലം കാണാനുണ്ടു്" എന്ന സന്തോഷത്തോടുകൂടി അതു യഥോചിതം തിരുത്തിത്തന്നു. അതിൽ ഒരു വാചകം മാരാർ തിരുത്തിത്തന്നതു് ഇന്നും ഞാനോമ്മിക്കുന്നു: "ആ മധുരാംഗിയാകട്ടെ, അയാളെ കൂടെക്കൂടെ കടാക്ഷിച്ചിരുന്നു." ഇതിലെ 'ആ മധുരാംഗി'യെ മാരാർ 'വിശാലാക്ഷി'യാക്കി. 'മധുരാംഗി' മനസ്സിനെ മയക്കിക്കൊള്ളട്ടെ; കടാക്ഷിക്കുമ്പോഠം അവളുടെ കണ്ണുകഠം വിശാലങ്ങളാവുന്നതാണു് നല്ലതു് എന്നതാവാം മാരാരുടെ പക്ഷം—ഇതൊരു പ്രാഥമികമായ ഉപദേശമായി ആളുകഠംക്കു തോന്നാം. പക്ഷേ, ബുദ്ധിയുള്ള പലക്കും ഇതിൽനിന്നു മമ്മം മനസ്സിലാക്കാം. അങ്ങനെ മാരാർ എന്നെ 'മധുര'ത്തിൽനിന്നു 'വിശാലത'യിലേയ്ക്കു ചൂണ്ടി. മാരാരുടെ സരസ്വതി ഇങ്ങനെ തുലോം ബുദ്ധിമതിയാണു്. എപ്പോഴും വേണ്ടതേ ചെയ്യൂ. ഒരിക്കലും അവഠം ചുണ്ടത്തല്ലാതെ മൂക്കത്തു ചുംബിക്കുകയില്ല. കലാപരമാ

യും ആശയപരമായും മാരാർ എനിക്കൊരു വലക്കണ്ടോ യിട്ടാണു് അനുഭവപ്പെട്ടുപോന്നിട്ടുള്ളതു്.

മാരാരുടെ നേൎക്കു പലരും നെററി ചുളിക്കുന്നതു കണ്ടിട്ടുണ്ടു്. മാരാർ വിദഗ്ദ്ധനായ വിമൎശകനാണു്. ഒരു പുസ്തകം വായിച്ചാൽ അതിലെ ദോഷവും ഗുണവും ക്ഷണത്തിൽ മനസ്സിലാക്കാനുള്ള കഴിവു് അദ്ദേഹത്തിന്നുണ്ടു്. എന്നാൽ, അദ്ദേഹം ഒരു പക്ഷപാതിയാണു്. മാരാരുടെ പണ്ടത്തെ പല വിമൎശനങ്ങളിലും ഇതിൻെറ ചളിക്കട്ടകൾ കാണാം. പക്ഷേ, ഒന്നുണ്ടു്; ഒരിക്കലും മാരാർ സേവ പറയുകയില്ല. ഇതു ചെറുപ്പത്തിലേ ഉള്ള ഒരു ശീലമാണു്. കനകംകൊണ്ടു മൂടാം എന്നു പറഞ്ഞാലും മാരാരിൽ നിന്നു സേവപറയൽ പ്രതീക്ഷിക്കാൻ വയ്യ. ഇന്നും ആ വാടാമലർ മാരാരിൽ കാണാം.

മാരാർ സ്നേഹശീലനും 'ശുദ്ധാത്മാവു'മാണു്. താൻ സ്നേഹിക്കുന്ന, പൂജിക്കുന്ന, ആരാധിക്കുന്ന ഒരാളെക്കുറിച്ചു മൃദുവായ ഒരു വിമൎശനംപോലും അദ്ദേഹത്തിന്നു സഹിക്കാവതല്ല. അത്തരം സന്ദൎഭങ്ങളിൽ അദ്ദേഹം മണ്ണെണ്ണത്തുണി തീപ്പിടിക്കുംപോലെ ക്ഷോഭിച്ചാളും.

വള്ളത്തോൾ വന്നേരിയിൽനിന്നു താമസം മാററി; ഒപ്പം മാരാരും. കുറച്ചു കഴിഞ്ഞപ്പോൾ മാരാർ വള്ളത്തോളിൻെറ അരികത്തുനിന്നും വിട്ടുമാറി. ചുരുൾ നിവരാത്ത ഇലകളോടുകൂടി മാരാർ വള്ളത്തോളിൻെറ അരികത്തു വന്നു; കുലത്തുമ്പോടുകൂടി അവിടം വിട്ടു. അടിമുങ്ങാൻമാത്രം വെള്ളമുള്ള സാമൂഹ്യപ്രവൎത്തനത്തിൻെറ കൈത്തോട്ടിലൂടെ ഞാൻ ഒഴുക്കും ആഴവുമുള്ള ഒരാററുവക്കിലെത്തി. എനിക്കൊന്നനുഭവപ്പെട്ടു: 'ചൊട്ടവിദ്യ'കൊ

ണ്ടൊന്നും കാര്യം സാധിക്കുകയില്ല. അടിമത്തം, അന്ധ വിശ്വാസം, മർദ്ദനം, കഷ്ടപ്പാട് ഇവ സർവ്വത്ര കാണായി- ഇവയെ ചില ദുശ്ശക്തികൾ തങ്ങളുടെ 'റണ്ണിംഗ്' ക്യാപ്പിററലാ'യിപ്പോലും ഉപയോഗിക്കുന്നതു കാണായി! പൂണൂലും ലാത്തിയും തമ്മിൽ പുലബന്ധമുള്ളതുപോലെ തോന്നി. അങ്ങനെയാണ് പൂണൂലിന്നെതിരായി സമരംചെയ്ത ഞാൻ ലാത്തിയ്ക്കെതിരായ സമരനിരയിൽ വന്നെത്തിയതു്. കൊമ്പു വെട്ടിയതുകൊണ്ടു കാര്യമില്ല, മുരടറുത്താലേ മുഴുശ്ശാന്തി കൈവരൂ എന്നു് അനുഭവം എന്നെ ബോധപ്പെടുത്തി. സാമൂഹ്യപ്രവർത്തനങ്ങൾ അത്ര ആഭിജാത്യം കുറഞ്ഞ ജോലിയൊന്നുമല്ലെന്നു പറഞ്ഞു് എന്നെ അതിലേയ്ക്കു തിരിച്ചുവിട്ട മാരാരെ പിന്നെ ആ വഴിക്കൊന്നും ഞാൻ കാണുകയുണ്ടായില്ല.

പക്ഷേ, ഞാനതിൽ നൈരാശ്യപ്പെടുന്നില്ല. മാരാരുടെ തൂലികയിൽ മഷി ഉണങ്ങിക്കാണുകയുണ്ടായില്ലല്ലോ. അദ്ദേഹം തൻെറ സാഹിത്യപ്രവർത്തനം തുടൎന്നുപോന്നു. എന്നാൽ സുന്ദരവും സുശക്തവുമായ അദ്ദേഹത്തിൻെറ സാഹിത്യം കുറേക്കൂടി പുരോഗമനപരമായിരുന്നെങ്കിൽ എന്നൊരു കൊതി തോന്നുകയാണു്. വെറുതെയല്ല. അന്നു മാരാരുടെ ഇരിപ്പിടത്തേയും കിടപ്പിടത്തേയും വേദനാജനകമാംവണ്ണം അപമാനിച്ചതെന്തോ, അതു രൂപഭേദത്തോടുകൂടി ഇന്നും നമ്മുടെ ചുററും പതുങ്ങിനടക്കുന്നുണ്ടു്. മാരാരൊന്നു കൺമിഴിച്ചു നോക്കട്ടെ, അദ്ദേഹത്തിൻെറ കാഴ്ചയുള്ള കൺമുമ്പിൽ അതു തെളിഞ്ഞുകാണാതിരിക്കുകയില്ല.

## തിളങ്ങുന്ന ഒരാത്മാവ്

ഞങ്ങൾ മൂവരുംകൂടി—കെ. പി. ജോസഫ്, എരൂർ വാസുദേവ്, ഞാൻ—അന്നു പ്രഭാതത്തിൽ ആ നീളൻ കോലായിൽ—ആലുവായിൽനിന്നു പറവൂക്കുള്ള ട്രാൻസ്പോർട്ടുബസ്സിൽ—ചെന്നു കയറി. അതൊരു ചെറിയ വീട്ടുകോലായപോലെതന്നെ തോന്നി. അതിൻെറ ഒരു മൂക്കിൽനിന്നു കററക്കിടാവിൻെറ കളസ്വനം, മറെറാരു ദിക്കിൽനിന്നു വാൎദ്ധക്യത്തിൻെറ കുര, വേറൊരു ഭാഗത്തുനിന്നു നവയൌവനത്തിൻെറ നൎമ്മസംഭാഷണം—ഇതെല്ലാം കേൾക്കായി.

"പത്തു മിനിട്ടുകൂടി താമസമുണ്ടത്രേ ബസ്സു പുറപ്പെടാൻ. എം. ആർ. ബി. യ്ക്കൊന്നു വലിക്കണമോ?" പോക്കററിൽ കയ്യിട്ടുകൊണ്ടു വാസുദേവ് ചോദിച്ചു.

"വലിക്കണമെന്നില്ല. പക്ഷേ, ഒന്നു മുറുക്കാൻ തോന്നുന്നു."

"ഞാനിപ്പോ വാങ്ങിക്കൊണ്ടുവരാം." വാസുദേവ് എഴുന്നേററുപോയി. അദ്ദേഹം ഒരു പൊതിയുമായി മടങ്ങിവന്നു. നാടകകൎത്താവും നടനും 'ദീപം' പത്രാധിപസമിതിയിലെ ഒരംഗവുമായ അദ്ദേഹത്തിൻെറ നേക്കു ഞാൻ

നോക്കി. വളൎന്നുനില്ക്കുന്ന കറുത്ത രോമങ്ങൾ ആ സൌമ്യമുഖത്തു കരി പുരട്ടിയപോലെ തോന്നിച്ചു.

"വാസുദേവ് 'അയ്യപ്പ'നാവാൻ തുടങ്ങുകയാണോ?"

"ഏയ് അതൊന്നുമല്ല."

"പിന്നെന്തിനാ ബാർബർഷാപ്പിനെ പററിച്ചുകൊണ്ടു നടക്കുന്നതു്?"

അദ്ദേഹം മറുപടിയായി ഒന്നു പുഞ്ചിരിക്കൊണ്ടതേയുള്ളു. എന്നാൽ ആ പുഞ്ചിരിയിൽ ഇതു തെളിഞ്ഞുകാണായി: "ഞാൻ 'ദീപ'ത്തിലെ ഒരു തിരിനീട്ടുകാരനാണു്. മുഖത്തു കുറേശ്ശ മഷി പിടിച്ചുകാണും. സാരമില്ല."

ആ കോലായ അനങ്ങിത്തുടങ്ങി. തെളിവും ഉന്മേഷവുമുള്ള പ്രകൃതി. കൎക്കിടകത്തിൻെറ കറുപ്പു പോയി ചിങ്ങത്തിൻെറ കാഞ്ചനാഭ അവളുടെ കവിളിൽ കാണായി. പെരിയാറു് ഓളങ്ങളെക്കൊണ്ടു ഞെറിഞ്ഞുടുത്തു തെളിവേഷത്തിൽ, 'നേരം പോയ്, നേരം പോയ്' എന്ന ഗാനശകലം മൂളിക്കൊണ്ടു ധൃതിപിടിച്ചോട്ടകയാണു്. ചുററും എന്തൊരു മനോഹാരിത! മഴക്കാലത്തു നനഞ്ഞൊലിച്ചു കൂട്ടിൽത്തന്നെ ചൂളിപ്പിടിച്ചിരുന്ന മട്ടത്ത കണ്ണുകൾ പുലരിത്തുടപ്പണിഞ്ഞു നില്ക്കുന്ന പുതുകാഴ്ചകളിലേയ്ക്കു് ഓടിപ്പറക്കുകയായി. കാഴ്ക്കുലകളേന്തി കുനിഞ്ഞുനില്ക്കുന്ന വാഴത്തോട്ടങ്ങൾ, മററിനില്ക്കുന്ന മുളംകാടുകൾ, കാററത്താടാൻ തുടങ്ങിയ കവുങ്ങിൻതോപ്പുകൾ, 'താലീപീലി' കളിച്ചു കലമ്പൽകൂട്ടുന്ന കതിരണിപ്പാടങ്ങൾ, ചുകന്നതും വെളുത്തതുമായ ആമ്പൽപ്പൂക്കളുടെ പാതിയടഞ്ഞ ചെപ്പുകളിൽ സൂൎയ്യൻ വിതറുന്ന പൊൻപൊടികൾ സംഭരി

ച്ചനില്ക്കുന്ന കുളങ്ങൾ, ശംഖുപുഷ്പങ്ങളെക്കൊണ്ടും കോളാമ്പിപ്പൂക്കളെക്കൊണ്ടും വിലോഭനീയമാംവണ്ണം വിതാനിച്ച മുള്ളുവേലികൾ, ശക്കരയായൊരതിമധുരജന്മം കൊള്ളാൻ വെമ്പൽ പൂണ്ടുനില്ക്കുന്ന കരിമ്പിൻതോട്ടങ്ങൾ എന്നിങ്ങിനെ എല്ലാററിലും കടന്നുചെന്നു കണ്ണുകൾ കുത്തുമറിയുകയായി!

ഞങ്ങൾ പറവൂര് ചെന്നു ബസ്സിറങ്ങി തെക്കുഭാഗത്തേയ്ക്കു നടക്കുകയായി. മൂകാംബികാക്ഷേത്രപരിസരത്തിൽ ചെന്നപ്പോൾ ക. വി. പറഞ്ഞു: "ഈ ക്ഷേത്രത്തിനു ചില സവിശേഷതകളെല്ലാമുണ്ട്."

"നമുക്കു മടക്കത്തിൽ അമ്പലത്തിലൂടെ പോരാം."

ഞങ്ങൾ പിന്നെയും ശാന്തത താവിനില്ക്കുന്ന തനി നാട്ടിൻപുറത്തിലൂടെ അര നാഴികകൂടി നടന്നു. പാതയുടെ ഇടത്തുഭാഗത്തായി നിശ്ശബ്ദം നിലകൊള്ളുന്ന ആ കൊച്ചുവീടിൻെറ ഉമ്മറത്തേയ്ക്കു ഞങ്ങൾ ചെന്നു. മുററത്തു നട്ടുവളർത്തിയ ചെടികളുണ്ട്, വിവിധവണ്ണത്തിലുള്ള ഇലകളോടെ നില്ക്കുന്നു. സുഗന്ധമുള്ള പൂക്കളൊന്നും വിരിഞ്ഞുകണ്ടില്ല. അദ്ദേഹം വീടിൻെറ തെക്കുഭാഗമിരുന്നു തൻെറ പേന കഴുകുകയാണ്. ഞങ്ങളെക്കണ്ടപ്പോൾ പറഞ്ഞു: "ഞാനിതാ, വരുന്നു. ഇരിയ്ക്കണം."

അദ്ദേഹമതാ വരുന്നു: നട്ടു വളഞ്ഞു, വെളുത്തു നന്നെ കൃശമായ ശരീരം, ശാന്തവും പുഞ്ചിരികൊള്ളുന്നതുമായ മുഖം, വളർന്ന് അരവരെ തൂങ്ങിക്കിടപ്പുള്ള വെളുത്ത താടി, വരയുള്ള നീലഷട്ട്, ഒരു കയ്യിൽ ഫൌണ്ടൻപെന്നിൻെറ കഴുത്ത്, മറേറതിൽ അതിൻെറ ഉടൽ—ഇങ്ങി

നെ എ. ബാലകൃഷ്ണപിള്ളയതാ വരുന്നു. വന്ന ഉടനെ ആ വലിയ ചൂരൽച്ചാരുകസേലയിൽ അദ്ദേഹമിരുന്നു. എഴുത്തുകാരനും അവിടെ നിത്യനുമായ ക. പി. അദ്ദേഹത്തിന്നു ഞങ്ങളെ പരിചയപ്പെടുത്തി. അഞ്ചാറു കൊല്ലം മുമ്പു് ഒരു വൈകുന്നേരം അരമണിക്കൂർനേരം ബാലകൃഷ്ണപിള്ളസ്സാറുമായി ഞാൻ സംസാരിക്കുകയുണ്ടായിട്ടുണ്ടു്. ഞാനതു് ഓർമ്മപ്പെടുത്തി: "മററത്തുവെച്ചല്ലേ സംസാരിച്ചതു്? ഞാനോർമ്മിക്കുന്നുണ്ടു്." അദ്ദേഹം പറഞ്ഞു: "ഈ കസാലയിലേക്കു മാറി സുഖമായിരിക്കു."

ഞാനാ മുറിയിലൊന്നു കണ്ണോടിച്ചു. അദ്ദേഹത്തിനഭിമുഖമായി ചുമരിൻെറ അരുകിൽ പീഠത്തിന്മേൽ ഒരു സ്ത്രീയുടേയും പുരുഷൻെറയും ഫോട്ടോ ചില്ലിട്ടു മാല ചാർത്തി വെച്ചിരിക്കുന്നു. പുരുഷൻ വിശ്വാമിത്രനാണു്; സ്ത്രീയോ മേനകയും! വിശ്വാമിത്രൻെറ മുഖത്തു് ഒരു മഹർഷിയുടെ വററിയ ഭാവമല്ല, ഒരു മനുഷ്യൻെറ തുളുമ്പി നില്ക്കുന്ന സുന്ദരഭാവമത്രേ കാണായതു്. മേനകയിലോ? ഇരുന്നിരുന്നു വൃഥാ ഇതൾ വാടി കൊഴിയ്ക്കാതെ, ഇത്തിരി തേനുള്ളതു വേഗം നുകരാൻ വരു എന്ന ആ മധുര ഭാവവും!

ഞങ്ങൾ സംസാരിക്കാൻ തുടങ്ങി. ഭാഷാസാഹിത്യചരിത്രഗവേഷണത്തെപ്പററി, സാഹിത്യത്തിലെ സ്തംഭനത്തെപ്പററി, ശാശ്വതമൂല്യങ്ങളെപ്പററി, മിസ്റ്റിസിസത്തെപ്പററി, അവതാരങ്ങളെപ്പററി, പ്രളയത്തെപ്പററി— ഇങ്ങിനെ പലതിനെപ്പററിയും സംസാരിച്ചു. വലിയൊരു നിഘണ്ടുവെടുത്തു മലർത്തിനോക്കിയാലത്തെ അനുഭവമത്രേ

അദ്ദേഹവുമായി സംസാരിക്കുമ്പോൾ നമുക്കുണ്ടാവുന്നതു്! നമ്മൾ കേൾക്കാത്തതും കാണാത്തതും അനുഭവിച്ചിട്ടില്ലാത്തതുമായ പലതും അദ്ദേഹത്തിൻെറ സംഭാഷണങ്ങളിലൂടെ പതുക്കെ ഒഴുകിവന്നു നമ്മെ അറിവുകളിലേയ്ക്കും അനന്തംവിടലുകളിലേയ്ക്കും കൊണ്ടുചെന്നാക്കും.

ഒരു പന്തീരാണ്ടു കഴിഞ്ഞു, അദ്ദേഹം പറവൂരു വന്നു താമസം തുടങ്ങിയിട്ടു്. പുറത്തിറങ്ങാൻ വയ്യ. തൻെറ ചുററും നാട്ടിൽ നടക്കുന്ന സംഭവങ്ങളുടെ ചൂടു വർത്തമാനപത്രങ്ങളിലൂടെയാണു് അദ്ദേഹം ഉൾക്കൊണ്ടുപോരുന്നതു്. അതുകൊണ്ടാവാം, അനുഭവങ്ങളിലൂടെയുള്ളതിനേക്കാളേറെ വായനയിലൂടെയുള്ള അറിവു് അദ്ദേഹത്തിൽ കൂടുതൽ കാണുന്നതു്. എന്തൊരു വായിച്ചറിവു്! വിവിധങ്ങളായ വിഷയങ്ങളിലേയ്ക്കു വെളിച്ചം വീശുന്ന ആ അറയുടെ ഉമ്മറത്തിരിക്കുക എന്നതു് ഒരിക്കലും നമുക്കു് അസുഖകരമായ ഒന്നല്ല.

അദ്ദേഹവും പൊതുപ്രക്ഷോഭങ്ങളിലൂടെ വളൎന്നുവന്ന അന്നത്തെ വിപ്ലവകാരികളിൽ ഒരാളായിരുന്നു. കെ. പി. കേശവമേനോൻ, ടി. കെ. മാധവൻ തുടങ്ങിയ കേളികേട്ട ദേശാഭിമാനികളുടെ നേതൃത്വത്തിലും ഉത്സാഹത്തിലും നടന്ന വൈക്കംസത്യാഗ്രഹത്തെ അദ്ദേഹവും തൻെറ 'സമദൎശി'യിലൂടെ യഥാശക്തി സഹായിച്ചുപോന്നിരുന്നു. അന്നു സത്യാഗ്രഹികളുടെ കണ്ണിൽ ചുണ്ണാമ്പു നിറച്ച ആ കാട്ടാളോചിതമായ മൎദ്ദനസമ്പ്രദായത്തെ 'സമദൎശി' കൎശനമായി തുറന്നുകാട്ടുകയും വിമൎശിക്കുകയുമുണ്ടായിട്ടുണ്ടു്. 'അമ്പോ വില്ലാളിയോ' എന്ന ലേഖനത്തിൽ,

ഈ മട്ടിനനടപടിയിൽ ഉദ്യോഗസ്ഥന്മാരെക്കാളേറെ കു റെക്കാരൻ ശ്രീമൂലംതിരുനാൾ പൊന്നുതമ്പുരാനാണെന്നു തുലോം വിദഗ്ദ്ധമായി അദ്ദേഹം സമത്ഥിച്ചിരിക്കുന്നു. അ മ്പല്ല, വില്ലാളിയാണു് ഈ ഹീനപ്രവൃത്തിക്കു് ഉത്തരം പ റയേണ്ടതെന്നാണു് ബാലകൃഷ്ണപിള്ളയുടെ പക്ഷം. തിരു വിതാംകൂറിൻെറ ഹൃദയത്തിൽ കട്ടപിടിച്ചുനിന്നിരുന്ന 'പൊന്നുതമ്പുരാൻ'കമ്പം ചുരണ്ടി അടത്തിക്കളഞ്ഞതു 'ബാലകൃഷ്ണപിള്ളയുടെ മൂച്ചയുള്ള തൂലികയത്രേ. ഇങ്ങനെ ചിലതു പറയുമ്പോൾ പരേതനായ കെ. രാമകൃഷ്ണപിള്ള യുടെ ധീരമുഖം കാണാതെ വയ്യ. അദ്ദേഹമാകട്ടെ, ഉ ദ്യോഗസ്ഥന്മാരുടെ അഴിമതികളുടെ നേക്കാണു് തൻെറ തൂലിക എപ്പോഴും ചാട്ടിയിരുന്നതു്. രാജസേവയുടെ മ റവിൽ നിന്നുകൊണ്ടു് ഉദ്യോഗസ്ഥന്മാർ അന്നു നടത്തിവ ന്നിരുന്ന കഠിനതകളെ ദയയില്ലാതെ രാമകൃഷ്ണപിള്ള തു റന്നുകാട്ടി. എന്നാൽ ബാലകൃഷ്ണപിള്ളയുടെ കാലമായ പ്പോഴയ്ക്കും മനുഷ്യൻ കുറേക്കൂടി മുതിന്നു. അവൻെറ കാഴ്ച കുറേക്കൂടി അഗാധതയിലേയ്ക്കു ചെന്നു. ഉദ്യോഗസ്ഥന്മാർ വെറും'അമ്പു'മാത്രമാണു്; വില്ലാളിയായ രാജാവിനെയാ ണു് കൂട്ടിൽ കയറേണ്ടതെന്നേടത്തോളം അദ്ദേഹത്തി ൻെറ കാഴ്ച ചെന്നു. അദ്ദേഹം രാജാധിപത്യത്തെ എതി ത്തുപോന്നു, ഒററയ്ക്കു്! പിന്നിൽ സംഘടനകളുടെ സാ ഹായ്യമില്ലാതെ രാജാധിപത്യത്തെ ഒററയ്ക്കെതിക്കുക എ ന്നതു ചില്ലറ കാര്യമല്ല. എങ്കിലും, അദ്ദേഹം അതു ധീര തയോടെ ചെയ്തുപോന്നു. അതിന്നു് അദ്ദേഹത്തെ രാജാ ധിപത്യം നാടുകടത്തി, നായാടി. അദ്ദേഹത്തിൻെറ സ

മരായുധങ്ങൾ കൊള്ളചെയ്യുകയും കണ്ടുകെട്ടുകയും ചെയ്തു. എന്നിട്ടും അദ്ദേഹം ആ സംഹാരശക്തിയുടെ മുമ്പിൽ തല കുനിച്ചില്ല.

രാജാധിപത്യത്തെമാത്രം എതിർത്താൽ പോരാ, അതിനെ തടം പിടിച്ചു തണ്ണീരൊഴിച്ചു തഴപ്പിക്കുന്ന മുതലാളിത്തത്തേയും ജന്മിത്തത്തേയും കടപുഴക്കിയേ‌ഇരിക്കപ്പൊറുതിയുള്ളൂ എന്നേടത്തോളം മനുഷ്യനിന്നു വളൎന്നിരിക്കുന്നു. ഈ ചിന്താഗതി മുളയിടാൻ തുടങ്ങിയപ്പോഴേയ്ക്കും ബാലകൃഷ്ണപിള്ള രംഗത്തിൽനിന്നു മറയാൻ നിർബ്ബദ്ധനായി. എങ്കിലും, ചിന്താമണ്ഡലത്തിലെ ഒരു കൊടുങ്കാറ്റെന്ന നിലയിൽ നമുക്കദ്ദേഹത്തെ കാണാതിരിക്കാൻ വയ്യ.

ഇന്നു് ആ കൊടുങ്കാററു പാറപ്പുറമുള്ള ആ കൊച്ചുവീട്ടിൽ ശാന്തതയോടെ അടങ്ങി വാഴുകയാണു്. എന്തൊരു ശാന്തതയാണു് വീട്ടിൽ! ഒരു കളസ്വനമോ തളക്കിലുക്കമോപോലും ഓടിവന്നു ഭഞ്ജിക്കാത്ത ശാന്തത!

ഗവേഷണത്തിലാണു് അദ്ദേഹത്തിന്നു കൂടുതൽ താല്പര്യമെന്നു തോന്നി. വിശേഷിച്ചും ഭാഷാസാഹിത്യചരിത്രഗവേഷണത്തിൽ. ഇന്നും കാണെക്കാണെ ക്ഷീണിച്ചുവരുന്ന ആ ഗവേഷണത്തിലൂടെയാണു് അദ്ദേഹത്തിൻെറ സഞ്ചാരം. ജീവിതം മുഴുക്കെ ഗവേഷണങ്ങൾക്കായി, പുതിയ അറിവുകൾ തേടിപ്പിടിക്കുന്നതിന്നായി, നീക്കിവെയ്ക്കുക! ഇതു് അല്പം ചില ഭാഗ്യവാന്മാൎക്കേ കഴിയൂ.

ശാശ്വതമൂല്യങ്ങളുണ്ടെന്ന വാദം വെറും കമ്പമാണെന്നാണു് അദ്ദേഹം പറഞ്ഞതു്. "പ്രപഞ്ചത്തിലെ സകലതും മാറിക്കൊണ്ടിരിക്കുന്നു. പിന്നെ, അതിൽ ജീ

വിക്കുന്ന മനുഷ്യനുമാത്രം മാററത്തിൽനിന്നൊഴിഞ്ഞുനില്ക്കാൻ പററുമോ? ഇല്ല, മനുഷ്യനും മാറുന്നു—അവൻെറ സമ്പ്രദായങ്ങളും ആചാരങ്ങളും സ്വഭാവങ്ങളും എല്ലാം! കണ്ണിൽപ്പെട്ട യുവതിയുമായി ഇണചേൎന്നു രമിക്കുകയും ഒടുവിൽ അവളെ കൊന്നു തിന്നുകയും ചെയ്യുക എന്നതായിരുന്നുപോൽ പണ്ടത്തെ മനുഷ്യരുടെ നല്ല സമ്പ്രദായം! അതിൽനിന്നു നാം ഇന്നെവിടെ എത്തിയിരിക്കുന്നുവെന്നു ഞാനെന്തിന്നു വിവരിക്കണം?"

അദ്ദേഹത്തിന്നു ജ്യോതിഷത്തിൽ ജ്ഞാനമുണ്ടു്. പക്ഷേ, അതിൽ വിശ്വാസമില്ലെന്നാണു് പറഞ്ഞതു്.

വെറുതെയിരിക്കാൻ വയ്യ അദ്ദേഹത്തിന്നു്. എന്തെങ്കിലും ഒന്നു ചെയ്തുകൊണ്ടിരിക്കണം. കൈകൾക്കെഴുതുവാൻപോലും കെല്പില്ലെങ്കിലും, ഭാഷാസാഹിത്യചരിത്രത്തെപ്പററി ഒരു പുസ്തകം എഴുതിവരുന്നുണ്ടു്. അദ്ദേഹം പറഞ്ഞുകൊടുക്കും, അദ്ദേഹത്തിൻെറ രണ്ടു സുഹൃത്തുക്കൾ അതു പകൎത്തും. ഇങ്ങനെയാണു് പുസ്തകമെഴുത്തു തുടൎന്നു പോകുന്നതു്. "എഴുത്തു നിറുത്തു" എന്നു കൂടക്കൂടെ രോഗം നിരോധിക്കുന്നുണ്ടെങ്കിലും അതു കണ്ട ഭാവം അദ്ദേഹത്തിന്നില്ല. നിരോധനാജ്ഞ പണ്ടേതന്നെ അദ്ദേഹത്തിന്നു പുല്ലാണല്ലോ.

അദ്ദേഹം പറഞ്ഞു: "എനിക്കു സ്വത്തില്ല, കുട്ടികളില്ല, ഒന്നുമില്ല. ഞാനുണ്ടു്, ഭാൎയ്യുണ്ടു്, ഭാൎയ്യയുടെ അമ്മേണ്ടു്. ഞങ്ങളിവിടെ ജീവിക്കുന്നു. ഇപ്പോൾ കൂടുതൽ ചിലവുണ്ടു്, മരുന്നു വാങ്ങാൻ."

"പുസ്തകങ്ങളിൽനിന്നുള്ള വരവു് എങ്ങിനെയുണ്ടു്?"

"ഓ, അതു സാരമില്ല. ഭാര്യയുടെയാണു് ഈ പുര യും സ്വത്തുക്കളുമെല്ലാം. അതുകൊണ്ടാണു് കഴിഞ്ഞുകൂട ന്നതു്. ലേഖനങ്ങൾ എഴുതൽ ഞാൻ നിർത്തിയിരിക്കുന്നു. ഇനി കഴികയില്ല."

"പണത്തിന്നു കൂടുതൽ ചിലവുണ്ടു് എന്നു പറഞ്ഞ ല്ലോ. സംഭാവനകൾ സ്വീകരിക്കാൻ വിരോധമുണ്ടോ? എ ന്റെ ചില സുഹൃത്തുക്കൾ സഹായിക്കാൻ തയ്യാറുണ്ടു്."

"ഇല്ല. സംഭാവനകൾ സ്വീകരിക്കുന്നതു ചീത്തയാ ണു്. 'നശിച്ചുപോകട്ടെ' എന്ന എന്തോ ഒന്നതിലുണ്ടു്. ഈ സ്വത്തുകൊണ്ടും പുസ്തകത്തിൽനിന്നു കിട്ടുന്ന വരവു കൊണ്ടും കഷ്ടിച്ചു കഴിഞ്ഞുകൂടാം. അതു മതി."

അദ്ദേഹം വീണ്ടും പറഞ്ഞു: "പ്രവൃത്തിക്കു കൂലിയാ യി പണം വാങ്ങാം. വെറുതെ വയ്യ."

സംഭാവന വാങ്ങരുതു്, കൊടുക്കുകയുമരുതു്—വാങ്ങു ന്ന കയ്യിന്നെന്നപോലെ കൊടുക്കുന്ന കയ്യിന്നും തട്ടിപ്പറ യുടെ കൂർത്ത നഖങ്ങളുണ്ടു് എന്നാവാം ബാലകൃഷ്ണപിള്ള ടെ അഭിപ്രായം.

ഏതായാലും കരിഞ്ചന്ത ചെയ്തും കൈക്കൂലി വാങ്ങി യും കയ്യറപ്പു തീർന്ന 'മാന്യ'ന്മാരുടെയിടയിൽ ഇത്തര തിളങ്ങുന്ന മനുഷ്യാത്മാക്കളുമുണ്ടല്ലോ എന്നോർത്തപ്പോൾ ഉടലാകെ കോരിത്തരിച്ചുപോയി.

മൂന്നു മണിക്കൂറോളം ഞങ്ങൾ അദ്ദേഹവുമായി സം സാരിച്ചു. പിന്നേയും സംസാരിച്ചിരിക്കാൻ തോന്നി. പ

ക്ഷേ അങ്ങനെ ചെയ്യുന്നതു് അദ്ദേഹത്തെ അലട്ടലും അദ്ദേഹത്തിൻെറ സമയത്തെ അപഹരിക്കലുമാകുമല്ലോ. ഞങ്ങൾ അടുത്തു കണ്ടുകൊള്ളാം എന്നു പറഞ്ഞു യാത്ര പുറപ്പെട്ടു. ഞങ്ങൾ അദ്ദേഹത്തെ തൊഴുതു; അദ്ദേഹമിങ്ങോ ം. സംഭാവന വാങ്ങാൻപോലും മടി പൂണ്ടു കൂമ്പിനില്ക്കുന്ന ആ തൊഴുകൈമൊട്ടു് എന്നിലിപ്പോഴും പൊന്തിനില്ക്കുന്നു.

ഞങ്ങൾ മടങ്ങുംവഴി മൂകാംബികാക്ഷേത്രത്തിൽ പോയി. സാക്ഷാൽ മൂകാംബികാക്ഷേത്രത്തിൻെറ ഒരു 'പോക്കററു്എഡിഷ'നത്രേ പ്രസ്തുതക്ഷേത്രം. ഞങ്ങൾ മതിലിനകത്തു കടന്നു് എല്ലാം കണ്ടു. ശ്രീകോവിൽമാത്രം തുറന്നു കാണാൻ സൌകര്യപ്പെട്ടില്ല. പുറവും സിമൻറുകൊണ്ടു പടുത്തു കെട്ടിയ സാമാന്യം വലിയ ഒരു കുളത്തിൻെറ നടുക്കാണു് ശ്രീകോവിൽ നിർമ്മിച്ച രസികത്തിയും ബുധിമതിയുമായ ദേവി—സരസ്വതി—താമസിക്കുന്നതു്. കുത്തിൽ എത്തു് അററ വേനല്ക്കാലത്തും ഒരാൾക്കു വെള്ളം ണ്ടായിരിക്കുമത്രേ. ഉഷഃപൂജസ്സും ഉച്ചപ്പൂജസ്സുമെല്ലാം നിപദ്യം മററുള്ള അമ്പലങ്ങളിലേതുപോലെതന്നെ. എന്നാൽ അത്താഴപ്പൂജസ്സു് അങ്ങനെയല്ല. ഗോതമ്പപ്പം, ഉന്നുവട മുതലായ ചില ലഘുവിഭവങ്ങളാണു്. ഉഴുന്നുവടയും ഗോതമ്പപ്പവും തിന്നുന്ന ഈശ്വരന്മാരെപ്പററിയും ഈശ്വരിമാരെപ്പററിയും മലബാറിലെ അമ്പലങ്ങളിലുള്ള ആഭിജാത്യം തികഞ്ഞ ഈശ്വരന്മാക്കും ഈശ്വരിമാക്കും വലിയ മതിപ്പുണ്ടാകുവാൻ തരമില്ല. ഇവർ അവരുടെ കണ്ണിൽ ചില 'ഇടശ്ശൂദ്ധ'ക്കാർ മാത്രമായിരിക്കും.

അത്താഴപ്പൂജ കഴിഞ്ഞാൽ ജാതിക്ക തുടങ്ങി ചില മരുന്നുകളിട്ട കഷായം കഴിച്ചേ ദേവിക്കു 'പള്ളിക്കുറുപ്പു' ള്ളൂ. ദേവിക്കു് അജീർണ്ണം വന്നെങ്കിലോ എന്ന ഭയമാണു്. ഉച്ചയ്ക്കുള്ള ഉണക്കച്ചോറും മററു വഴിപാടുസാധനങ്ങളും ദഹിക്കാതെ വന്നാലോ! സൂക്ഷിക്കുന്നതു നന്നു്. ജലാശയത്തിൻെറ നടുവിൽ കുളിർകാററുമേററു 'ത്രിമധുര'വും അപ്പവും തിന്നുകൊണ്ടു വാഴുന്ന ദേവി രസികത്തിയും സുഖിതയുംതന്നെ. അതേ, രാജപ്രമുഖൻെറ താവഴിക്കാരിതന്നെ!

ഞങ്ങൾ കവലയിൽ വന്നു ബസ്സുംകാത്തിരിപ്പായി. അപ്പോഴുണ്ടു് നീലകണ്ഠൻ—ഒരു മണിക്കാള—സഗൌരവം നടന്നുവരുന്നു. അവനിൽ മനുഷ്യഗന്ധമുള്ള ചില ശീലങ്ങളും സമ്പ്രദായങ്ങളുമുണ്ടു്. അതുകൊണ്ടു് അവൻെറ നേക്കു മുഷിച്ചിൽ തോന്നണമെന്നില്ല. നമുക്കുമുണ്ടല്ലോ അവൻെറ ഗന്ധമുള്ള ചില ശീലങ്ങളും സമ്പ്രദായങ്ങളും!

അവൻ 'പെരുവാര' അമ്പലത്തിലെ മണിക്കാളയാണു്. നല്ല കൃത്യനിഷ്ഠ. രാവിലെ ആറുമണിയടിച്ചാൽ അമ്പലത്തിൽ വരും. ഉണക്കലരിക്കാടി വയറു നിറയെ കഴിക്കും. കാപ്പി കഴിഞ്ഞാലുടനെ രാജ്യഭരണത്തിലേപ്പെടുകയായി. കൂട്ടത്തിൽ സുന്ദരിമാരൊന്നിച്ചു വിനോദിക്കലുമുണ്ടു്. പന്ത്രണ്ടു മണിയടിച്ചാൽ വീണ്ടും അമ്പലത്തിൽ വരും. 'നേദ്യ'ച്ചോറുണ്ടു പോരും. നഗരത്തിൻെറ അധിപതി താനാണെന്ന ഒരു തോന്നൽ അവനിൽ എങ്ങിനേയോ കടന്നുകൂടിയിട്ടുണ്ടു്. എല്ലാവരും തന്നെ കുറഞ്ഞോ

നു ബഹുമാനിച്ചേയ്ക്കണം. ഇല്ലെങ്കിൽ അവൻ ചില കുട്ടിക്കുറുമ്പുകൾ കാണിക്കും. പുല്ലും വൈക്കോലും വില്പനയ്ക്കു കൊണ്ടുവരുന്നവർ അവനെ കാണണം. ഒരു പിടി പുല്ലോ വൈക്കോലോ അവന്നിട്ടുകൊടുക്കണം. ഈ 'തരക്' കിട്ടാഞ്ഞാൽ അവൻ മേല്ക്കിട്ടു കയറും. ചുകപ്പുതൊപ്പിയിട്ട പോലീസുകാരെ അവന്നു കണ്ണിന്നുനേരെ കണ്ടുകൂടാ. പോലീസുകാർ അവന്റെ നിഴൽ കണ്ടാൽ മതി, തൊപ്പിയെടുത്തു കക്ഷത്തു വെയ്ക്കാൻ! കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു പണ്ഡിററ് ജവഹർലാൽ നെഹ്റു പറവൂരിൽ വന്നിരുന്ന ദിവസം നേരത്തെ നീലകണ്ഠൻ റോട്ടിൽ കവാത്തു ചെയ്യുകയായിരുന്നുവത്രേ. ഒരൊററ പൊല്ലീസുകാരനും അവനെ പേടിച്ച് അങ്ങോട്ടു സ്മരിച്ചിരുന്നില്ല. പിന്നെ എങ്ങിനെയോ പലരുംകൂടി ആട്ടിത്തെളിച്ച് അവനെ ഒരു മതില്ക്കകത്താക്കി പൂട്ടുകയാണത്രേ ഉണ്ടായത്. അവന്നു പ്രതികാരബുദ്ധിയുണ്ട്. വെറുതെ ഇങ്ങോട്ടു കടന്നുപദ്രവിക്കുന്നവരെ തഞ്ചം കിട്ടുമ്പോൾ അവൻ തകർക്കാൻ നോക്കും. കുറച്ചു മുമ്പ് ഒരു നാൾ അവൻ പാതവക്കത്ത് അയവിറക്കിക്കൊണ്ട് ആഹ്ലാദലഹരിയിൽ കിടക്കുകയായിരുന്നു. ഒരു മാന്യൻ അതിലൂടെ പോകുമ്പോൾ, വെറുതെ വടിയെടുത്ത് അവനെ ഒരടി. അവൻ അപ്പോൾ ഭാവം മാറിയില്ല. കൺചിമ്മിക്കൊണ്ട് അവനതു സഹിച്ചു. ഇതു കഴിഞ്ഞു പിറേറന്നാളാണെന്നു തോന്നുന്നു, ആ മാന്യൻ ബസ്സു കാത്തു നില്ക്കുകയാണ്. നീലകണ്ഠൻ പതുക്കെ പിന്നിലൂടെ ചെന്ന് അയാളെ കുത്തിമറിച്ചിട്ടു. അതും കഴിഞ്ഞു തന്റെ പാട്ടിനൊരു നട! ഇ

ങ്ങനെ ഒരു 'നരമൃഗ'മായി അവിടെ നാടുവാഴുകയാ-
വൻ.

ബസ്സു വന്നു. ഞങ്ങളതിൽ കയറി. ഞാനാ 'നരമൃ
ഗ'ത്തിനെ ഒന്നുകൂടി നോക്കി. അവനെന്തോ പരിപാടി
കളോടെ നടക്കുകയാണു്.

മനുഷ്യത്വത്തിൻെറ മാററുള്ള സ്വപ്നം കണ്ടു മടങ്ങു
കയല്ലേ നിങ്ങൾ? അപ്പോൾ മൃഗത്വത്തിൻെറ മാററുള്ള
ചിലതുകൂടി മനസ്സിലാക്കിക്കൊണ്ടു മടങ്ങിക്കോളു എന്നാ
വാം സംഭവഗതിയുടെ ഇച്ഛ!

288018
927
32K11

UNIVERSITY LIBRARY
29 OCT 1974
MADRAS

MUL
288018

12 DEC 1960
VB
23/3/87